# സഖാവ്
മാസിക

പുസ്തകം 14
ലക്കം 3
2023 മാർച്ച്
വില ₹20

സിപിഐ(എം.എൽ.)
മുഖപത്രം



**Sagavu Magazine**
Owned, Printed &
Published by
K. Sivaraman
Kunnambath House
Krishnapuram, Green Park
P.O. Ollukkara,
Thrissur, Kerala - 680 655

*Editor*
M P Kunhikanaran

*Managing Editor*
T.C. Subrahmanyan



*Editorial Board*
M.K.Dasan
P.N. Provint
K.V. Prakash



Manager
Sagavu
Ambles,2nd Floor, Amulya Street
Banarjee Road, Kochi - 682018
Phone : 9447607290
94471 53507
email : sakhavumonthly@gmail.com
cpimlkerala@gmail.com
website : www.cpimlredstarkerala.com

*Layout & Cover :*
Suresh Janardhanan

*Printing :*
Cherrys Printers,
LFC Road, Kaloor, Kochi
Kerala -687017, India


## ഉള്ളടക്കം


**മുഖപ്രസംഗം** 4

പി.ജെ. ജെയിംസ്
**ധാരാവി– ഏഷ്യയിലെ ഏറ്റവും വലിയ ചേരി**
**അദാനി കയ്യടക്കുന്നുവോ?** 5

പുരുഷൻ ഏലൂർ
**അഗ്നിബാധ നിത്യസംഭവമാകുന്ന കൊച്ചി** 11

**സിപിഐ(എംഎൽ) റെഡ്സ്റ്റാർ രാഷ്ട്രീയപ്രമേയം** 15

ടി.സി. സുബ്രഹ്മണ്യൻ
**ജനകീയ പ്രതിരോധ ജാഥയും സിപിഎമ്മും** 19

**ചോദ്യോത്തരപംക്തി** 22

ടി. നാരായണൻ വട്ടോളി
**STARS സ്വകാര്യവൽക്കരണത്തിനുള്ള**
**നവലിബറൽ രൂപരേഖ** 24

ഭാസ്കരൻ പിള്ളേരിക്കണ്ടി
**വർത്തമാന ഇന്ത്യയും**
**സാംസ്ക്കാരിക മേഖലയും** 30

**സംഘടനാവാർത്തകൾ**

# ബ്രഹ്മപുരത്ത് എരിഞ്ഞുതീരുന്നത് ജനങ്ങളുടെ ശ്വാസകോശം

ഇതെഴുതുമ്പോഴും എറണാകുളം നഗരം പ്ലാസ്റ്റിക് കത്തിയെരിഞ്ഞ വിഷപ്പുകയിലാണ്. 1984 ഡിസംബർ 2,3 തീയ്യതികളിലായി ഭോപ്പാലിൽ നടന്ന വിഷവാതക കൂട്ടക്കൊലക്ക് സമാനമായ ദുരന്തത്തിലേക്കാണ് മാലിന്യ സംസ്കരണ കരാറുകാരൻ എറണാകുളത്തെ തള്ളിവിടുന്നത്. കരാറവസാനിച്ചതിനാൽ കോടികളുടെ ദുരന്തനിവാരണ തുക മാനദണ്ഡങ്ങൾക്ക് വിധേയമാക്കാതെ ചെലവഴിക്കുന്നതിനും കരാർ സ്വന്തം വരുതിയിൽ ആക്കുന്നതിനും ഉദ്യോഗസ്ഥരാഷ്ട്രീയ നേതൃത്വങ്ങളുമായുള്ള അവിശുദ്ധ ബാന്ധവമാണ് കഴിഞ്ഞ വർഷത്തേതുപോലെ ഇത്തവണയും പ്ലാസ്റ്റിക് മാലിന്യത്തിന് തീയിടാൻ കരാറുകാരനെ പ്രേരിപ്പിക്കുന്ന ഘടകം.


അമേരിക്കൻ രാസവ്യവസായഭീമനായ യൂണിയൻ കാർബൈഡ് കമ്പനിയുടെ ഇന്ത്യയിലെ ഭോപ്പാലിലുണ്ടായിരുന്ന കീടനാശിനി നിർമ്മാണശാലയിലെ വ്യാവസായിക ദുരന്തമാണ് ഭോപ്പാൽ ദുരന്തം എന്ന് അറിയപ്പെടുന്നത്. പ്രവർത്തനം ആരംഭിച്ച് എട്ടാമത്തെ വർഷം 1984 ഡിസംബർ 2 ന് 42 ടൺ മീഥൈൽ ഐസോസയനേറ്റ് ശേഖരിച്ച ടാങ്കിൽ വെള്ളം കയറുകയും പിന്നീട് നടന്ന രാസപ്രവർത്തനങ്ങളുടെ ഫലമായി ടാങ്കിനുള്ളിലെ താപനില 200 ഡിഗ്രി സെൽഷ്യസിന് മുകളിലെത്തുകയും ചെയ്തു. ഫോസ്ജീൻ, ഹൈഡ്രജൻ സയനൈഡ്, കാർബൺ മോണോക്സൈഡ്, നൈട്രജൻ ഓക്സൈഡുകൾ എന്നീ വിഷവാതകമിശ്രിതങ്ങളും മീഥൈൽ ഐസോസയനേറ്റും അന്തരീക്ഷത്തിലേയ്ക്ക് വ്യാപിച്ചു.

കാറ്റിന്റ ദിശയ്ക്കനുസരിച്ച് വാതകം ഭോപ്പാൽ നഗരത്തിലുടനീളം അലയടിക്കുകയും 16000 നും 30000 നും ഇടയിൽ ആൾക്കാർ കൊല്ലപ്പെടുകയും ചെയ്തു. 2 ലക്ഷത്തിൽപ്പരം ആൾക്കാരെ നിത്യരോഗികളാക്കിയ ഈ ദുരന്തം വിട്ടുമാറാത്ത ചുമ, കാഴ്ചതടസ്സം, കുട്ടികളിലെ തിമിരം, കാൻസർ, ക്ഷയം, തളർച്ച, വിഷാദം, പനി എന്നിവ ജീവിച്ചിരിക്കുന്നവർക്ക് നൽകി. ദുരന്തത്തിന്റെ പരിണതഫലങ്ങൾ ഇപ്പോഴും അലയടിക്കുന്നു. 5 ലക്ഷത്തിലധികം മനുഷ്യരെ ബാധിച്ചു. ഔദ്യോഗിക കണക്കുകൾ പ്രകാരം ചോർച്ചയുണ്ടായ ഉടനെ 2,259 പേർ മരിച്ചു. രണ്ടാഴ്ചക്കകം 8,000–ൽ അധികം ആളുകൾ മരിച്ചതായി കണക്കാക്കപ്പെടുന്നു. ലോകത്തിലെ ഏറ്റവും ദാരുണമായ വ്യാവസായിക ദുരന്തമായി ഭോപ്പാൽ ദുരന്തം കണക്കാക്കപ്പെടുന്നു. ഗ്ലോബൽ ടോക്സിക് ഹോട്ട് സ്പോട്ട് എന്നാണ് ഗ്രീൻ പീസ് പ്രസ്ഥാനം ഭോപ്പാലിനെ വിളിക്കുന്നത്.

ഭോപ്പാൽ ദുരന്തം മൂലം രോഗികളായിത്തീർന്നവരെ ചികിത്സിക്കുന്നതിനുള്ള അന്താരാഷ്ട്ര മെഡിക്കൽ കമ്മീഷൻ 1993–ൽ നിലവിൽ വന്നു. 2010 ജൂണിൽ മുൻ യു.സി.ഐ.എൽ ചെയർമാൻ വാറൺ ആൻഡേഴ്സൺ അടക്കം ഏഴ് ജോലിക്കാരെ കുറ്റവാളികളായി കോടതി പ്രഖ്യാപിച്ചു. ഈ ഉദ്യോഗസ്ഥരുടെ അശ്രദ്ധമൂലമാണ് നിരവധി പേർ മരിക്കാനിടയായത് എന്നതിനാൽ ഇവർക്ക് കോടതി രണ്ടു വർഷം തടവും രണ്ടായിരം അമേരിക്കൻ ഡോളർ പിഴയും ചുമത്തുകയുണ്ടായി. എട്ടാമത്തെ ഒരു മുൻതൊഴിലാളികൂടി കുറ്റവാളിയായി വിധിക്കപ്പെട്ടങ്കിലും വിധി തീർപ്പ് വരുന്നതിനു മുമ്പ് അദ്ദേഹം മരണപ്പെട്ടിരുന്നു. ഭോപ്പാലിനു സമാനമായ അവസ്ഥയിലേയ്ക്ക് എറണാകുളത്ത് വായുമലിനീകരണം സൃഷ്ടിച്ച ഇവർ ശിക്ഷിക്കപ്പെടണം. ആവർത്തിച്ചുണ്ടാകുന്ന തീ പിടുത്തങ്ങളെക്കുറിച്ച് ശാസ്ത്രീയമായ സമഗ്രാന്വേഷണം നടത്തണം. 52 കോടിയുടെ ബ്രഹ്മപുരത്തെ മാലിന്യ സംസ്കരണത്തിനായി കരാറുകൾ നൽകിയത് നിയമപരമായ രീതിയിൽ ആയിരുന്നോ എന്നും പരിശോധിക്കണം.

പ്രകൃതിയിൽ അലിഞ്ഞു ചേരാത്ത പ്ലാസ്റ്റിക്കിനുണ്ടായിരുന്ന നിരോധനം നീക്കി നിർമ്മാണ വിതരണ അനുമതി നൽകിയ പരമോന്നത കോടതിയും കുറ്റവാളികളാണ്. പ്ലാസ്റ്റിക് നിർമ്മാണ കുത്തകൾക്ക് വേണ്ടി വിധി പ്രസ്താവിക്കുന്ന ജഡ്ജിമാരെ പൊതുസമൂഹത്തിന് കുറ്റവിമുക്തരാക്കാനാവില്ല.

■



**പി.ജെ. ജെയിംസ്**

# ധാരാവി- ഏഷ്യയിലെ ഏറ്റവും വലിയ ചേരി

# അദാനി കയ്യടക്കുന്നുവോ?


ധാരാവി ഏഷ്യയിലെ ഏറ്റവും വലിയ ചേരിയാണ്. ഇത് ലോക പ്രശസ്തിയാർജിക്കുന്നത് 2008ൽ ഇറങ്ങിയ Slumdog Millionaire എന്ന സിനിമ ഓസ്കാർ അവാർഡ് നേടുന്നതോടെയാണ്. ഇന്ത്യയുടെ സാമ്പത്തിക തലസ്ഥാനമായ മുംബൈയിലാണ് ധാരാവി ചേരി നിലകൊള്ളുന്നത്. 'ഇന്ത്യ- ആഗോള പട്ടിണിയുടെ കോട്ട'എന്ന പരിവേഷം ഇന്ത്യയ്ക്ക് ചാർത്തിക്കിട്ടിയതിനെ സാധൂകരിക്കുന്ന ഒന്നാണ് ഇത്. അതിദരിദ്രരായ 230 ദശലക്ഷം പേരിൽ 60 ദശലക്ഷം പേർ ചേരികളിൽ കഴിയുന്നവരാണ്. ഇതിന്റെ പരിണിതിയായ മറ്റൊരു വസ്തുതയാണ് ഇന്ത്യയിൽ നിലനിൽക്കുന്ന ഏറ്റവും വഷളായ രൂപത്തിലുള്ള സാമൂഹിക അസമത്വം. സമൂഹത്തിന്റെ ഏറ്റവും മേലെയുള്ള ഒരു ശതമാനത്തിന്റെ കൈകളിൽ 40 ശതമാനത്തിലേറെ സമ്പത്ത് ഉള്ളപ്പോൾ താഴെക്കിടയിലുള്ള 50 ശതമാനത്തിന്റെ കൈവശമുള്ളത് രാജ്യത്തെ മൊത്തം സമ്പത്തിന്റെ 3 ശതമാനം മാത്രമാണ്.

2022 ഡിസംബർ മാസം രണ്ടാം വാരത്തിൽ, ഇന്ത്യയുടെ ജി-20 അദ്ധ്യക്ഷതയിൽ, അതിന്റെ ഡവലപ്മെന്റ് വർക്കിങ്ങ് ഗ്രൂപ്പിന്റെ ആദ്യത്തെ മീറ്റിങ്ങ് മുംബൈയിൽ വെച്ചായിരുന്നു നടന്നത്. ഇതിന്റെ മുന്നോടിയായി നഗരം മോടി പിടിപ്പിക്കുന്നതിന്റെ ഭാഗമായി മോദി സർക്കാർ ചേരികളെ മീറ്റിങ്ങിൽ പങ്കെടുക്കാൻ വരുന്ന വിദേശ പ്രതിനിധി മറച്ചു പിടിയ്ക്കാൻ വേണ്ടി വലിയ ഷീറ്റുകൾ ഉപയോഗിക്കുകയുണ്ടായി.

ഒരിയ്ക്കൽ കൂടി ധാരാവി മാദ്ധ്യമ ശ്രദ്ധയാകർഷിച്ചിരിക്കയാണ്. ലോകത്തിലെ ഏറ്റവും വലിയ ചേരി പുനർവികസന പദ്ധതികളിലൊന്നായ Dharavi Redevelopment Project (DRP)ന്റെ ടെണ്ടർ നേടിയിരിക്കുന്നത് കുറച്ചു നാൾ മുമ്പ് വരെ ഇന്ത്യയിലെ ഒന്നാമത്തേതും ലോകത്തെ മൂന്നാമത്തേതും ആയിരുന്ന ഗ്ലോബൽ കോർപ്പറേറ്റ് ശതകോടീശ്വരൻ അദാനിയാണ്. മുംബൈയിലെ ജനസംഖ്യ ഇപ്പോൾ ഏതാണ്ട്22 ദശലക്ഷം വരും. അതിൽ 42 ശതമാനം കഴിയുന്നത് ചേരികളിലാണ്. അതിൽ ഒരു ദശലക്ഷത്തിലേറെ ആളുകൾ കഴിയുന്നത് ധാരാവിയിലാണ്.

1995ൽ മഹാരാഷ്ട്രയിലെ ശിവസേന-ബിജെപി സർക്കാർ നാല് ദശലക്ഷം ചേരി നിവാസികൾക്ക് 'സൌജന്യഭവന'ങ്ങൾ നൽകുന്നതിനായി Slum Rehabilitation Authority (SRA) സ്ഥാപിക്കുമെന്ന് തെരഞ്ഞെടുപ്പ് വേളയിൽ പ്രഖ്യാപിച്ചിരുന്നു. ഇത്തരത്തിൽ 20-ാം നൂറ്റാണ്ടിന്റെ അവസാന ദശകം മുതൽ ചേരി നിവാസികൾക്ക് ഭവനങ്ങൾ നൽകുന്നതിനെ കുറിച്ചുള്ള ആശയം നിലവിലുണ്ടായിരുന്നു. ഇതിനിടയിൽ അധികാരികൾ ഇടയ്ക്കിടയ്ക്ക് ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നുമുണ്ടായിരുന്നുവെങ്കിലും ഔദ്യോഗികമായിട്ട് ഉണ്ടായിരുന്ന താൽപ്പര്യക്കുറവും സ്വകാര്യ നേട്ടങ്ങളുമായി ബന്ധപ്പെട്ട അനിശ്ചിതത്വങ്ങളും ഒക്കെയായി പൊതു ഇടത്തിൽ പ്രഖ്യാപിച്ചിരിക്കുന്ന ഈ പദ്ധതി മുന്നോട്ടു കൊണ്ടുപോകാൻ ആരും ഗൗരവകരമായി ശ്രമിക്കുകയുണ്ടായില്ല. 2014ൽ മോദി അധികാരത്തിൽ വരുന്നതുവരെ ഇതു തന്നെയായിരുന്നു അവസ്ഥ.

മോദിയുടെ സ്ഥാനാരോഹണത്തെ തുടർന്ന് രാജ്യത്ത് അവശേഷിച്ചിരുന്ന നെഹ്രുവിയൻ മാതൃകയിലുള്ള 'ഭരണകൂട



ത്താൽ നയിക്കപ്പെടുന്ന വികസനം' എന്ന ആശയം പോലും തീർത്തും കയ്യൊഴിയപ്പെട്ടു. അതിന്റെ ഭാഗമായി ആറര ദശാബ്ദക്കാലമായി ഉണ്ടായിരുന്ന പ്ലാനിങ്ങ് കമ്മീഷൻ നിർത്തലാക്കി. ഭരണകൂടം എന്നത് കോർപ്പറേറ്റുകളുടെ ഒരു നടത്തിപ്പുകാരൻ അഥവാ ഫെസിലിറ്റേറ്റർ ആയി പരിവർത്തിപ്പിക്കപ്പെട്ടു. നവ ഉദാരീകരണ-കോർപ്പറേറ്റ് വൽക്കരണങ്ങളിൽ തീവ്രമായ തോതിൽ വലതു വ്യതിയാനം സംഭവിച്ചു. ഇതിന്റെ ഭാഗമായി തീരുമാനെമെടുക്കൽ പ്രക്രിയ അഥവാ ഡിസിഷൻ മേക്കിങ്ങ് എന്നത് കോർപ്പറേറ്റ് മുറികളിലേയ്ക്ക് മാറ്റപ്പെട്ടു. ഇന്ത്യ ചങ്ങാത്ത മുതലാളിത്തത്തിന്റെ ഏറ്റവും നല്ല ദൃഷ്ടാന്തമായി മാറുന്നതിനോടൊപ്പം പാർലമെന്റ് നോക്കുകുത്തിയായി മാറിത്തീർന്നു. അദാനിയെ പോലുള്ള ചങ്ങാത്ത മുതലാളിമാർ അധികാരത്തിന്റെ ഉത്തുംഗശൃംഗങ്ങളിൽ എത്തിച്ചേർന്നു.

ഇത്തരം അതിതീവ്ര വലത് നവലിബറൽ സാഹചര്യത്തിലാണ് Public-Private-Partnership (PPP) എന്ന കപടനാമത്തിൻ കീഴിൽ സ്വകാര്യ-കോർപ്പറേറ്റ് മുൻകയ്യിലൂടെ ധാരാവിയെ സത്വരം പുനർവികസിപ്പിക്കാൻ വേണ്ടിയുള്ള ഉദ്യമം പുതുതായി ആവിഷ്കരിക്കപ്പെടുന്നത്. കഴിഞ്ഞ 19 കൊല്ലങ്ങളായി ധാരാവിയെ പുനർവികസിപ്പിക്കാനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടു കൊണ്ടിരിക്കയായിരുന്നു. ഇപ്പോൾ 'ലോകത്തിലെ ഏറ്റവും വലിയ നാഗരിക പുനരുത്ഥാന പദ്ധതി'യുടെ ടെണ്ടർ അദാനി നേടിയിരിക്കയാണ്. 23000കോടി രൂപയുടെ DRP 5069 കോടി രൂപയ്ക്ക് അദാനി കയ്യടക്കിയിട്ടുണ്ട്. 17 കൊല്ലങ്ങൾ കൊണ്ടാണ് പദ്ധതി പൂർത്തീകരിക്കേണ്ടത്. 7 കൊല്ലങ്ങൾ കൊണ്ട് ചേരി നിവാസികളുടെ പുനരധിവാസം നടത്തണം.

ഇത്തരത്തിൽ ഏറ്റവും പുതുതായി ഉണ്ടായിട്ടുള്ള കാര്യങ്ങളിലേയ്ക്ക് എത്തിച്ച സാഹചര്യങ്ങൾ ശ്രദ്ധേയമാണ്. തുടക്കത്തിൽ പറഞ്ഞതു പോലെ ഇന്ത്യ ജി 20ന്റെ ആതിഥേയ രാജ്യമായി മാറിയിരിക്കുന്നു. ഇത്തരമൊരു സാഹചര്യം ഉപയോഗിച്ചുകൊണ്ട് ഇന്ത്യയെ തിളക്കി പ്രദർശിപ്പിക്കാൻ വേണ്ടിയിട്ടാണ് ഇപ്പോൾ ചേരിയുടെ കാര്യത്തിൽ പെട്ടെന്ന് ഇത്രയ്ക്ക് ഉൽസാഹം

ഉണ്ടായത്. മറ്റൊന്നു കൂടിയുണ്ട്. ജി-20ന്റെ Sustainable Develop memnt Initiative ന്റെ ഭാഗമായി 2017 ഡിസംബറിൽ ആരംഭിച്ച 'Urban 20 (U20)'യിൽ ചേരികളുടെ പുനർവികസനം ഉൾപ്പെടുത്തിയിട്ടുമുണ്ടായിരുന്നു.

ഇതു പോലെ തന്നെ പ്രസക്തമായ മറ്റൊരു കാര്യമാണ് മോദി സർക്കാർ തന്നെ വെളിപ്പെടുത്തിയിട്ടുള്ള PPP അടിസ്ഥാനത്തിൽ സ്മാർട്ട് സിറ്റികൾ വികസിപ്പിക്കുന്നതിനുള്ള നിർദ്ദേശം. നവ ഉദാരീകരണത്തിൻ കീഴിൽ പൊതുമുതൽ കൊള്ളയടിക്കാനുള്ള ഏറ്റവും ഉചിതമായ രൂപമാണ് എന്നതിനാൽ തന്നെ എല്ലാ മണ്ഡലങ്ങളിലുമുള്ള വികസന മാതൃകയായി പിപിപി (സ്വകാര്യ -പൊതുമേഖലാ- പങ്കാളിത്തം) അംഗീകരിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. പിപിപിയുടെ മറവിൽ കോർപ്പറേറ്റ് കൊള്ളയ്ക്കും വൻ ലാഭം കൊയ്യുന്നതിനും വേണ്ടി ചേരി നവീകരണവും പുനർവികസനവും വരെ ഏറ്റെടുക്കുന്ന തലത്തിലേയ്ക്ക് മൂലധനത്തിന്റെ പരാദ സ്വഭാവവും ജീർണ്ണതയും എത്തിക്കഴിഞ്ഞിരിക്കുന്നു.

ധാരാവിയുടെ ഡവലപ്പർ ആയി അദാനി ആ ടെണ്ടർ നേടിയതിനെ കുറിച്ച് ആക്ഷേപങ്ങൾ നിലനിൽക്കുന്നുണ്ട്. 2018ൽ ഇതേ കാര്യത്തിന് വേണ്ടി ടെണ്ടർ വിളിച്ചപ്പോൾ യുഎഇയിലുള്ള സെക്ലിങ്ക് റോയൽ കുടുംബം അബുദാബി റോയൽ കുടുംബത്തിന്റെ പിന്തുണയോടെ അദാനിയെ മറി കടന്ന് ഈ ടെണ്ടർ നേടിയെടുത്തിരുന്നു. അന്ന് അദാനി 4529 കോടി രൂപ ക്വോട്ട് ചെയ്തപ്പോൾ ഇവർ 7200 കോടി രൂപ ക്വോട്ട് ചെയ്തു. എന്നാൽ ഈ ടെണ്ടർ കാൻസൽ ചെയ്യപ്പെട്ടു. അതിന് വ്യക്തമായ കാരണങ്ങൾ ലഭ്യമല്ല. 2022ന്റെ അവസാനം അദാനിയ്ക്ക് വീണ്ടും ടെണ്ടറിൽ പങ്കെടുത്ത് കേവലം 5069 കോടി രൂപയ്ക്ക് വിജയം നേടാൻ കഴിഞ്ഞു. ഇത്തരത്തിൽ ഡിആർപി അടക്കം വിവിധ പിപിപി അടിസ്ഥാനത്തിലുള്ള റിയൽ എസ്റ്റേറ്റ്, ഇൻഫ്രാസ്ട്രക്ചർ പദ്ധതികൾ, തുറമുഖങ്ങൾ, എയർപോർട്ടുകൾ തുടങ്ങിവയിൽ അദാനി ടെണ്ടർ നേടിയെടുക്കുന്ന സമ്പ്രദായം എപ്രകാരമെന്ന് ഒരിയ്ക്കൽ കൂടി വെളിപ്പെടുകയായിരുന്നു.

വൻതോതിൽ ജനങ്ങളെ കുടിയൊഴിപ്പിച്ചു കൊണ്ടും പ്രകൃതിയെ കൊള്ളയടിച്ചു കൊണ്ടും റിയൽ എസ്റ്റേറ്റ്, ഊഹമൂലധന ഇടപാടുകൾ എന്നിവയിലൂടെ സമീപ വർഷങ്ങളിൽ അദാനി തന്റെ ബിസിനസ്സ് സാമ്രാജ്യം ഊതി വീർപ്പിച്ചിരിക്കയാണ്. അത്തരമൊരു ഘട്ടത്തിൽ തങ്ങളുടെ വൻ ധനസമ്പത്തിന്റെ തിരിമറികൾ നടത്താനുള്ള സ്രോതസ്സായി ധാരാവി മാറാൻ പോവുകയാണ് എന്ന ആക്ഷേപം ഉയർന്നു കഴിഞ്ഞിട്ടുണ്ട്. ഇപ്പോഴത്തെ ഡിആർപി ടെണ്ടർ നിബന്ധനകൾ പ്രകാരം രൂപപ്പെടുന്ന സ്പെഷ്യൽ പർപസ് വെഹിക്കിളിൽ അദാനിയും സർക്കാരും ഭാഗമാകും. ഇതിന്റെ ഇകിറ്റികളുടെ 80 ശതമാനം അദാനിയും 20 ശതമാനം സർക്കാർ ഡിപ്പാർട്ട്മെന്റുകളും വഹിയ്ക്കും. 5069 കോടി രൂപ ലേലത്തുക അടയ്ക്കുന്ന അദാനിയുടെ താൽപ്പര്യം ചേരി നിവാസികളുടെ പുനരധിവാസമല്ല, മറിച്ച് 23000 കോടി രൂപ വിലമതിയ്ക്കുന്ന പദ്ധതിയിലെ 'കച്ചവട ഘടക'മാണ്. ഇതിലൂടെ അദാനിയ്ക്ക് മുംബൈയുടെ ഹൃദയഭാഗത്തുള്ള ലക്ഷക്കണക്കിന് സ്ക്വയർ ഫീറ്റ് ഭൂമി റസിഡൻഷ്യലും കമേഴ്സിയലും ആയി വിൽപ്പനയ്ക്ക് വെയ്ക്കാൻ കഴിയും. ഇതിന് പുറമേ ദാദറിലുള്ള 47.5 ഏക്കർ ഭൂമി അദാനിയ്ക്ക് ഇൻസന്റീവ് ആയി കൈമാറിക്കഴിഞ്ഞിട്ടുണ്ട്. ഈ കൈമാറ്റത്തിലൂടെ കിട്ടുന്ന ലാഭത്തിന്റെ 0.21 ശതമാനം മാത്രമാണ് റയിൽവേ മന്ത്രാലയത്തിന് ലഭിയ്ക്കാൻ പോകുന്നത്.

ഊഹ മൂലധന ലാഭം ചാലക ശക്തിയായി പ്രവർത്തിയ്ക്കുന്ന സ്വകാര്യ ഡവലപ്പർമാർ നടത്തുന്ന പുനർവികസന, പുനരധിവാസ പദ്ധതികൾ ചേരി നിവാസികളുടെ കൂട്ടമായ കുടിയൊഴിപ്പിക്കലുകളടക്കം ദൂരവ്യാപകമായ സാമൂഹ്യ-സാമ്പത്തികപ്രത്യാഘാതങ്ങളാണ് സൃഷ്ടിക്കാൻ പോകുന്നതെന്ന കാര്യത്തിൽ സംശയമില്ല. കോർപ്പറേറ്റ് ബോർഡ് റൂമുകളിൽ നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിന്റെ അനന്തര ഫലം കൂടിയാണിത്. ഏറ്റവും അഴിമതിക്കാരായ ചങ്ങാത്ത മുതലാളിത്ത ശക്തികൾ ഇത്തരം പരിപാടികൾ അവിടെ ജീവിയ്ക്കുന്നവർക്ക് മേൽ അടിച്ചേൽപ്പിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടു തന്നെ ജനങ്ങളുടെ പങ്കാളിത്തമോ ജനങ്ങളുടെ പ്രശ്നങ്ങളുടെ പരിഗണനയോ ഒന്നും അഭിസംബോധന ചെയ്യപ്പെടുന്നില്ല. അദാനിയും സർക്കാരും തമ്മിലുണ്ടായ കരാറിന്റെ വിശദവിവരങ്ങൾ പോലും ജനങ്ങൾക്ക് നൽകാതെ അവരെ ഇരുട്ടിലേയ്ക്ക് തള്ളിവിടുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇത് 'മഹാരാഷ്ട്ര ചേരി നിയമ'ത്തിന് എതിരാണ്. ചേരി നിയമം ചേരികളുടെ പുനർവികസനത്തിലും പുനരധിവാസത്തിലും അവിടത്തെ ജനങ്ങളുടെ പങ്കാളിത്തം നിർബന്ധമാണെന്ന് അനുശാസിക്കുന്നുണ്ട്. തലമുറകളായി ധാരാവിയിൽ ഒരു ദശലക്ഷം ജനങ്ങളാണ് കഴിയുന്നത്. 700ഓളം ഏക്കർ ഭൂമിയിൽ 65000 കുടുംബങ്ങൾ കഴിയുന്നു. അതിനാൽ അദാനി നടത്താൻ പോകുന്ന പുനർവികസനം ഭയാനകമാകും വിധത്തിൽ ലക്ഷക്കണക്കിനാളുകളെ കുടിയൊഴിപ്പിക്കുകയും നിർദ്ദയം തെരുവിൽ തള്ളുകയും ചെയ്യും.

ലഭ്യമായിട്ടുള്ളള വിവരങ്ങളനുസരിച്ച് 2001ന് മുമ്പ് ധാ



രാവിയിൽ താമസിയ്ക്കുന്നവർക്ക് 300/ 350 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീടിന് അർഹരാണ്. (അംഗീകരിക്കപ്പെട്ട ഹൌസിങ്ങ് ഗൈഡ് ലൈനനുസരിച്ച് 5 പേർ ഉള്ളള ഒരു കുടുംബത്തിന് മിനിമം 700 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീട് ആവശ്യമുണ്ട്). 2001 ന് ശേഷം വന്നവരാണെങ്കിൽ അവർ വില കൊടുത്ത് വീട് വാങ്ങേണ്ടി വരും. ഈ ഒരു വ്യവസ്ഥ തന്നെ പുനരധിവാസത്തിന്റേ പേരിൽ പകുതി പേരെയെങ്കിലും പിഴിയുന്നതിന് വഴിവെയ്ക്കും. ഡിആർപി വിഭാവനം ചെയ്യുന്ന നിർമ്മാണ പ്രവർത്തനങ്ങൾ മൊത്തത്തിൽ ഒരു കോടി ചതുരശ്ര അടിയ്ക്ക് മേലെയാണ്. ഇതിൽ 65 ശതമാനം ധാരാവി നവീകരണ പദ്ധതിയിലെ പുനരധിവാസത്തിൽ പെടുന്നുണ്ട്. ബാക്കിവരുന്ന 35 ശതമാനം ഓപ്പൺ മാർക്കറ്റിൽ വിൽപ്പനയ്ക്ക് വെച്ചിരിക്കുന്നു. 1.08 ലക്ഷം വീടുകളിൽ 40000 വീടുകൾ ഓപ്പൺ സെയിലിന് ഉദ്ദേശിച്ചിട്ടുള്ളതാണ്. മേൽപ്പറഞ്ഞ വ്യവസ്ഥകൾ പകുതിയിലേറെ പേർക്ക് പാർപ്പിടാവകാശം നിഷേധിക്കുമെന്നതിനാൽ ഈ കച്ചവടം പൊതുജനങ്ങൾക്ക് മുന്നിലാണ് നടത്തപ്പെടുക. സൗജന്യ താമസത്തിന് ഭാഗ്യം ലഭിയ്ക്കുന്നവർ വാസ്തവത്തിൽ താമസിക്കാൻ പോകുന്നത് 150 ഹെക്ടർ സ്ഥലത്ത് വീടുകൾ പണിയാൻ പോകുന്ന ചില മൂലകളിലായിരിക്കും. കൃത്യമായി പറഞ്ഞാൽ താമസത്തിനും വാണിജ്യാവശ്യങ്ങൾക്കും സൗകര്യപ്രദമായതും മുംബൈയുടെ ഹൃദയഭാഗത്തുള്ളതുമായ ലക്ഷക്കണക്കിന് ചതുരശ്ര അടി ഭൂമി Transferable Development Rights എന്ന പേരിൽ പരസ്യ വിൽപ്പന നടത്താൻ വേണ്ടി അദാനിയുടെ കൈകളിലെത്തും. ധാരാവിയുടെ അടുത്താണ് ഏഷ്യയിലെ ഏറ്റവും പ്രമുഖമായ ബിസിനസ്സ്

കോംപ്ലക്സുകൾ സ്ഥിതി ചെയ്യുന്ന മുംബൈയിലെ ബദ്രാ-കുർല സ്ഥിതി ചെയ്യുന്നത്. ഇവിടത്തെ ഭൂമി വില ചതുരശ്ര അടിയ്ക്ക് 70000 രൂപ വരും. ആയതിനാൽ അദാനി 'സ്വർണ്ണ ഖനി'യാണ് ഇതിലൂടെ കൈവശപ്പെടുത്തിയിട്ടുള്ളത് എന്ന് പറയാൻ കഴിയും!

അതേ സമയം ധാരാവി ഒരു സാധാരണ ചേരിയായി കാണാൻ കഴിയില്ല. പ്രതിവർഷം 8000 കോടി ടേണോവർ അനൗപചാരികമായ തലത്തിലുള്ള സമ്പദ് സ്ഥിതി നിലനിൽക്കുന്ന, ലക്ഷക്കണക്കിന് അന്തേവാസികൾക്ക് തൊഴിൽ നൽകുന്ന ഇടമാണ്. ലതർ, പാദരക്ഷകൾ, ടെക്സ്റ്റൈൽസ്, വസ്ത്രങ്ങൾ, പാത്ര നിർമ്മാണം, എന്തിന് മെഡിസിൻ വരെ ഉൾപ്പെടുന്ന വിവിധങ്ങളായ ഉൽപ്പന്നങ്ങൾ നിർമ്മിക്കപ്പെടുന്ന പതിനായിരക്കണക്കിന് അസംഘടിത സംരംഭങ്ങളുടെ ഹബ് കൂടിയാണ് ധാരാവിയിലെ ചേരികൾ. രണ്ടു ലക്ഷം പേർ വസ്ത്രവുമായി ബന്ധപ്പെട്ട വ്യവസായത്തിന്റെ ഭാഗമായി ഇവിടെ ഉപജീവനം കഴിയ്ക്കുന്നുണ്ടെന്നാണ് ഒരു കണക്ക് പറയുന്നത്. 25000 ജീവനക്കാരെ ഉൾക്കൊള്ളുന്ന ആയിരക്കണക്കിന് ചെറുകിട യൂണിറ്റുകൾ മുംബൈയിലെ ഖരമാലിന്യങ്ങളുടെ 80 ശതമാനവും തരം തിരിക്കുന്നതും റീ സൈക്കിൾ ചെയ്യുന്നതുമായ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു. ഒരു പക്ഷേ ഏറ്റവും അധികം വിദ്യാസമ്പന്നരുള്ള ചേരി ധാരാവി ആയിരിക്കും. കോവിഡ് കാലത്ത് മോദി ഭരണകൂടം ജനങ്ങൾക്ക് മേൽ ലോക്ഡൗൺ അടിച്ചേൽപ്പിക്കുമ്പോൾ കോവിഡ് മഹാമാരിയെ ഫലപ്രദമായി പ്രതിരോധിക്കുന്നതിന്റെ ചരിത്രം സൃഷ്ടിച്ച ചേരികളാണ് ധാരാവിയിൽ ഉള്ളത്. ഇനി അദാനിയുടെ നേതൃത്വത്തിൽ ഉണ്ടാകാൻ പോകുന്ന പുനർവികസനത്തിന്റെയും പുനരധിവാസത്തിന്റെയും പേരിൽ ഈ 'ആവാസ വ്യവസ്ഥ'തന്നെ തകർക്കപ്പെടാൻ പോവുകയാണ്. ഒരു പുതിയ തരം ghetto-വൽക്കരണത്തിലേയ്ക്കാണ് ഇത് നയിക്കാൻ പോകുന്നത്. കേരളത്തിലെ കുപ്രസിദ്ധമായതും സാമ്പത്തികമായും പാരിസ്ഥിതികമായും ദോഷം ചെയ്യുന്നതുമായ അദാനിയുടെ വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ കാര്യത്തിലെന്ന പോലെ, ഇവിടെ പകുതിയോളം താമസക്കാരെ യോഗ്യതയില്ലാത്തവരെന്ന് മുദ്രകുത്തി ഭരണകൂട സഹായത്തോടെ പുറത്താക്കുന്ന അവസ്ഥയാണ് ഉണ്ടാകാൻ പോകുന്നത്.

അദാനിയുടെ നിരവധി നിർമ്മാണ പദ്ധതികളിൽ ഒടുവിലത്തേതാണ് ധാരാവി. മറ്റു മേഖലകളിലെ കാര്യത്തിലെന്ന പോലെ നിർമ്മാണ മേഖലയിലെ അദാനിയുടെ സാമ്പത്തിക മേഖലയുടെ അടിസ്ഥാനവും ഗുജറാത്തിൽ തന്നെയാണ്. മോദി ഗുജറാത്തിന്റെ മുഖ്യമന്ത്രി ആയിരിക്കുമ്പോൾ 2010ൽ അഹമ്മദാബാദിലെ ശാന്തിവൻ ടൗൺഷിപ്പ് നിർമ്മിച്ചു കൊണ്ടാണ് അദാനി ഈ മേഖലയിലെ പ്രവർത്തനം ആരം



ഭിച്ചത്. തുടർന്ന് ജഗത്പൂർ, ഗുരുഗ്രാം, പൂനെ എന്നിവിടങ്ങളിൽ നിർമ്മാണ പദ്ധതികളിലേർപ്പെട്ടു. 2014ൽ മോദിയുടെ നേതൃത്വത്തിലുള്ള സർക്കാർ കേന്ദ്രത്തിൽ അധികാരത്തിൽ വരികയും ഗുജറാത്ത് മോഡലിന്റെ പാൻ ഇന്ത്യൻ വിപുലീകരണംനടത്തുകയും ചെയ്യുന്നതിന്റെ ഭാഗമായി 2014ൽ തന്നെ ഇന്ത്യയുടെ സാമ്പത്തിക തലസ്ഥാനമായ മുംബൈയിൽ അദാനി തന്റെ റിയൽറ്റി സാമ്രാജ്യം വ്യാപിപ്പിക്കുകയുണ്ടായി. പിപിപിയുടെ കീഴിൽ വരുന്ന ഈ റിയൽറ്റി പദ്ധതികളും ഇന്ന് ഇൻഫ്രാസ്ട്രക്ചർ നിക്ഷേപമായിട്ടാണ് വകയിരുത്തിയിരിക്കുന്നത്. സർക്കാർ ഗ്രാന്റുകൾ, നിരവധി നികുതി-ഫീ ഇളവുകൾ എന്നിവയോടൊപ്പം അദാനിയും അദ്ദേഹത്തെ പോലുള്ളവരും സഹസ്രകോടിക്കണക്കിന് രൂപ റിയൽറ്റി ബിസിനസ്സിനായി കേവലം 'ഗുഡ്‌വിൽ'-ന്റെ അടിസ്ഥാനത്തിൽ ബാങ്കു വായ്പകളും സംഘടിപ്പിക്കുന്നുണ്ട്. എന്നിട്ട് ഈ കടത്തുകകൾ Non-Performing Assets (NPAs) ആയി കണക്കാക്കി ബാങ്കുകൾ എഴുതിത്തള്ളുന്നു. ഇതിന്റെയൊക്കെ ഫലമായി ഒടുവിൽ പൊതുമേഖലയിലെ ബാങ്കുകൾ അഭൂതപൂർവ്വമായ പ്രതിസന്ധിയിലേക്ക് പോകുന്നു. ഇക്കാര്യം ആർബിഐ തന്നെ ഈയിടെ അതിന്റെ റിപ്പോർട്ടിൽ അംഗീകരിച്ചിട്ടുണ്ട്.

കോളോണിയൽ യുഗത്തിൽ നിർദ്ദാക്ഷിണ്യം നടന്നിരുന്ന കൊള്ളയെ ഓർമ്മപ്പെടുത്തുന്ന തരത്തിൽ അദാനി അടക്കമുള്ള 'ന്യൂ ജെൻ'ഇന്ത്യൻ കോർപ്പറേറ്റുകൾ വൻ സമ്പത്ത് വാരിക്കൂട്ടുന്ന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കയാണ്. സാമ്പത്തികമേഖലയിലെ ഉൽപ്പാദനക്ഷമമായ വിഭാഗങ്ങളിൽ നിന്നും വ്യത്യസ്തമായി പ്രകൃതിയ്ക്ക് അടിമുടി മേൽ നടത്തുന്ന കൊള്ള, റിയൽ എസ്റ്റേറ്റ്, സ്റ്റോക്ക് മാർക്കറ്റ് തുടങ്ങിയ ചൂതാട്ട ബിസിനസ്സുകൾ പോലുള്ളവയിലാണ് ഇവർ പ്രാഥമികമായും പ്രവർത്തനം കേന്ദ്രീകരിച്ചിട്ടുള്ളത്. അതിന്റെ ഫലമായി കോവിഡ് മഹാമാരിയുടെ കാലത്ത് ജനങ്ങൾക്ക് മേൽ നിരവധി നിയന്ത്രണങ്ങളുണ്ടാവുകയും അവർ ബന്ധനസ്ഥരാവുകയും തുടർന്ന് യഥാർത്ഥ സാമ്പത്തിക മേഖല അധോഗതിയിലേക്ക് പോകുകയും ചെയ്യുന്ന വേളയിലും ഏറ്റവും അഴിമതിക്കാരായ ചങ്ങാത്ത മുതലാളിത്ത ശക്തികൾ ഭരണകൂടവുമായി അവിശുദ്ധ ബന്ധങ്ങളിലേർപ്പെട്ടു കൊണ്ട് ഊഹമൂലധന ഇടപാടുകളിലൂടെ സാധാരണക്കാരുടെ അവശേഷിക്കുന്ന സമ്പത്തു കൂടി ഊറ്റിയെടുത്തു കൊണ്ടിരിക്കയായിരുന്നു. മോദിയുമായുള്ള അടുത്ത ബന്ധത്തിലൂടെ അദാനിയ്ക്ക് ഈ പ്രക്രിയയിൽ ഏറ്റവും വിജയി ആയ ചങ്ങാത്ത മുതലാളി ആകാൻ കഴിഞ്ഞിട്ടുണ്ട്. ആസ്ത്രേലിയയിലെ കൽക്കരി ഇടപാടുകളടക്കം ഖനി മേഖല, ഊർജ ഉൽപ്പാദനം, പ്രസരണം, വിതരണം, വാതക വിതരണം, അഗ്രിബിസിനസ്സ്, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, ധനകാര്യ സേവനങ്ങൾ, മാദ്ധ്യമ മേഖല, ഡിജിറ്റൽ സർവ്വീസുകൾ, വിവിധ ഇൻഫ്രാസ്ട്രക്ചർ, റിയൽ എസ്റ്റേറ്റ് പരിപാടികൾ തുടങ്ങി വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് വിവാദപരമായ ഇടപാടുകളുണ്ടായപ്പോഴും അദാനിയ്ക്ക് വിജയിക്കാൻ കഴിഞ്ഞതിന്റെ രാഷ്ട്രീയാടിസ്ഥാനം ഇതായിരുന്നു. തീർച്ചയായും കോർപ്പറേറ്റനുകൂല നിയമങ്ങളും നികുതി ഒഴിവുകളും കോർപ്പറേറ്റ് നികുതി ഇളവുകളുമടക്കം നിരവധി ധന-സാമ്പത്തിക നടപടികളും അടങ്ങുന്ന ഒരു പാട് നേട്ടങ്ങളുടെ പിന്തുണയോടെയാണ് രാജ്യത്തിന്റെ സമ്പത്ത് ഇക്കൂട്ടർ വെട്ടി വിഴുങ്ങുന്നത് എന്ന കാര്യത്തിൽ സംശയമില്ല. നേരത്തേ സൂചിപ്പിച്ചതു പോലെ ഈ കോർപ്പറേറ്റ് യുക്തിയുടെ മറുവശത്ത് നിരവധി ദശലക്ഷങ്ങൾ ഇതുവരെ അറിയാത്ത തരത്തിലുള്ള ദാരിദ്ര്യത്തിലേയ്ക്കും ഇല്ലായ്മയിലേയ്ക്കും പട്ടിണിയിലേക്കും തള്ളിയിടപ്പെടുന്നുമുണ്ട്.

ആയതിനാൽ ചങ്ങാത്ത മുതലാളിത്തത്തിന്റെ മൂർത്തീ രൂപമായ അദാനി ധാരാവിയുടെ 'ഡവലപ്പർ'ആയി രംഗ പ്രവേശം ചെയ്യുന്നതോടെ അവിടുള്ള ഒരു ദശലക്ഷത്തോളം താമസക്കാരെ കറുത്ത ദിനങ്ങളാണ് കാത്തിരിക്കുന്നത്. ഇവിടുള്ള ഇന്നത്തെ താമസക്കാരുടെ മുൻ തലമുറക്കാർക്ക് 1895ൽ കൊളോണിയൽ സർക്കാരിൽ നിന്നും അവിടെ താമസിക്കുന്നതിനായി 99 കൊല്ലത്തേയ്ക്ക് പാട്ടത്തിന് ഭൂമി കിട്ടിയതാണ് ധാരാവിയിൽ ഉള്ളത്. ഇതിന് മേലാണ് ഇപ്പോൾ ഡിആർപി ഉണ്ടായിരിക്കുന്നത്. അവരുടെ പരിപാടികളാവട്ടെ കോർപ്പറേറ്റുകളുടെ ആർത്തിയ്ക്ക് അനുഗുണമാവുന്നതും ധാരാവിയിലുള്ള ജനങ്ങളുടെ ആശങ്കകളെയും ആവശ്യങ്ങളെയും പാടെ അവഗണിയ്ക്കുന്നതുമായ തരത്തിലുള്ളതാണ്. ഇത്തരം പ്രവൃത്തികൾ മോദി സർക്കാർ രാജ്യമെമ്പാടും തൊഴിലാളിവർഗ്ഗത്തിനും അടിച്ചമർത്തപ്പെട്ട വിഭാഗങ്ങൾക്കും മേൽ അഴിച്ചു വിടുന്ന കോർപ്പറേറ്റ്-ഫാസിസ്റ്റ് ആക്രമണങ്ങളുടെ ഭാഗം തന്നെയാണ്. ധാരാവിയിലെ ഈ ഇടപാടുമായി ബന്ധപ്പെട്ട് വരാനിരിക്കുന്ന സംഘർഷങ്ങളുട പശ്ചാത്തലത്തിൽ നോക്കുമ്പോൾ 2024ലെ തെരഞ്ഞെടുപ്പ് അടക്കം വരും കാലങ്ങളിൽ ഉണ്ടാകാൻ പോകുന്ന രാഷ്ട്രീയ സംഭവ വികാസങ്ങൾ ധാരാവിയിലെ ജനങ്ങളുടെ കാര്യങ്ങളുടെയും അദാനിയുടെ നേതൃത്വത്തിലുള്ള ഡിആർപിയുടെയും കാര്യത്തിൽ നിർണ്ണായകമാവുന്നുണ്ട്.

(Courtesy: www.countercurrents.org)

■



അഗ്നിബാധയിൽ ചാമ്പലായ ഓറിയോൺ കമ്പനി

**പുരുഷൻ ഏലൂർ**

# രാസാഗ്നിയിൽ എരിയിക്കുന്ന കൊച്ചി

**2021** ജനുവരി 17ന് രാത്രി 11.40 ന് എടയാർ വ്യവസായ മേഖലയിലെ ഓറിയോൺ എന്ന തിന്നറും സോൾവെന്റും ഉണ്ടാക്കുന്ന (കമ്പനി ഉടമ പറയുന്നത്) കമ്പനിയിലുണ്ടായ വൻ തീപിടുത്തം രാസദുരന്തമായി മാറാതിരുന്നത് ഫയർഫോഴ്സിന്റെയും നാട്ടുകാരുടെയും അവസരോചിത ഇടപെടൽ മൂലമാണ്. എന്നിട്ടും തൊട്ടടുത്ത ജനറൽ കെമിക്കൽസ് എന്ന തിന്നറും വുഡ് സീലറുമുണ്ടാക്കുന്ന ഒരു കമ്പനി പൂർണമായും ശ്രീകോവിൽ ഇന്റസ്ട്രീസ് എന്ന ടയർ ഷെട്രിംഗ് കമ്പനി ഭാഗികമായും കത്തിയമർന്നു. ഗുരുവായൂരിൽ നിന്നടക്കം വന്ന 32 യൂണിറ്റ് ഫയർഫോഴ്സ് നാലു മണിക്കൂർ പണിപ്പെട്ടാണ് തീയണച്ചത്. 17 ന് രാത്രിയുണ്ടായ ശക്തമായ മിന്നലിനെ തുടർന്നാണ് തീപിടുത്തമുണ്ടായതെന്ന വാദമാണ് ഉടമ ശ്രീജിത് ഉന്നയിക്കുന്നത്. എന്നാൽ ഈ വാദം അഗ്നിശമന സേന തള്ളിക്കളയുന്നു.

ഓറിയോൺ കമ്പനിയുടെ തൊട്ടു മുമ്പിലുള്ള ശ്രീകോവിൽ കമ്പനിയിലെ രണ്ടു ജീവനക്കാരാണ് തീപിടുത്തം കാണുന്നതും ഓറിയോൺ കമ്പനിയുടെ ഒന്നാം നിലയിലെ മുറിയിൽ ഉറങ്ങുകയായിരുന്ന രണ്ട് തൊഴിലാളികളെ വിളിച്ചുണർത്തി രക്ഷപ്പെടുത്തുകയും ചെയ്തത്. അവർ ഉണർത്തില്ലായിരുന്നുവെങ്കിൽ രണ്ടു തൊഴിലാളികൾ ദാരുണമായി കൊല്ലപ്പെടുമായിരുന്നു എന്നു മാത്രമല്ല ദുരന്തവ്യാപ്തി നമുക്ക് ഊഹിക്കാവുന്നതിനപ്പുറമാകുമായിരുന്നു.

ഓറിയോണിലെ തീനാളങ്ങൾ തൊട്ടടുത്ത ജനറൽ കെമിക്കൽസിനെയും വിഴുങ്ങി നേരെ മുമ്പിൽ പത്തു മീറ്ററിനപ്പുറത്തുള്ള സി.ജി ലൂബ്രിക്കന്റ് എന്ന വേസ്റ്റ് ഓയിൽ സംസ്കരണ കമ്പനിയിലേക്ക് പടർന്നിരുന്നെങ്കിൽ എടയാർ വ്യവസായ മേഖലയിലെ പകുതി ഭാഗം കത്തി നശിക്കുമായിരുന്നു.

2012 നവംബർ 17ന് പ്രവർത്തനമാരംഭിച്ച ഓറിയോൺ കമ്പനിയിൽ ടൊളുവിൻ, തിന്നർ ഉൾപ്പെടെയുള്ള അതിതീവ്രമായി കത്തിപ്പടരുന്ന പെട്രോളിയം ഉൽപന്നങ്ങൾ അലസമായി, വെള്ളം സൂക്ഷിക്കുന്ന ലാഘവത്തോടെയാണ് സംഭരിച്ചിരുന്നതെന്നാണ് അവിടം സന്ദർശിച്ചപ്പോൾ ബോധ്യമായത്. പെട്രോളിയം സംഭരിക്കുമ്പോഴും സംസ്കരിക്കുമ്പോഴും പാലിക്കേണ്ട നിയമപരമായ നിബന്ധനകൾ കമ്പനി പാലിച്ചിട്ടില്ല എന്നു മാത്രമല്ല ഈ കാര്യത്തിൽ കമ്പനി ക്രിമിനൽ നെഗ്

നു മുകളിൽ ഉറങ്ങാൻ അനുവദിക്കുന്നതിന് തുല്യമാണ്. ഇത്തരത്തിൽ ഒരു കമ്പനിയിൽ എന്തൊക്കെ ചെയ്യാൻ പാടില്ല എന്നതിന്റെ മികച്ച ഉദാഹരണമാണ് ഓറിയോൺ എന്ന സ്ഥാപനം. തീപിടുത്തത്തിലും പൊട്ടിത്തെറിയിലും നൂറുകണക്കിന് ഡ്രമ്മുകൾ ചിതറിക്കിടപ്പുണ്ടായിരുന്നു. പൊട്ടിത്തെറിയെതുടർന്ന് മെറ്റൽ ചീളുകൾ തെറിച്ചുവീണ് നൂറു മീറ്റർ അകലെയുള്ള സ്ഥാപനത്തിന്റെ രണ്ടുനില മുകളിലുള്ള മേൽക്കൂരക്ക് തകർച്ച സംഭവിച്ചു എന്നത് പൊട്ടിത്തെറി എത്ര ഭീകരമായിരുന്നു എന്നതിന് ഉദാഹരണമാണ്.

ചെറുതും വലുതുമായ ഭോപ്പാലുകൾ ആവർത്തിക്കുന്നിടം 1979 ജൂൺ 23 നാണ് ഏലൂർ വ്യവസായമേഖയിലെ ഏറ്റവും വലിയ വാതക ദുരന്തം നടന്നത്. ടി.സി.സി കമ്പനിയിൽ നിന്ന് എച്ച് ഐ.എൽ കമ്പനിയിലേക്ക് ക്ലോറിൻ കൊണ്ടുപോകുന്ന പൈപ്പ് പൊട്ടി ദേശമാകെ ക്ലോറിൻ വാതകം പരന്നു വിഷവാതകം ശ്വസിച്ചവർ ഫാക്ടറികളിലും, വീടുകളിലും, റോഡിലും, പറമ്പിലും കുഴഞ്ഞുവീണു. ജനങ്ങൾ നാടും വീടും വിട്ട് ജീവനും കൊണ്ട് പാഞ്ഞു. ഓട്ടത്തിനിടയിൽ ഒരാൾ കുഴഞ്ഞുവീണു മരിച്ചു. നാലുമണിക്കൂറിലധികം ഏലൂർ ജനതയെ മരണഭയത്തിൽ നിർത്തിയ വിഷവാതകം പതിയെ അന്തരീക്ഷത്തിൽ അലിഞ്ഞുചേർന്നു.

1969ലും 1974 ലും ഏലൂരിൽ വാതകചോർച്ചയുണ്ടാകുകയും ആളുകൾക്ക് ശ്വാസതടസമടക്കമുള്ള ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. 1978 ഏപ്രിൽ 26ന് ഇതേ പൈപ്പ് ലൈൻ പൊട്ടി വാതകം ചോർന്ന് 156 പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. 1985 സപ്തംബർ 13ന് രാവിലെ എച്ച്. ഐ. എൽ കമ്പനിയിലേക്ക് കൊണ്ടുവന്ന എൻഡോസൾഫാൻ കീടക്കങ്ങൾക്കും മൂടിക്കെട്ടിയുള്ള നിർമിതി തടസമായിരുന്നു. നിലവിലുള്ള അനുമതിക്ക് വിരുദ്ധമായി ബോയിലറും റിയാക്ടറും ഡിസ്റ്റിലേഷനും ഉൾപ്പടെ ഒരു ചെറിയ റിഫൈനറി സെറ്റപ്പ് എന്തിനുള്ളതായിരുന്നു എന്നത് അധികൃതർ അന്വേഷിക്കേണ്ടതാണ്. പെട്രോളിയം കൈകാര്യം ചെയ്യൽ നിയമപ്രകാരം ബി ക്ലാസ്സ് വിഭാഗത്തിൽ പെടുന്ന ഒരു സ്ഥാപനത്തിൽ കത്തിപ്പിടിക്കുന്ന സാമഗ്രികളുടെ സംഭരണികൾ നിർമിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള നിബന്ധന ഈ കമ്പനി നഗ്നമായി ലംഘിച്ചതായി കാണാം. സംഭരണി കമ്പനി വളപ്പിൽ റോഡിനോട് അടുത്താണ് – ഇത് തുറന്ന സ്ഥലത്തായിരിക്കണമെന്ന നിബന്ധനയും റോഡും ടാങ്കും തമ്മിൽ നിശ്ചിത അകലം വേണമെന്ന വ്യവസ്ഥയും ലംഘിക്കപ്പെട്ടു. ലോറിയിൽനിന്ന് ഇറക്കാനും കയറ്റാനും എട്ടുമീറ്റർ അകലം വേണമെന്ന വ്യവസ്ഥയും ലംഘിക്കപ്പെട്ടു. തീപിടുത്ത സാധ്യതയുള്ള മിന്നൽ പോലുള്ളവയിൽ നിന്ന് സംരക്ഷിക്കാൻ കോപ്പർമെഷും എർത്തിങ്ങും വേണമായിരുന്നു. സർവോപരി, പൂർണമായി അടച്ചുകെട്ടി തീപിടുത്തത്തിന് എല്ലാ സാഹചര്യവും ഉടമ ഒരിക്കിയിരുന്നു.

നിയമത്തിലെ മറ്റൊരു പ്രധാന നിബന്ധന, വെൽഡിംഗ് സാമഗ്രികളും പണികളും ഈ പരിസരത്ത് പാടില്ല എന്നതാണ്. എന്നാൽ ഈ നിബന്ധനയും ലംഘിച്ച് വെൽഡിംഗ് ജോലി അവിടെ നടന്നിരുന്നു. മറ്റൊരു പ്രധാന കാര്യം, പാചക വാതകമുപയോഗിച്ച് മുകൾനിലയിൽ ദിവസവും പാചകം നടന്നിരുന്നു എന്നാതാണ് – മാത്രമല്ല തൊഴിലാളികളെ അവിടെ താമസിപ്പിക്കുകയും ചെയ്തു. എപ്പോൾ വേണമെങ്കിലും പൊട്ടിത്തെറിക്കാവുന്ന ഒരു കമ്പനിയിൽ തൊഴിലാളികളെ താമസിപ്പിക്കുക എന്നത് ബോംബിളിജൻസാണ് കാണിച്ചത്.

കമ്പനിയിൽ തീപിടുത്തമുണ്ടായി അൽപസമയത്തിനുള്ളിൽ ആകാശത്തോളം ഉയരത്തിൽ ഉഗ്ര സ്ഫോടനത്തോടെ തീനാളങ്ങൾ ഉയർന്നുപൊങ്ങി, തുടർന്ന് റോഡിലേക്ക് വെള്ളം കണക്കെ പെട്രോളിയം ഉൽപ്പന്നങ്ങൾ ഒഴുകിപ്പരന്ന് റോഡിൽ 200 മീറ്ററോളം അഗ്നിപ്രളയമുണ്ടായി. ഇത് അഗ്നിശമനസേനയുടെയും നാട്ടുകാരുടെയും ചങ്കിടിപ്പ് കൂട്ടി.

**കമ്പനിയിൽ ഞങ്ങൾ നേരിൽ കണ്ടത്**

ജനുവരി 20 നാണ് വസ്തുതാന്വേഷണത്തിന്റെ ഭാഗമായി, തീപിടുത്തമുണ്ടായ കമ്പനികൾ ഞങ്ങൾ സന്ദർശിച്ചത്. അന്വേഷണ സംഘത്തിൽ ദുരന്തനിവാരണ അതോറിറ്റി മുൻ അംഗം കെ.ജി. താരാദേവി, ഡോ. എൻ. ചന്ദ്രമോഹൻ കുമാർ, അഡ്വ. അഷ്കർ ഖാദർ, അൻവർ സി.ഐ, പുരുഷൻ ഏലൂർ തുടങ്ങിയവരാണ് ഉണ്ടായിരുന്നത്. ഓറിയോൺ കമ്പനിയിലെത്തിയ ഞങ്ങളെ അവിടത്തെ പല കാഴ്ചകളും ഞെട്ടിച്ചു. 20 കിലോ ലിറ്റർ സംഭരണ ശേഷിക്കും 600 ലിറ്റർ തിന്നറും 600 ലിറ്റർ സോൾവെന്റും ഉൽപാദിപ്പിക്കാനും അനുമതിയുള്ള കമ്പനിയിൽ അതുമായി ഒരു താരതമ്യവുമില്ലാത്ത അത്ര ഉയർന്ന അളവിൽ അതിതീവ്ര തീപിടുത്ത സാമഗ്രികൾ സൂക്ഷിച്ചിട്ടുണ്ടായിരുന്നു. പെട്രോളിയം ഉൽപന്നങ്ങൾ കൈകാര്യം ചെയ്യൽ നിയമപ്രകാരമുള്ള അനുമതിയുടെ നഗ്നമായ ലംഘനമായിരുന്നു ഇത്. ഏതാണ്ട് 12 സെന്റ് സ്ഥലമാണ് കമ്പനിക്കുള്ളത് – രേഖകളനുസരിച്ച് ഇതിൽ 366 ചതുശ്ര അടിയുടെ ഒരു കെട്ടിടവും 474 ചതുരശ്ര അടിയുടെ ഒരു ഷെഡ്ഡുമാണ് ഉണ്ടായിരിക്കേണ്ടത്. എന്നാൽ ഈ 12 സെന്റിൽ പൂർണമായും കെട്ടിടവും ഷെഡ്ഡുമായിരുന്നു. എല്ലാത്തരം സുരക്ഷാ നീ

നാശിനിയുണ്ടാക്കുന്ന ഹെക്സാക്ലോറോ സൈക്ലോപെന്റാഡയീൻ (HCCP) ചോർന്ന് 250 പേർക്ക് വിഷയാധയേറ്റു.

രാവിലെയായതിനാൽ സ്കൂൾ കുട്ടികളും തൊഴിലാളികളുമടക്കം ധാരാളം പേർ ബസിലും റോഡിലുമായുണ്ടായിരുന്നു. ശ്വാസതടസവും ശർദ്ദിലും കണ്ണിൽ കുത്തിക്കയറുന്ന വേദനയും വയർ വീർക്കലും നെഞ്ചുവേദനയുമായി എല്ലാവരെയും ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ലേഖകന്റെ ഭാര്യക്ക് അന്ന് ഗുരുതര വിഷബാധയേറ്റിരുന്നു. 2004 ജൂലൈ ഏഴിന് പുലർച്ചെ രണ്ടു മണിയോടെ ഏലൂർ മറ്റൊരു രാസദുരന്തത്തിന് സാക്ഷ്യം വഹിച്ചു. എച്ച്.ഐ.എല്ലിന്റെ എൻഡോസൾഫാൻ പ്ലാന്റിലുണ്ടായ തീപിടുത്തിൽ പ്ലാന്റ് പൂർണമായും നശിച്ചു. ഏലൂർ വടക്കുംഭാഗത്തെയും ഫെറി ഭാഗത്തെയും ജനങ്ങൾ ജീവനും കൊണ്ട് രാത്രി പാലായനം ചെയ്തു.

2008ലുണ്ടായ അഗ്നിബാധയിൽ മെർക്കത്തിന്റെ NAM BT പ്ലാന്റ് നശിച്ചു. 2016 ൽ HIL കമ്പനിയിലെ കാർബൺ ഡൈസൾഫൈഡ് കത്തി രണ്ട് തൊഴിലാളികൾ മരിക്കുകയും 14 പേർക്ക് പൊള്ളലേൽക്കുകയും ചെയ്തു. എടയാർ മേഖലയിൽ വ്യവസായ അപകടവും തീപിടുത്തവും നിത്യസംഭവങ്ങളാണ്. വർഷങ്ങൾക്കുമുമ്പ് ഒരു കമ്പനിയുടെ മൊളാസിസ് ടാങ്കിൽ വീണ് നാലുപേർ മരിച്ചു.

പേപ്പർ കമ്പനിയിൽ ആറുപേർ മരിച്ചു. ഏതാണ്ട് എല്ലാ വർഷങ്ങളിലും അമോണിയ, സൾഫർ ഡയോക്സൈഡ് ചോർച്ച പതിവാണ്. അങ്ങനെ വാതക ചോർച്ചയും അപകടവും നിത്യസംഭവങ്ങളാകുന്ന ഒട്ടും സുരക്ഷിതമല്ലാത്ത – രാസ സുരക്ഷയും ജീവ സുരക്ഷയും ഒട്ടുമില്ലാത്ത പ്രദേശമായി ഏലൂരും എടയാറും മാറുകയാണ്.

**ആരാണ് ഉത്തരവാദികൾ?**

രാസദുരന്തങ്ങളുടെയും തീപിടുത്തിന്റെയും മുഖ്യ ഉത്തരവാദിത്വം ഫാക്ടറീസ് ആന്റ് ബോയിലേഴ്സിനും മലിനീകരണ നിയന്ത്രണ ബോർഡിനുമാണ്. ഓറിയോൺ കമ്പനിയിൽ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് പരിശോധനക്കെത്തിയിട്ട് ആറുവർഷം കഴിഞ്ഞു. അതായത്, അവിടത്തെ ദുരന്തത്തിന്റെ മുഖ്യ ഉത്തരവാദി ടി വകുപ്പാണന്നർത്ഥം. ഒരിക്കൽ കൊടുത്ത അനുമതിപത്രമനുസരിച്ചാണോ ഈ സ്ഥാപനം പ്രവർത്തിക്കുന്നത് എന്ന് നോക്കാനുള്ള നിയമപരമായ ബാധ്യതയിൽ നിന്നാണ് ഇവർ ഒഴിഞ്ഞു മാറുന്നത്. വൻ രാസദുരന്തങ്ങളാണ് ഇതുമൂലം സംഭവിക്കുന്നത്. ഇത് പ്രകൃതിയിൽ ഏൽപിക്കുന്ന ആഘാതങ്ങൾ എത്ര വലുതാണ്. ഏലൂരിലെയും എടയാറിലെയും എല്ലാ കമ്പനികളുടെയും അവസ്ഥ ഏതാണ്ട് ഇതൊക്കെ തന്നെയാണ്. ഈ കമ്പനികളിൽ ഇവർ പരിശോധനക്കെത്തിയിട്ട് വർഷങ്ങളായി. തീപിടുത്തതിനുശേഷം വഴിപാട് പരിശോധനകൾ നടത്തിയിട്ടുണ്ടെന്നുമാത്രം. എല്ലാ കമ്പനികളിലും ഗുരുതര സുരക്ഷാ വീഴ്ചകളാണ് ഞങ്ങൾക്ക് കണ്ടെത്താനായത്. അതുകൊണ്ടുതന്നെ ഏലൂർ-എടയാർ വ്യവസായ മേഖലയിൽ അടിയന്തരമായി കെമിക്കൽ സേഫ്റ്റി ഓഡിറ്റ് നടത്തണം.

**കൃത്യവിലോപത്തിന്റെ പേർ- മലിനീകരണ നിയന്ത്രണ ബോർഡ്**

കൃത്യവിലോപത്തിനും നിയമലംഘനത്തിനും പറയുന്ന പേരാണ് മലിനീകരണ നിയന്ത്രണ ബോർഡ്. ബോർഡ് സമ്പൂർണ പരാജയമാണെന്നും അത് പിരിച്ചുവിടണമെന്നും ആവശ്യപ്പെട്ട് 2002 ൽ ഞാൻ ഹൈക്കോടതിയെ സമീപിച്ചിരുന്നു. കേസ് പരിഗണിച്ച കോടതി, പിരിച്ചുവിടാതിരിക്കാൻ എന്തെങ്കിലും കാരണമുണ്ടോ എന്ന് ബോർഡിനോട് ചോദിച്ചു.

ആവശ്യത്തിന് സ്റ്റാഫില്ലാത്തതാണ് പ്രവർത്തന പോരായ്മക്ക് കാരണമെന്നും സ്റ്റാഫിനെ തന്നാൽ നന്നായി പ്രവർത്തിക്കാമെന്നുമാണ് ബോർഡ് പറഞ്ഞത്. എത്ര സ്റ്റാഫിന്റെ കുറവുണ്ടെന്ന ചോദ്യത്തിന് 69 എന്നായിരുന്നു ഉത്തരം. 69 നിയമനങ്ങളും ഉടൻ നടത്താൻ കോടതി ഉത്തരവിട്ടു.

എന്നാൽ 2004-ൽ സുപ്രീംകോടതി നിരീക്ഷണ സമിതി വന്നതിനുശേഷം വീണ്ടും സ്റ്റാഫിന്റെ കുറവ് വിഷയമായി. അപ്പോൾ, ഞാൻ വിധിയുടെ കാര്യം മെമ്പർ സെക്രട്ടറി ഇന്ദുലാലിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോഴാണ് നിയമനം നടത്തിയിട്ടില്ല എന്ന് പറയുന്നത്. പിന്നീട്, സംസ്ഥാന സർക്കാർ ഒഴിവുനികത്തിയെങ്കിലും ബോർഡ് നന്നായില്ല. ഇപ്പോഴും തീപിടിച്ച കമ്പനിയിലടക്കം എന്താണ് ഉൽപാദിപ്പിച്ചിരുന്നത് എന്ന് ബോർഡിനോട് ചോദിച്ചാൽ വ്യക്തമായ ഉത്തരം അവർക്ക് നൽകാനില്ല എന്നതാണ് വാസ്തവം. വസ്തുതാന്വേഷണത്തിന്റെ ഭാഗമായി മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഏലൂരിലെ ഓഫിസിലെത്തി കാര്യങ്ങൾ തിരക്കിയ ഞങ്ങൾക്ക് വ്യക്തതയുള്ള ഒരു ഉത്തരവും ലഭിച്ചില്ല. കമ്പനിയിൽ എന്ത് ഉൽപാദന പ്രക്രിയയാണ് നടക്കുന്നതെന്നുപാലും അവർക്ക് പറയാനാകുന്നില്ല. കമ്പനി ഉടമ പറയുന്നതിനപ്പുറമുള്ള ഒരു വിവരവും അവരുടെ കൈവശമില്ല. പ്രസ്തുത കമ്പനിയിൽ റിയാക്ടറും ഡിസ്റ്റലറിയും ബോയിലറും എന്തിനുള്ളതായിരുന്നു എന്ന ചോദ്യത്തിന് അറിയില്ലെന്നായിരുന്നു ഉത്തരം. പിന്നെന്ത് പരിശോധനയാണ് ഇവർ നടത്തുന്നതെന്ന ചോദ്യത്തിന് എന്താണ് പ്രസക്തി?

ബോർഡിലെ ഒരു ഉന്നത ഉദ്യോഗസ്ഥൻ തീപിടുത്ത

ത്തെതുടർന്ന് വ്യവസായ മേഖല സന്ദർശിച്ച ശേഷം പറഞ്ഞത്, അവിടെ എന്താ നടക്കുന്നതെന്ന് ഒരു പിടിയുമില്ല എന്നാണ്. അവിടെ കമ്പനിയുടെ ബോർഡുണ്ടായിരുന്നില്ല. മാത്രമല്ല, എന്താണ് ഉൽപാദിപ്പിക്കുന്നത് എന്നോ എന്തൊക്കെ അസംസ്കൃത വസ്തുക്കളാണ് ഉപയോഗിക്കുന്നതെന്നോ എഴുതി പ്രദർശിപ്പിച്ചിരുന്നില്ല; മാത്രമല്ല, അന്വേഷണത്തിന് ഉത്തരവാദിത്വപ്പെട്ട ആരും കമ്പനിയിലില്ല എന്നും ഈ ഉദ്യോഗസ്ഥൻ പറയുന്നു. അതിനർത്ഥം ഇതും ഇതിലപ്പുറവും ഇവിടെ സംഭവിക്കുമെന്നാണ്. ഉത്തരവാദിത്തപ്പെട്ട ഒരു ഏജൻസിയുടെ ഗതികേടാണ് നാം കേട്ടത്.

2003 ഒക്ടോബർ 14നാണ് അപകടകാരികളായ മാലിന്യങ്ങളെ സംബന്ധിച്ച സുപ്രീം കോടതിയുടെ ഉത്തരവുണ്ടായത്. അതുപ്രകാരം H/W നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ പേര്, ഉൽപ്പന്നത്തിന്റെയും മാലിന്യത്തിന്റെയും വിവരങ്ങൾ എന്നിവ കാണാവുന്ന വിധം പ്രാദേശികഭാഷയിൽ പ്രദർശിപ്പിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. അതിനു തയാറാകാത്ത കമ്പനികൾക്കെതിരെ നടപടി സ്വീകരിക്കാമെന്നിരിക്കെ 18 വർഷമായിട്ടും ആ വിധി നടപ്പാക്കാൻ ജഇആ ഉദ്യോഗസ്ഥർക്ക് കഴിഞ്ഞിട്ടില്ല. എടയാർ മേഖലയിലെ എല്ലാ കമ്പനികളും വായു- ജല മലിനീകരണ നിയന്ത്രണ നിയമങ്ങളും പരിസ്ഥിതി സംരക്ഷണ നിയമവും അപകടകരങ്ങളായ മാലിന്യങ്ങളെ സംബന്ധിച്ച നിയമങ്ങളും നഗ്നമായി ലംഘിച്ചാണ് പ്രവർത്തിക്കുന്നത്. അതിനെ തടയേണ്ട PCB യാകട്ടെ നിയമ ലംഘനങ്ങൾക്ക് കൂട്ടുനിൽക്കുകയും ചെയ്യുന്നു.

**ഇനിയെന്തു ചെയ്യണം?**

* ഓറിയോൺ കമ്പനിയിലെ തീപിടുത്തവുമായി ബന്ധപ്പെട്ട് ഉന്നത തല അന്വേഷണം നടത്തി നടപടി സ്വീകരിക്കണം. പ്രത്യേകിച്ച് പെസ്സോ നിയമലംഘനം - അളവിൽ കൂടുതൽ പെട്രോളിയം ഉൽപന്നങ്ങൾ സംഭരിച്ചതും റിയാക്ടറും ഡിസ്റ്റിലേഷൻ കോളവും ബോയിലറുമെല്ലാം എന്തിന്റെ നിർമിതിക്കാണ് നിർമിച്ചതെന്ന കാര്യവും അന്വേഷണപരിധിയിൽ കൊണ്ടുവരണം.

* BPCL ലിൽ നിന്നും HPC യിൽ നിന്നും Mineral Turpentine Oil (MTO) ഒരു കൊല്ലത്തിനിടയിൽ എത്ര അളവിൽ ഇവിടെ കൊണ്ടുവന്നു എന്നും അന്വേഷിക്കണം.

* ഏതു നിമിഷവും വാതക ചോർച്ചയും അഗ്നിബാധയും ഉണ്ടാകാൻ ഇടയുള്ള ഏലൂർ–എടയാർ വ്യവസായ മേഖലയിലെ മുഴുവൻ രാസവ്യവസായ കമ്പനികളും അടിയന്തരമായി രാസസുരക്ഷാ ഓഡിറ്റ് നടത്തി നടപടി സ്വീകരിക്കണം.

* അഗ്നിശമന സേനകൾക്കും ദുരന്ത നിവാരണ സേനക്കും നിർബാധം സഞ്ചരിക്കാനും രക്ഷാപ്രവർത്തനം നടത്താനും ഉതകും വിധം റോഡുകളിലെ തടസം നീക്കണം.



ഓറിയോൺ കെമിക്കൽസിലെ ബോയിലർ കത്തിനശിച്ച നിലയിൽ

* എല്ലാ കമ്പനികളിലെയും അനധികൃത നിർമാണം നീക്കണം.

* തീപിടുത്ത- പൊട്ടിത്തെറി സാധ്യതയുള്ള കമ്പനികളിൽ തൊഴിലാളികളെ പാർപ്പിക്കുന്നതും പാചകം ചെയ്യാൻ അനുവദിക്കുന്നതും ഉടൻ അവസാനിപ്പിക്കണം.

* ജില്ലാ ദുരന്ത നിവാരണ സമിതി അടിയന്തരമായി അഴിച്ചുപണിയണം.

* ഏലൂർ - എടയാർ മേഖലയിൽ അടിയന്തരമായി സമഗ്ര കെമിക്കൽ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ ഉണ്ടാക്കണം.

* ജില്ല, താലൂക്ക്, മുൻസിപ്പൽ (പഞ്ചായത്ത്) തലത്തിൽ അതിന്റെ ചലിക്കുന്ന കമ്മിറ്റികൾ രൂപീകരിക്കണം.

* ദുരന്ത ലഘൂകരണത്തിന് ഓഫ് സൈറ്റ് എമർജൻസി പ്ലാൻ ഉണ്ടാക്കണം,

* എല്ലാ വീടുകളിലും ദുരന്തലഘൂകരണത്തിനായുള്ള ലഘുലേഖകൾ എത്തിക്കണം.?

*(കടപ്പാട് : ട്രൂകോപ്പി തിങ്ക്)*

■

ഫെബ്രുവരി ലക്കത്തിൽ നിന്ന് തുടർച്ച

# സിപിഐ (എംഎൽ) റെഡ്സ്റ്റാർ രാഷ്ട്രീയപ്രമേയം

## സിപിഐ (എംഎൽ) റെഡ്സ്റ്റാർ 12-ാം കോൺഗ്രസിൽ അംഗീകരിച്ചരാഷ്ട്രീയപ്രമേയം

**4. ദേശീയ സാഹചര്യം**

4.1 2015ൽ മോദി ഭരണം 8 മാസം പൂർത്തിയാക്കിയപ്പോഴാണ് പാർട്ടിയുടെ പത്താം പാർട്ടി കോൺഗ്രസ് നടന്നത്. നയങ്ങളിലെ തീവ്ര വലതുപക്ഷ വ്യതിയാനത്തെ സംഗ്രഹിച്ചുകൊണ്ട്, രാഷ്ട്രീയ പ്രമേയം അന്ന് ഇങ്ങനെ പ്രസ്താവിച്ചു: '2.9 മോദിഅധികാരത്തിലേറിയതിനെത്തുടർന്ന് മൻമോഹനോമിക്സ്നിർദ്ദയംത്വരിതപ്പെടുത്തുകയാണ്ചെയ്തത്.'മിനിമം ഗവൺമെന്റ്,' 'നല്ല ഭരണം', 'വികസന സൗഹൃദം', തുടങ്ങിയ കോർപ്പറേറ്റ്-സൗഹൃദ മുദ്രാവാക്യങ്ങളിലൂടെ മുൻകാല 'ഗുജറാത്ത് മോഡൽ' ഇന്ത്യയൊട്ടാകെ നടപ്പാക്കിയത് അതിന്റെ നിദർശനമാണ്. വരും വർഷങ്ങളിലേക്കുള്ള മോദി ഭരണത്തിന്റെ സാമ്പത്തിക നയപരിപാടിയിൽ ബിസിനസ്ചെയ്യുന്നത്എളുപ്പമാക്കുന്നതിനായി ബിസിനസ്സിനായുള്ള സുതാര്യമായ നയ അന്തരീക്ഷം ഉൾക്കൊള്ളുന്ന പരിഷ്കാരങ്ങൾ,ഉദാരമായനികുതിസമ്പ്രദായം, പ്രതിരോധം, റെയിൽവേതുടങ്ങിയ തന്ത്രപ്രധാന മേഖലകളിൽ പോലും നേരിട്ടുള്ള വിദേശ നിക്ഷേപത്തിന്സഹായകമായസമ്പൂർണ്ണഉദാരവൽക്കരണം, ... പൊതുമേഖലാ ബാങ്കിംഗ് പ്രവർത്തനങ്ങൾ ബഹുരാഷ്ട്ര കമ്പനികൾക്കും റിലയൻസ് പോലുള്ള കോർപ്പറേറ്റ് ഭീമന്മാർക്കും പുറം കരാർനൽകൽ,പിപിപിഅടിസ്ഥാനത്തിൽ(അതായത് സ്വകാര്യവൽക്കരണം) ലോകോത്തര സൗകര്യങ്ങളുള്ള 100 നഗരങ്ങൾ നിർമ്മിക്കൽ,കൽക്കരി മേഖലയിൽ സ്വകാര്യ നിക്ഷേപം ആകർഷിക്കൽ, ആണവോർജ്ജ പദ്ധതികൾ പൂർത്തീകരിക്കൽ, അന്താരാഷ്ട്ര ആണവ കരാറുകൾ പ്രാവർത്തികമാക്കൽ, കൃഷിയുടെ ആധുനികവൽക്കരണവുംകോർപ്പറേറ്റ്വൽക്കരണവും,സമയബന്ധിതമായിപദ്ധതികൾക്കാവശ്യമായവനം, പാരിസ്ഥിതിക അനുമതി ലഭ്യമാക്കൽമുതലായവയെല്ലാംഅടങ്ങിയിട്ടുണ്ട്. പ്രതിസന്ധിയിൽപ്പെട്ട് ഉഴറുന്ന അന്താരാഷ്ട്ര ധനമൂലധനത്തിന്റെ ശാസനങ്ങൾക്കുംആവശ്യകതകൾക്കും പൂർണ്ണമായും അനുസൃതമായിട്ടാണ് ഈ രേഖ തയ്യാറാക്കിയിരിക്കുന്നത്. തീർച്ചയായും, സംസ്ഥാന സർക്കാരുകളുടെ വിഭവ സമാഹരണത്തിനുള്ള ഭരണഘടനാപരമായ ഫെഡറൽ അവകാശങ്ങൾ കവർന്നെടുത്തു കൊണ്ട് അടിച്ചേൽപ്പിച്ച നോട്ട് നിരോധനവും ജിഎസ്ടിയും ഈ തീവ്ര വലതുപക്ഷ നവലിബറൽ പ്രക്രിയയ്ക്ക് ഉത്തേജകമായി വർത്തിച്ചു.

4.2 2018ൽ പതിനൊന്നാമത് കോൺഗ്രസ് നടക്കുമ്പോൾ മോദി സർക്കാർ നാല് വർഷം പൂർത്തിയാക്കിയിരുന്നു. ആ കോൺഗ്രസ് അംഗീകരിച്ച രാഷ്ട്രീയ പ്രമേയം ഇങ്ങനെ പറഞ്ഞു: 'നാല് വർഷത്തെ മോദി ഭരണം ഇന്ത്യയുടെ സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ ഘടനയെ ഭയാനകമായതകർച്ചയിലേക്ക് നയിച്ചു. ആർഎസ്എസ് അനുവർത്തിക്കുന്ന തീവ്ര വിഭജന നയങ്ങൾ, ജനങ്ങൾക്കിടയിൽ പരസ്പര വിദ്വേഷം വളർത്തൽ, ദലിതർക്കും ന്യൂനപക്ഷങ്ങൾക്കുമിടയിൽ അരക്ഷിതാവസ്ഥ വർധിക്കുന്ന അന്തരീക്ഷം എന്നിവയുടെ പശ്ചാത്തലത്തിൽ ബിജെപി സർക്കാർ സാമൂഹിക ജീവിതത്തിന്റെ സമസ്തമേഖലകളെയും കോർപ്പറേറ്റ് മൂലധനത്തിന് അടിയറ വെച്ചു. യുഎസ് സാമ്രാജ്യത്വത്തിന്റെ ജൂനിയർ പങ്കാളിയെന്ന നിലയിൽ ഇന്ത്യയുടെ സ്ഥാനം ശക്തിപ്പെടുത്തുകയും അതിനോട് തന്ത്രപരമായ സഖ്യത്തിലേർപ്പെടുകയും ചെയ്ത മോദി, അന്താരാഷ്ട്ര ബന്ധങ്ങളിൽ ഇന്ത്യക്കുണ്ടായിരുന്ന ചേരിചേരാ നിലപാടിനെ ഒരളവു വരെ തകർത്തു. കോർപ്പറേറ്റ്, കാവി ഫാസിസ്റ്റ് ആക്രമണം സുഗമമാക്കുന്നതിന് പാർലമെന്ററി ജനാധിപത്യത്തിന്റെ എല്ലാ സ്ഥാപനങ്ങളെയുംഇടിച്ചുതാഴ്ത്തിയിരിക്കുന്നു.

4.3 ഇപ്പോൾ, 12-ാമത് കോൺഗ്രസ് നടക്കുമ്പോൾ, മോദി.1, മോദി.2 എന്നിവയ്ക്കു കീഴിലുള്ള കോർപ്പറേറ്റ്-കാവി ഫാസിസ്റ്റ് ഭരണം അധികാരത്തിൽ എത്തിയിട്ട് 8 വർഷംപിന്നിട്ടിരിക്കുന്നു. കോർപ്പറേറ്റ് മൂലധനത്തെ സേവിക്കുന്ന മനുവാദി ഹിന്ദുത്വ പ്രത്യയശാസ്ത്രത്തിന്റെ പിൻബലത്തിൽ, മോദിയുടെ അറുപിന്തിരിപ്പൻ ഫാസിസ്റ്റ് ഭരണം കോർ

പ്പറേറ്റ്വൽക്കരണത്തിന്റേയും കാവിവൽക്കരണത്തിന്റേയും നടത്തിപ്പുകാരായി മാറിയിരിക്കുന്നു. ഇപ്പോൾ, ലോകത്തിലെ ഏറ്റവും വലിയ ഫാസിസ്റ്റ് സംഘടനയായ ആർഎസ്എസ് സാമൂഹിക ജീവിതത്തിന്റെ സമസ്തമേഖലകളിലേക്കും അതിന്റെ സ്വാധീനം വ്യാപിപ്പിച്ചിരിക്കുന്നു. അത് ഇന്ത്യയിലെ ഭരണഘടനാപരവും ഭരണപരവുമായ എല്ലാ സ്ഥാപനങ്ങളെയും കാവിവൽക്കരിക്കുന്നതിലേക്ക് നയിക്കുന്നു. മോദി 2 ന് കീഴിൽ 2019 മദ്ധ്യംതൊട്ട് ഫാസിസ്റ്റ് ആക്രമണങ്ങളുടെ പരമ്പര തന്നെ അഴിച്ചുവിട്ടുകൊണ്ടിരിക്കുകയാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 370 റദ്ദാക്കൽ, കാശ്മീരിനെ വെട്ടിമുറിച്ച് ഇന്ത്യൻ യൂണിയനിലേക്ക് നിർബന്ധിതമായി കൂട്ടിച്ചേർക്കൽ, ബാബറി മസ്ജിദ് സ്ഥിതിചെയ്യുന്ന സ്ഥലത്ത് തന്നെ രാമക്ഷേത്രം പണിയുക, പൗരത്വനിയമം ഭേദഗതി ചെയ്തുകൊണ്ട് മുസ്ലീങ്ങളെ രണ്ടാംതരം പൗരന്മാരാക്കുകയോ പൗരത്വം നിഷേധിക്കുകയോ ചെയ്യുക, എൻഇപി2020 വഴി വിദ്യാഭ്യാസത്തെ കാവിവൽക്കരിക്കുകയും, കോർപ്പറേറ്റ്വൽക്കരിക്കുകയും ചെയ്യുക, ഏകീകൃത സിവിൽകോഡിലേക്ക് നീങ്ങുക തുടങ്ങിയ നടപടികൾ അവയിൽ പെടുന്നു. ബഹുദേശീയ,ബഹുഭാഷാ, ബഹുസംസ്കാര, ബഹുവംശീയ, ബഹുമത ഇന്ത്യയ്ക്കുമേൽ ഒരു ഭൂരിപക്ഷ ഹിന്ദുരാഷ്ട്രത്തെ അടിച്ചേൽപ്പിക്കാൻ ആർഎസ്എസ് ഇപ്പോൾ മോദി ഭരണത്തെ ഉപയോഗിക്കുന്നു. ഇത് സുഗമമാക്കുന്നതിന്, പാരമ്പര്യവാദവും വിജ്ഞാനവിരോധവും പ്രോൽസാഹിപ്പിക്കപ്പെടുകയും ആധുനികതയുടെ മൂല്യങ്ങളും യുക്തിസഹ-ശാസ്ത്രീയചിന്തകളും നിരാകരിക്കപ്പെടുകയും ചെയ്യുന്നു. ന്യൂനപക്ഷങ്ങൾ പൊതുവെ അടിച്ചമർത്തപ്പെടുന്നു, ഇസ്ലാം വിരോധം പ്രചരിപ്പിക്കുക വഴി മുസ്ലീങ്ങളെ പ്രത്യേകമായി ഉന്നംവെക്കുകയുംചെയ്യുന്നു. ആർഎസ് എസ് നിയന്ത്രിത കാവി ഭരണകൂടം പ്രതിലോമകരമായ കോർപ്പറേറ്റ്-ധന മൂലധനവുമായി ഒത്തുചേർന്നുകൊണ്ട് ഇന്ത്യയെ ലക്ഷണയുക്തമായ ഒരു നവഫാസിസ്റ്റ് ഭരണകൂടമാക്കിമാറ്റിയിരിക്കുകയാണ്. നവ ഫാസിസത്തിന് കീഴിൽ, പരിസ്ഥിതി ആഘാത പഠനത്തെ സംബന്ധിച്ച നിയമങ്ങളിൽ (ഇഐഎയിൽ)ഭേദഗതിവരുത്തിയതടക്കമുള്ളനടപടികളിലൂടെകോർപറേറ്റുകൾക്ക് പ്രകൃതിയെനിർബാധംകൊള്ളയടിക്കാൻഅവസരമൊരുക്കിയിരിക്കുകയാണ്.ഇത്അഭൂതപൂർവമായ പാരിസ്ഥിതിക വിനാശത്തിലേക്കാണ്നയിച്ചുകൊണ്ടിരിക്കുന്നത്.

4.4 കൊവിഡ് മഹാമാരിയുടെ വരവിനുമുമ്പു തന്നെ, നോട്ട് നിരോധനം, ജിഎസ്ടി, ദേശീയ ആസ്തികൾഅപ്പാടെകൊള്ളയടിക്കൽ, ബഹുരാഷ്ട്ര കമ്പനികളും ഇന്ത്യൻ കോർപ്പറേറ്റുകളും ഭീമമായതോതിൽ സമ്പത്ത് കൈയടക്കൽ എന്നിവ കാരണം, ഇന്ത്യ സാമ്പത്തിക സങ്കോചത്തിന്റെയും റെക്കോർഡ് തൊഴിലില്ലായ്മയുടെയും വൻതോതിലുള്ള ദാരിദ്ര്യത്തിന്റെയും പിടിയിലായിരുന്നു. മോദിയുടെ 2019-ലെ രണ്ടാം വരവോടെ, റെയിൽവേ സ്റ്റേഷനുകൾ, എയർപോർട്ടുകൾ, എൽഐസി, ആയുധ ഫാക്ടറികൾ തുടങ്ങി ബാക്കിയുള്ള പൊതുമേഖലാ ഘടകങ്ങളുടെമൊത്തത്തിലുള്ള ഓഹരിവില്പന പൂർത്തിയാക്കാനുള്ള പ്രക്രിയ ഊർജസ്വലമായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ തുടർച്ചയായി സ്വന്തം കോർപ്പറേറ്റ്-ഫാസിസ്റ്റ് അജണ്ട നടപ്പാക്കുന്നതിനുള്ള സുവർണാവസരമായി മോദി ഭരണകൂടം കോവിഡ് മഹാമാരിയെ സമർത്ഥമായി ഉപയോഗിച്ചു. പാർലമെന്റുമായി കൂടിയാലോചിക്കാതെയും, ഒരു തയ്യാറെടുപ്പും കൂടാതെയും, നവഫാസിസ്റ്റ് ഭരണകൂടം പൊടുന്നനെ ലോകത്തെ ഏറ്റവും കർശനവും നിർബന്ധിതവുമായ മാസങ്ങളോളം നീണ്ട ലോക്ക്ഡൗൺ അടിച്ചേൽപ്പിച്ചത് വ്യാവസായികതകർച്ചയ്ക്കിടയാക്കി, കാർഷികമേഖലയെ അത്യന്തം പ്രതികൂലമായി ബാധിച്ചു. ഭരണസംവിധാനം കൂടുതൽ മർദ്ദനസ്വഭാവം കൈവരിച്ചു.കുടിയേറ്റ, അസംഘടിതതൊഴിലാളികളെ അത് പ്രത്യേകിച്ചും ലക്ഷ്യമിട്ടു. കോവിഡ്നിയന്ത്രണങ്ങളുടെ മറവിൽ അവർക്ക് ആവശ്യമായ ഭക്ഷണവും ജീവിതോപാധിയും നിഷേധിച്ചു. അതിന്റെ ഫലമായി മഹാമാരികാരണം 2020 പകുതിയോടെ ആഗോളതലത്തിൽ സാമ്പത്തികരംഗത്തെ സങ്കോചം 6 % ആയിരുന്നപ്പോൾ ഇന്ത്യയിൽ അത് ഏതാണ്ട് 24 % ആയി. ഇന്ത്യയിലെ അഭൂതപൂർവമായ സാമ്പത്തികതകർച്ചയെ കോവിഡിന്റെ പേരുപറഞ്ഞു വിശദീകരിക്കുന്നത് ഭാഗികസത്യം മാത്രമായിരിക്കും. കോർപ്പറേറ്റ് മൂലധനത്തെ സേവിക്കുന്ന മോദിസർക്കാരിന്റെ തീവ്രവലതുപക്ഷ നവഫാസിസ്റ്റ് നയങ്ങൾ ആണ് പ്രധാന കാരണം.

4.5 മുസ്ലീങ്ങളെ രണ്ടാംതരം പൗരന്മാരായി മുദ്രകുത്തിക്കൊണ്ട് ഹിന്ദുരാഷ്ട്രത്തിലേക്കു നയിക്കാനുള്ള ആർഎസ്എസ്സിന്റെ കുടിലമായ നീക്കമായിരുന്നു സിഎഎ. ചരിത്രപ്രസിദ്ധമായ ഷഹീൻ ബാഗ് പ്രസ്ഥാനം ഉൾപ്പെടെയുള്ള രാജ്യവ്യാപകമായ സിഎഎ വിരുദ്ധ പ്രക്ഷോഭങ്ങൾ നവഫാസിസ്റ്റ് ഭരണകൂടത്തെ പ്രതിരോധത്തിലാക്കി. എന്നാൽ മഹാമാരിയുടെ ആവിർഭാവത്തോടെ കോവിഡ് പ്രോട്ടോക്കോളുകൾക്ക് അനുസൃതമായി, അടിച്ചമർത്തൽ ശക്തമാക്കപ്പെട്ടസാഹചര്യത്തിൽ പ്രക്ഷോഭം നിർബന്ധിതമായി പിൻവലിപ്പിക്കപ്പെട്ടു.

4.6 എന്നിരുന്നാലും, രാജ്യം മഹാമാരിയുടെ ഭാരത്തിൽ ഉഴലുമ്പോഴും, കോവിഡ് ഒരു അവസരമായി ഉപയോഗിച്ച്, മോദി ഭരണം 2020 സെപ്റ്റംബറിൽ ഡബ്ല്യുടിഒയുടെ നിർദ്ദേശപ്രകാരം കാർഷിക കോർപ്പറേറ്റ് വൽക്കരണം ലക്ഷ്യമിട്ടുള്ള മൂന്ന് കാർഷികനിയമങ്ങൾ സാധാരണ പാർലമെന്ററി സമിതികളുടെ പരിശോധനയ്ക്ക് പോലും വിധേയമാക്കാതെ അടിച്ചേൽപ്പിച്ചു. സിഎഎ വിരുദ്ധ പ്രസ്ഥാനം പിൻവലിച്ച് മാസങ്ങൾക്കകംതന്നെ കർഷകരുടെ നേതൃത്വത്തിൽ കൂടുതൽ ശക്തമായ ഐതിഹാസികപോരാട്ടം ഉയർന്നുവന്നു. ഐതിഹാസികമായ കർഷക പ്രസ്ഥാനം ഒരു വർഷത്തിലേറെ നീണ്ടുനിന്നു. കാർഷികനിയമങ്ങൾ പിൻവലിക്കാൻ ഇത് ഭരണകൂടത്തെ നിർബന്ധിതമാക്കി. രാജ്യത്ത് നിലവിലുള്ള 44 തൊഴിൽ ചട്ടങ്ങൾക്ക് പകരമായി നവഫാസിസ്റ്റ് ഭരണകൂടം കൊണ്ടുവന്ന കോർപ്പറേറ്റ് അനുകൂല ലേബർ കോഡുകൾക്കെതിരെ സമാനമായ ആക്രമണം ആരംഭിക്കാൻ അരാഷ്ട്രീയവൽക്കരിക്കപ്പെട്ട മുഖ്യധാരാ ട്രേഡ് യൂണിയൻ നേതൃത്വത്തിന് കഴിയാത്ത പശ്ചാത്തലത്തിൽ ഇത് ഒരുവലിയ വിജയം തന്നെയായിരുന്നു. അതിലും പ്രധാനമായി, സുദീർഘമായകർഷക സമരത്തിൽ നിന്നുള്ള അനുഭവത്തിലൂടെ, ഹരിതവിപ്ലവത്തിന്റെ കടന്നുകയറ്റം കാർഷികമേഖലയിൽ ഉളവാക്കിയ മാറ്റങ്ങളുടെ വ്യാപ്തി തുറന്നുകാട്ടപ്പെട്ടു.കോർപ്പറേറ്റ്വൽക്കരണത്തിനും നവഫാസിസത്തിനുമെതിരെ തൊഴിലാളിവർഗത്തിനും കർഷകർക്കും എല്ലാ അടിച്ചമർത്തപ്പെട്ടവർക്കും ഇടയിൽ ഒരു വിശാലസഖ്യത്തിനുള്ളപുതിയ സാധ്യതകൾ അത് തുറന്നിട്ടു.

4.7 അതേസമയം, കാർഷിക കോർപ്പറേറ്റ്വൽക്കരണം തീവ്രമാകുന്നതിന്റെ പശ്ചാത്തലത്തിൽ ഉയർന്നുവരുന്ന ചുമതലകൾ ശരിയായരീതിയിൽ ഏറ്റെടുക്കാൻ പ്രാപ്തമായ സവിശേഷമായ സംഘടനാ സംവിധാനങ്ങളുടെ അടിയന്തര ആവശ്യം കർഷക പ്രസ്ഥാനം മുന്നോട്ടുവച്ചിട്ടുണ്ട്. നവലിബറൽ-കോർപ്പറേറ്റ്വൽക്കരണ നയങ്ങൾ നിമിത്തം കാർഷിക രംഗത്തുണ്ടായ മാറ്റങ്ങളെക്കുറിച്ച് പാർട്ടിക്ക് വ്യക്തമായ ധാരണയുണ്ടെങ്കിലും, വിവിധസംസ്ഥാനങ്ങളിലെ കാർഷിക മുന്നണിയിലെ നമ്മുടെ പ്രവർത്തനങ്ങളിൽ അസമത്വമുണ്ട്. പല പ്രദേശങ്ങളിലും ഭൂരഹിതരായ ദരിദ്രകർഷകരെ അവരുടെ ആവശ്യങ്ങൾക്കായി സംഘടിപ്പിക്കുന്നതിലാണ് ഇത് പ്രധാനമായും ഒതുങ്ങുന്നത്. ഹരിതവിപ്ലവം സൃഷ്ടിച്ചപ്രശ്നങ്ങളുയർത്തി ചില പ്രചാരണങ്ങളും സമരങ്ങളും നടന്നിട്ടുണ്ട്, പ്രത്യേകിച്ചും കർഷക പ്രക്ഷോഭം ഡൽഹി അതിർത്തിയിൽ എത്തിയതിന് ശേഷം. കർഷകരുടെ ഭൂമി സംരക്ഷിക്കുന്നതിനുള്ള പോരാട്ടം, എംഎസ്പിക്ക് നിയമപരമായ അംഗീകാരം, എപിഎംസികൾ മുഖേന കാർഷിക ഉൽപന്നങ്ങൾക്ക് ലാഭകരമായ വില ഉറപ്പാക്കുക തുടങ്ങിയവ കർഷകാധിഷ്ഠിത കൃഷിയുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. വർത്തമാനസാഹചര്യത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച്, നമ്മുടെ സ്വന്തം അനുഭവത്തെ അടിസ്ഥാനമാക്കി, പരസ്പരബന്ധിതവും എന്നാൽ അതേസമയം വ്യത്യസ്തവുമായ ഈ രണ്ട് കടമകൾ മുന്നോട്ട് കൊണ്ടുപോകുന്നതിനും, കർഷകപ്രസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വികാസത്തിനുമായികാർഷികപരിപാടിയിലുംസംഘടനാതലത്തിലുംആവശ്യമായനടപടികൾകൈക്കൊള്ളേണ്ടതുണ്ട്.

4.8 അടുത്തിടെ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിലെ വിജയത്തിന് ശേഷം, പ്രത്യേകിച്ച് അവർ ഭരിച്ചിരുന്ന നാല് സംസ്ഥാനങ്ങളിൽ വീണ്ടും അധികാരത്തിൽ വന്നതിന് ശേഷം,പേടിപ്പെടുത്തുന്ന ഒരു അന്തരീക്ഷം രാജ്യത്തൊട്ടാകെ നിലവിൽ വന്നിട്ടുണ്ട്. രാമനവമിയും ഹനുമാൻ ജയന്തിയും തുടങ്ങി ഏതാനും ആഴ്ചകൾക്കുള്ളിൽ 'വിഭജന ദിനങ്ങളെ' അനുസ്മരിപ്പിക്കുന്ന അസംഖ്യം വർഗീയ ആക്രമണങ്ങളാണ് മുസ്ലീങ്ങൾക്ക് നേരെ ആർഎസ്എസ് ഗുണ്ടകളുടെ നേതൃത്വത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അരങ്ങേറിയത്. മുഴുവൻ ഭരണകൂടവും പോലീസും കാഴ്ചക്കാരായി നിലകൊള്ളുകയാണ്, കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവരെ വെറുതെ വിടുകയും ഇരകൾക്കെതിരെ കേസുകൾ ചുമത്തുകയും ചെയ്യുകയാണ്. ബിജെപി ഭരിക്കുന്ന യുപി, എംപി, ഗുജറാത്ത്, ഹിമാചൽ പ്രദേശ്, കർണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ അക്ഷരാർത്ഥത്തിൽ 'ബുൾഡോസർ രാജ്' നടപ്പാക്കപ്പെടുന്നു, അതായത്, ഫാസിസ്റ്റ് ഭരണകൂടം അവരുടെ പോലീസിനെയും സുരക്ഷാ സേനയെയും ഉപയോഗിച്ച് മുസ്ലീങ്ങളുടെ വീടുകളും സ്വത്തുക്കളും നശിപ്പിക്കുകയാണ്.

4.9 സായുധരായ കാവി ഗുണ്ടകൾ പ്രകോപനപരമായ മുദ്രാവാക്യങ്ങളുമായി മസ്ജിദുകളിലേക്ക് മാർച്ച് ചെയ്യുകയും താമസക്കാരെ റോഹിങ്ക്യൻ, ബംഗ്ലാദേശ് കൈയേറ്റക്കാരെന്ന് മുദ്രകുത്തി മുസ്ലീം വീടുകളും സ്ഥാപനങ്ങളും ആക്രമിച്ച് നശിപ്പിക്കുകയും പിന്നീട് ഭരണകൂടം ബുൾഡോസർ രാജ് നടത്തുകയും ചെയ്ത രാജ്യ തലസ്ഥാനത്തിലെ ജഹാംഗീർപുരിപോലുള്ള പ്രദേശങ്ങളിലെ സ്ഥിതി ഏറ്റവും ഭയാനകമായിരുന്നു. സുപ്രീം കോടതിയുടെ ഇടപെടലിന് ശേഷവും, കോർപ്പറേറ്റ്-സംഘി മാധ്യമങ്ങൾ തുടർച്ചയായി പ്രചരിപ്പിച്ച അനധികൃത കുടിയേറ്റക്കാരെക്കുറിച്ചു

ള്ള കെട്ടുകഥകളുടെ പിൻബല ത്തിൽ പൊളിക്കൽ തുടർന്നു. ഹിറ്റ്ലറുടെ ഫാസിസകാലത്തേതിന്സമാനമായി, മുസ്ലിംവിരോധം സൃഷ്ടിച്ചെടുക്കുകയും വ്യവസ്ഥാപിതവും ആസൂത്രിതവുമായ രീതിയിൽ വംശഹത്യകൾക്ക് സാഹചര്യമൊരുക്കുകയും 2024 ലെ പൊതുതെരഞ്ഞെടുപ്പിന് മുന്നോടിയായി തീവ്ര വർഗീയ ധ്രുവീകരണത്തിന് കളമൊരുക്കുകയും ആർഎസ്എസിന്റെ ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് ഇന്ത്യയെ ഒരു ഹിന്ദുരാഷ്ട്രമായിപ്രഖ്യാപിക്കുക എന്ന ഹിന്ദുത്വ–ഫാസിസ്റ്റ് അജണ്ടയിലേക്ക് നീങ്ങുകയും ചെയ്യുന്നു.

4.10 ഹിന്ദുരാഷ്ട്രത്തിലേക്കുള്ള ഈ ആസൂത്രിത നീക്കത്തിൽ, മനുസ്മൃതി പ്രകാരം 'മനുഷ്യരേക്കാൾതാണ',മർദ്ദിതരായദളിതരുടെയും സ്ത്രീകളുടെയും അവസ്ഥ കൂടുതൽ വഷളായിക്കൊണ്ടിരിക്കുകയാണ്. ജാതീയമായ അടിച്ചമർത്തൽ, വിവേചനം, ആക്രമണങ്ങൾ, കൊലപാതകങ്ങൾ മുതലായവപതിവായിരിക്കുന്നു.. മനുവാദി–ഹിന്ദുത്വ ഭരണകൂടത്തിന്റെ പരസ്യവും രഹസ്യവും ഔദ്യോഗികവും അനൗദ്യോഗികവുമായ പിൻബലത്തോടെ, ബ്രാഹ്മണിക്കൽ ജാതി വ്യവസ്ഥ മുഴുവൻ ഭരണവ്യവസ്ഥയിലും, രാഷ്ട്രീയം, സമ്പദ്വ്യവസ്ഥ, സംസ്കാരം, ശാസ്ത്രം, ഗവേഷണം തുടങ്ങി എല്ലാ മേഖലകളിലും ആഴത്തിൽവേരൂന്നിയിരിക്കുന്നു. ഭരണഘടനയുടെ 124–ാം ഭേദഗതിയിലൂടെ സാമ്പത്തിക സംവരണം ഉറപ്പുവരുത്തിയ ബിജെപി സർക്കാർ, ജാതിയുടെ അടിസ്ഥാനത്തിലുള്ള സംവരണത്തിൽവെള്ളംചേർത്തിരിക്കുകയാണ്. രാജ്യത്തിന്റെ സമ്പത്തും രാഷ്ട്രീയ അധികാരവും കയ്യടക്കിവെച്ചിരിക്കുന്നഉയർന്ന ജാതിക്കാർ സർക്കാർ ജോലികൾ കൂടുതലായി സ്വന്തംകുത്തകയാക്കുന്നതിലേക്ക് ഇത് വഴി വെക്കുന്നു. ഇതോടൊപ്പം ആർഎസ്എസും ബിജെപിയും ദലിതുകളുടെയും താഴ്ന്ന ജാതിക്കാരുടെയും സംഘടനകളെയും പാർട്ടികളെയും വിഭജിക്കുകയും തകർക്കുകയും ചെയ്യുന്നു. അതിന്റെ പ്രതിഫലനമെന്ന നിലയിൽ, അധികാരം പങ്കിടാമെന്നു വാഗ്ദാനംചെയ്തുകൊണ്ട് 'നവഅംബേദ്ക്കറൈറ്റ്' പാർട്ടികളെയും ജാതിനശീകരണത്തിനായുള്ള അംബേദ്കറുടെ കാഴ്ചപ്പാട് ഉയർത്തിപ്പിടിക്കാത്ത,പകരം സ്വത്വ രാഷ്ട്രീയം ഉയർത്തിപ്പിടിക്കുന്ന വിഭാഗങ്ങളെയും സഖ്യകക്ഷികളാക്കുന്നതിൽ ഹിന്ദുത്വ ശക്തികൾ വിജയം വരിച്ചിരിക്കുന്നു.വർഗവും ജാതിയും ലിംഗവും തമ്മിലുള്ള അവിഭാജ്യ ബന്ധം കണക്കിലെടുത്തുകൊണ്ട്, ഈ നിർണായക സാഹചര്യത്തിൽ പാർട്ടിയുടെ പ്രത്യയശാസ്ത്രപരവും രാഷ്ട്രീയവുമായ മുൻകൈയിൽജാതി നശീകരണ പ്രസ്ഥാനത്തിനും (സിഎംഎം)സ്ത്രീ പ്രസ്ഥാനത്തിനും അടിയന്തരമായി ശക്തമായ രീതിയിൽ (പുതുജീവൻ നൽകേണ്ടതുണ്ട്.

4.11 ഫെഡറലിസത്തിനു വിരുദ്ധമായ ജിഎസ്ടിയുടെ തുടർച്ചയായി, സ്വന്തം ഫാസിസ്റ്റ് സ്വഭാവത്തിന് അനുസൃതമായി, ഹിന്ദി അടിച്ചേൽപ്പിക്കൽ, സംസ്ഥാനങ്ങളുമായി വരുമാനം പങ്കിടാനുള്ള വിമുഖത, ഗവർണർ പദവി ദുരുപയോഗം ചെയ്യുക, രാജ്യത്തൊട്ടാകെ ബാധകമായ നയരൂപീകരണത്തിൽ സംസ്ഥാനങ്ങളെ കണക്കിലെടുക്കാതിരിക്കുക തുടങ്ങിയവയിലൂടെ രാജ്യത്തിന്റെ ഫെഡറൽ സ്വഭാവത്തിന് തുരങ്കം വയ്ക്കുന്നതിലാണ് മോദി ഭരണം ചിട്ടയായി ഏർപ്പെട്ടിരിക്കുന്നത്. രാജ്യത്തിന്റെ വിവിധ മേഖലകളിൽ ഇതിന്റെ പ്രത്യാഘാതങ്ങൾ കാണാൻകഴിയും. നേരത്തെ സൂചിപ്പിച്ചതുപോലെ, ആർട്ടിക്കിൾ 370 റദ്ദാക്കിയത് കശ്മീരി ജനതയെ പൂർണ്ണമായും അന്യവൽക്കരിച്ചിരിക്കുന്നു, ജമ്മു കശ്മീർ പ്രശ്നം ഇപ്പോൾ അപരിഹാര്യമായിമാറിയിരിക്കുന്നു. അസം, മണിപ്പൂർ, നാഗാലാൻഡ്, മിസോറാം തുടങ്ങിയ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും, ത്രിപുരയിലും പോലും വിവിധ ദേശീയതകളെയും വംശങ്ങളെയും മതവിഭാഗങ്ങളെയും പരസ്പരം തമ്മിൽ തല്ലിക്കുന്ന വൃത്തികെട്ട കളിയാണ് ഫാസിസ്റ്റ് മോദി സർക്കാർ കളിക്കുന്നത്. അടുത്തകാലത്തായി, അഫ്സ്പ റദ്ദുചെയ്യുന്നതിനെക്കുറിച്ച് വാചാടോപങ്ങൾ നടത്തിക്കൊണ്ട് ചില പ്രദേശങ്ങളിൽ നിന്ന് കുറേശ്ശേ കുറേശ്ശേയായി പിൻവലിക്കുന്നുണ്ടെങ്കിലും, അത് ഒറ്റപ്പെട്ടരീതിയിലും, ഇരകളുടെ നിരന്തരമായ തീവ്രപീഡനങ്ങളിൽ നിന്ന് ശ്രദ്ധ തിരിച്ചുകൊണ്ട് ഹിന്ദുത്വ ഭരണകൂടത്തിന്റെ പിന്തിരിപ്പൻ താൽപ്പര്യങ്ങളെ സേവിക്കാൻ ഉദ്ദേശിച്ചുള്ളതുമാണെന്ന് വ്യക്തമാണ്. എൻആർസിയും സിഎഎയും അടിച്ചേൽപ്പിച്ചത് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ന്യൂനപക്ഷങ്ങൾക്കും അടിച്ചമർത്തപ്പെട്ട വിഭാഗങ്ങൾക്കും ഇതിനകം തന്നെ വലിയ കോട്ടമുണ്ടാക്കി. ഈ ഗുരുതരമായ സാഹചര്യം കണക്കിലെടുത്തുകൊണ്ട്,ഫെഡറൽ തത്വങ്ങളെ അടിസ്ഥാനമാക്കിയും,വിവിധ ദേശീയതകളുടെ ഭാഷാപരവും വംശീയവും സാംസ്കാരികവുമായ അവകാശങ്ങൾ അംഗീകരിച്ചുകൊണ്ടും, സംസ്ഥാനങ്ങളുടെ ഒരു യൂണിയൻ എന്ന നിലയിൽ ഇന്ത്യയെ പുനഃസംഘടിപ്പിക്കുന്നതിനായിതുടർച്ചയായി ജനകീയ സമരങ്ങൾ നടത്തേണ്ടതുണ്ട്.

*(തുടരും)*



ടി.സി. സുബ്രഹ്മണ്യൻ

# ജനകീയ പ്രതിരോധ ജാഥയും സിപിഎമ്മും

**എ**ന്താണ് ബദൽ , അത് എങ്ങിനെയാണ് സാദ്ധ്യമാവുക എന്ന ചിന്തയിലാണ് രാജ്യം ഇതാ ബദൽ എന്ന് കാണിച്ചു കൊടുക്കാൻ ശേഷിയുള്ള നാടാണ് കേരളം. ആ ബദലിനെ ശക്തിപ്പെടുത്തുക എന്ന കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഉത്തരവാദിത്വമാണ് ജനകീയ പ്രതിരോധ ജാഥയുടെ സംഘാടനം അടക്കമുള്ള പ്രവർത്തനങ്ങളിലൂടെ സി.പി.ഐ.എം ഏറ്റെടുക്കുന്നത്. 2023 മാർച്ച് 3 ലെ 29ാം ലക്കം ചിന്തയിൽ പിണറായി വിജയന്റെ കവർ സ്റ്റോറിയിൽ നിന്നുള്ള ഉദ്ധരണിയാണിത്. സംസ്ഥാന ഭരണ നിർവ്വഹണം നടത്തുന്ന സി.പി.ഐ.എം ജനങ്ങൾക്ക് മുന്നിൽ വയ്ക്കുന്ന ജനകീയ ബദൽ എന്ത് എന്ന് ജാഥാ ക്യാപ്റ്റൻ പലയിടങ്ങളിൽ വിശദീകരിച്ചു കഴിഞ്ഞു. ഏകദേശം ഒന്നേകാൽ ലക്ഷം കോടി ചിലവ് പ്രതിക്ഷിക്കുന്ന കെ റെയിൽ സിൽവർ ലൈൻ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് ജാഥാ ക്യാപ്റ്റനായ പാർട്ടി സെക്രട്ടറി ജനകീയ ബദലായി വിശദീകരിക്കുന്നത്. കാസർഗോഡ് നിന്ന് തിരുവനന്തപുരത്ത് അതിവേഗമെത്താൻ കെ റെയിൽ അനിവാര്യമാണെന്ന് ജനങ്ങൾ അംഗീകരിക്കാത്തതിനാൽ കൂറ്റനാടുനിന്ന് സ്ത്രീകൾ കൊച്ചിയിലെത്തി അപ്പം വിൽക്കാനാണ് കെ.റെയിൽ എന്ന് സ്ഥാപിച്ചെടുക്കാനുള്ള ഗോവിന്ദൻ മാഷിന്റെ തനതു് ശൈലി കേവലമൊരു തമാശയായി തള്ളിക്കളയാനാവില്ല.

മാർക്സിനും മാർക്സിസത്തിനും പറ്റിയ തെറ്റ് കണ്ടെത്തി മാർക്സിസം പരാജയമാണെന്ന് സ്ഥാപിക്കാനുള്ള എം.എ ബേബിയുടെ സൈദ്ധാന്തിക വിശകലനത്തിന് മുന്നേ എം.വി ഗോവിന്ദൻ വൈരുദ്ധ്യാധിഷ്ഠിത ഭൗതീകവാദം ഇന്ത്യൻ സാഹചര്യങ്ങൾക്ക് അനുയോജ്യമല്ലെന്ന് സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുകയുണ്ടായി. മാർക്സിസ്റ്റ് പ്രത്യയശാസ്ത്ര നിലപാടിന്റെ അടിത്തറയായ വൈരുദ്ധ്യവാദത്തെ തള്ളിക്കളയുക എന്നതിനർത്ഥം ഹെഗലിയൻ ആശയവാദത്തെ പാർട്ടിക്കുള്ളിലും വർഗ്ഗ ബഹുജന സംഘടനകളിലും സ്ഥാപിച്ചെടുക്കാനുള്ള വളരെ ആസൂത്രിതമായ പദ്ധതിയുടെ ഭാഗമാണ്.

വിശ്വാസികളെയും അവിശ്വാസികളെയും വർഗത്തിന്റെ അടിസ്ഥാനത്തിൽ സംഘടിപ്പിക്കണമെന്നും, വിശ്വാസികളെ അംഗീകരിച്ചു മാത്രമേ ഇന്ത്യയിൽ ഏത് വിപ്ലവ പാർട്ടിക്കും മുന്നോട്ട് പോകാനാവൂവെന്നായിരുന്നു വിവാദ പ്രസംഗം. ജനാധിപത്യവിപ്ലവം നടക്കാത്ത ഭൂപ്രഭുത്വം അവസാനിച്ചിട്ടില്ലാത്ത ഇന്ത്യയിൽ വൈരുദ്ധ്യാത്മക ഭൗതികവാദം പ്രായോഗികമല്ലെന്നായിരുന്നു പരാമർശം. ഫ്രഞ്ച് വിപ്ലവത്തെ തുടർന്ന് രൂപം കൊണ്ട ബൂർഷ്വ ജനാധിപത്യത്തിലേക്കുപോലും ഇന്ത്യൻസമൂഹം വളർന്നിട്ടില്ല. ജനാധിപത്യവിപ്ലവം നടക്കാത്ത രാജ്യമാണ് ഇന്ത്യ. ഭൂപ്രഭുത്വം അവസാനിക്കാത്ത രാജ്യമാണ്. ഇന്ത്യൻ സമൂഹത്തിൽ മഹാഭൂരിപക്ഷത്തിന്റെയും മനസ്സ് ജീർണമാണ്. നമ്മളിൽ പലരുടെയും ധാരണ വൈരുധ്യാത്മക ഭൗതികവാദം ഇതിന് പകരം വെയ്ക്കാമെന്നാണ്. അതാവില്ലെന്നായിരുന്നു എം വി ഗോവിന്ദന്റെ മാർക്സിസ്റ്റ് വിരുദ്ധ നിലപാട്.

ചരിത്രത്തെ വൈരുദ്ധ്യാത്മകമായ ഭൌതികവാദത്തിന്റെ രീതിശാസ്ത്രം ഉപയോഗിച്ച് വിലയിരുത്തുന്നതാണ് മാർക്സിയൻ ചരിത്ര വീക്ഷണം. വൈരുദ്ധ്യാത്മക ഭൗതികവാദത്തിന്റെ അടിസ്ഥാനത്തിലാണ് പ്രകൃതിയും മനുഷ്യനും തമ്മിലും മനുഷ്യവ്യക്തികളും സമൂഹവും തമ്മിലുമുള്ള ബന്ധങ്ങൾ മാർക്സ് പരിശോധിക്കുന്നത്. (1)മാർക്സിസത്തിന്റെ കാഴ്ചപ്പാടനുസരിച്ച് പ്രാകൃത കമ്മ്യൂണിസത്തിനു ശേഷമുള്ള മനുഷ്യ ചരിത്രം, പരസ്പരം വൈരുദ്ധ്യത്തിലുള്ള വർഗ്ഗങ്ങളായി വിഭജിതമായതാകുന്നു. മനുഷ്യസമൂഹം ഇതുവരെ പിന്നി



ട്ട കാലഘട്ടവും ഇനി പിന്നിടാനുള്ള കാലഘട്ടവും ചേർത്ത് പ്രധാനമായും അഞ്ചു ഘട്ടങ്ങളുള്ളതായി മാർക്സിസം കണക്കാക്കുന്നു.

പ്രാകൃത കമ്യൂണിസം (Primitive Communism), അടിമത്തം (Slavery)നാടുവാഴിത്തം (ഫ്യൂഡലിസം) (Feudalism),മുതലാളിത്തം (സ്വതന്ത്ര കമ്പോള വ്യവസ്ഥ) (Capitalism), സോഷ്യലിസം (Socialism),കമ്യൂണിസം (Communism) എന്നിവയാണവ.

പ്രാകൃത കമ്യൂണിസം എന്നത് മനുഷ്യ സമൂഹത്തിന്റെ ആരംഭഘട്ടമാണ്. മനുഷ്യൻ ഇക്കാലത്ത് ഭക്ഷണം ശേഖരിച്ച് കഴിച്ചിരുന്ന, പെറുക്കിത്തീനികളായ കൂട്ടങ്ങളായിരുന്നു. അന്നന്നത്തെ ഭക്ഷണം അന്നന്ന് കണ്ടെത്തിയിരുന്ന, ഇക്കാലത്ത് മനുഷ്യർക്കിടയിൽ ഒരുതരം സമത്വം നിലനിന്നിരുന്നു. സ്വകാര്യ സ്വത്തിന്റെ അസാന്നിദ്ധ്യമായിരുന്നു ഈ സമൂഹത്തിന്റെ പ്രത്യേകത. കേരളത്തിലെ മാവേലീ സങ്കല്പത്തെ പ്രാകൃതകമ്യൂണിസമായി പ്രാകൃത കമ്മ്യൂണിസ്റ്റ് സമൂഹത്തിന് ഉദാഹരണമായി ചിലർ ചിത്രീകരിക്കാറുണ്ട്.

കൃഷിയുടെയും കൂട്ടായ വാസത്തിന്റെയും ആരംഭത്തോടെ മനുഷ്യരിൽ അസമത്വം വളരാൻ തുടങ്ങി. ഇതിന്റെ പാരതമ്യത്തിൽ കൃഷിയോഗ്യമായ ഭൂമി ചിലരുടെമാത്രം ഉടമസ്ഥതയിൽ ആവുകയും, മറ്റുള്ളവർ അവരുടെ അടിമകളായിത്തീരുകയും ചെയ്തു. അങ്ങനെ മനുഷ്യർക്കിടയിൽ ശത്രുതാത്മകമായ വർഗ്ഗ വിഭജനം ഉണ്ടായി. സ്വകാര്യ സ്വത്തിന്റെ ആവിർഭാവവും വളർച്ചയും ഉണ്ടായ ഈ കാലഘട്ടത്തെയാണ് അടിമത്തം എന്ന് വിളിക്കുന്നത്.

ഈ ഘട്ടത്തിലെ മേധാവി വർഗ്ഗം അടിമ ഉടമകളും കീഴാള വർഗ്ഗം അടിമകളും ആയിരുന്നു. അടിമത്തത്തിന്റെ പാരതമ്യത്തിൽ ഇതിനോടുള്ള എതിർപ്പുകൂടുകയും അത് അടിമത്ത വ്യവസ്ഥിതിയുടെ തന്നെ അവസാനത്തിന് കാരണമാവുകയും ചെയ്തു. അടിമത്തം എന്ന നില അവസാനിക്കുകയും പകരം ഭൂവുടമ-അടിയാൻ ബന്ധം നിലവിൽ വരികയും ചെയ്തു. ഇവിടെ കീഴാള വർഗ്ഗത്തിലെ അടിയാൻ അഥവാ കുടിയാൻ പൂർണ്ണമായും മധാവി വർഗ്ഗത്തിലെ ഭൂപ്രഭുവിന്റെ, ജന്മിയുടെ അടിമയല്ല, മറിച്ച് ചെറിയ അളവിൽ സ്വതന്ത്രനാണ്. എങ്കിലും സാമ്പത്തികമായും സാമൂഹ്യമായും അവൻ പൂർണ്ണമായും ഉടമയുടെ ആശ്രിതനാണ്. ഈ വ്യവസ്ഥിതിയാണ് നാടുവാഴിത്തം അഥവാ ഫ്യൂഡലിസം.

നാടുവാഴിത്തത്തിനെതിരായുള്ള എതിർപ്പ് അതിലെ വൈരുദ്ധ്യം മൂർച്ഛിച്ച്, മുതലാളിത്തം ആവിർഭവിക്കുന്നു. മറ്റുള്ള സാമൂഹ്യ ഘട്ടങ്ങളിൽ നിന്നും വ്യത്യസ്തമായി മുതലാളിത്തത്തിൽ, കീഴാള വർഗ്ഗമായ തൊഴിലാളികൾ വ്യക്തിപരമായി സ്വതന്ത്രരാണെങ്കിലും ഉത്പാദനോപാധികളുടെ നിയന്ത്രണം അധീശ വർഗ്ഗമായ മുതലാളിമാരുടെ കൈകളിലാകയാൽ ചൂഷണം തുടരുന്നു. കൂലിക്കുവേണ്ടി സ്വന്തം അദ്ധ്വാനം വിൽക്കുന്ന തൊഴിലാളി കേവലം കൂലി അടിമയായി മാറുന്നു. മുതലാളിത്ത സമ്പദ് വ്യവസ്ഥയിൽ തൊഴിലാളികളുടെ അദ്ധ്വാന ഫലമായുണ്ടാകുന്ന മിച്ച മൂല്യം മുതലാളിമാർ കവർന്നെടുക്കുകയും എല്ലാ സാമൂഹ്യ സാംസ്കാരിക ബന്ധങ്ങളും പണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം തീരുമാനിക്കപ്പെടുകയും ചെയ്യുന്നു. തൊഴിലാളി അവന്റെ അദ്ധ്വാനഫലമായുണ്ടാകുന്ന ഉത്പന്നത്തിൽ നിന്നും അന്യവൽക്കരിക്കപ്പെടുന്നു. സർവ്വസ്വതന്ത്രമായ വിപണിയാണ് പൂർണ്ണ മുതലാളിത്ത ലോകത്തിന്റെ പ്രത്യേകത. ഭരണകൂടങ്ങൾപോലും വിപണിയെ നിയന്ത്രിക്കുന്നതിൽ നിന്നും മാറുകയും വിപണിയുടെ നിയന്ത്രണക്കാർ സർവ്വശക്തരാവുകയും ചെയ്യും. മുതലാളിത്തത്തിന്റെ ആത്യന്തിക ലക്ഷ്യം പരമാവധി ലാഭമുണ്ടാക്കുക എന്നതു മാത്രമാകുന്നു. ഇത് കുത്തകവത്കരണത്തിലും, ദരിദ്രർ കൂടുതൽ ദരിദ്രരാവുന്നതിലും ആണ് എത്തുക. ദേശരാഷ്ട്രങ്ങളുടെ അതിർത്തികൾ ഭേദിച്ച് വ്യാപിക്കുന്ന പണമൂലധനം മുതലാളിത്തത്തിന്റെ ഉയർന്ന രൂപമായ സാമ്രാജ്യത്വമായി വളർന്നിരിക്കുന്നവെന്ന് മാർക്സിസ്റ്റുകൾ നിരീക്ഷിക്കുന്നു. ഇതിനോടുള്ള തൊഴിലാളി വർഗ്ഗത്തിന്റെ ശക്തമായ എതിർപ്പ് അഥവാ വൈരുദ്ധ്യം മൂർച്ഛിക്കുകയും ആത്യന്തികമായി മു

തലാളിത്തത്തിന്റെ തകർച്ചയിലേക്ക്, സോഷ്യലിസത്തിലേക്ക് അത് നയിക്കുമെന്നും മാർക്സിസം പ്രവചിക്കുന്നു.

എം.എ. ബേബി വ്യാഖ്യാനിക്കുന്നതിങ്ങനെ : സോഷ്യലിസത്തിൽനിന്ന് മുതലാളിത്തത്തിലേക്ക് തിരിച്ചുപോക്കില്ല എന്നു കേട്ടവരാണ് നമ്മൾ. പക്ഷേ, അങ്ങനെയല്ലല്ലോ.'കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ'യുടെ ആശയങ്ങൾ അത് എഴുതപ്പെട്ട കാലത്തുമാത്രമാണ് കൂടുതൽ പ്രസക്തമായത്. ഒരു മതഗ്രന്ഥത്തിന്റെ കാഴ്ചപ്പാടോടെ കാണേണ്ടതല്ല അത്. ആ ഗ്രന്ഥത്തിന്റെ കാഴ്ചപ്പാടിനും പ്രപഞ്ചവീക്ഷണത്തിലും വലിയ മാറ്റങ്ങൾ വന്നുകഴിഞ്ഞു.

അടിസ്ഥാനാശയം മുറുകെപ്പിടിച്ച് കാലോചിതമായി മാറി ഓരോ രാജ്യത്തിന്റെയും സാഹചര്യത്തെ അടിസ്ഥാനമാക്കി പ്രവർത്തിക്കുകയാണ് വേണ്ടത്. തെറ്റായ നടപടികളിലൂടെ വലിയ വീഴ്ച മാർക്സിസത്തിനുണ്ടായിട്ടുണ്ട്. നടത്തിപ്പിൽ മാപ്പർഹിക്കാത്ത അപരാധങ്ങളുണ്ടായിട്ടുണ്ട്. ഗോർബച്ചേവിനെമാത്രം കുറ്റം പറയേണ്ട. അതിനുമുമ്പുള്ളവർ വരുത്തിവെച്ച തെറ്റായ നടപടികൾതന്നെയാണ് പ്രധാനകാരണം.'കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ'യിലും 'മൂലധന'ത്തിലുമുള്ളത് പൂർത്തീകരിക്കപ്പെട്ട സിദ്ധാന്തങ്ങളല്ല. സമത്വപൂർണായ സമൂഹം സ്ഥാപിക്കുന്നതിൽ മാനിഫെസ്റ്റോയിലെ അടിസ്ഥാനശിലകൾ ശരിയാണെങ്കിലും വലിയ ശരിയില്ലായ്മകളുമുണ്ട്.

ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രം ഒരു ഘട്ടം പിന്നിടുമ്പോൾ സമാനമായ ചരിത്ര പശ്ചാത്തലമുള്ള RSS രാജ്യം കൈപ്പിടിയിൽ ഒതുക്കിയെങ്കിൽ പരാജയപ്പെട്ടത് മാർക്സിസമല്ലെന്നും മാർക്സിസത്തിന്റെ പേരിൽ ഇന്ത്യയിൽ പ്രയോഗവൽക്കരിക്കാൻ ശ്രമിച്ച മാർക്സിസ്റ്റ് വിരുദ്ധ സോഷ്യൽ ഡമോക്രാറ്റിക് സമീപനങ്ങളായിരുന്നുവെന്നും മനസ്സിലാക്കാനാവും. ബേബി സൂചിപ്പിക്കും പോലെ ഗോർബച്ചേവിൽ നിന്നല്ല റഷ്യയുടെ തകർച്ചയ്ക്ക് തുടക്കം കുറിക്കുന്നത്. സോഷ്യലിസ്റ്റ് പരിവർത്തന ഘട്ടത്തിൽ മുതലാളിത്ത പുനസ്ഥാപനത്തിലേയ്ക്ക് നയിക്കുന്ന ഘടകങ്ങൾ റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അന്തർലീനമായിരുന്നുവെന്നും അനുകൂല സാഹചര്യത്തിൽ അതു് മറ നീക്കി പുറത്തു വന്നുവെന്നും കണ്ടെത്താനാകും. ഇതംഗീകരിക്കാതിരുന്ന CPM ജനറൽ സെക്രട്ടറി സ.ഇ.എം.എസ്. റഷ്യയിലെ തകർച്ചയിൽ പരിഭ്രാന്തനായി ഗോർബച്ചേവിന്റെ നടപടിയെ കമ്യൂണിസത്തിന്റെ മുന്നോട്ടുള്ള പ്രയാണമായി വിലയിരുത്തുകയായിരുന്നു. മനുഷ്യവംശത്തിന് കുരങ്ങിലേക്ക് തിരിച്ചു പോകാനാവില്ലെന്ന പരിണാമ സിദ്ധാന്തവുമായി മാർക്സിസത്തെ കൂട്ടിക്കുഴക്കുകയായിരുന്നു. 1964 ലെ പിളർപ്പിനെ തുടർന്ന് ഇടതു മുഖം മൂടിയണിഞ്ഞ് തൊഴിലാളി വർഗ്ഗ പ്രസ്ഥാനമായി സ്വയം വിശേഷിപ്പിച്ച സിപിഎം റഷ്യയുടെ തകർച്ചയോടു കൂടി വലത്തോട്ടുള്ള പ്രയാണത്തിന്റെ ഗതിവേഗം വർദ്ധിപ്പിച്ചു. ആഗോളീകരണത്തിന്റെ ഇക്കാലഘട്ടത്തിൽ വിദേശ മൂലധനം സമാഹരിച്ച് വികസന പ്രക്രിയ നടത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പാർട്ടി സ്കൂളുകളിൽ സൈദ്ധാന്തിക വ്യാഖ്യാനം നൽകി. അപ്പോഴും ഒരു തൊഴിലാളിവർഗ്ഗ പാർട്ടിയുടെ ബോൾഷെവിക് സംഘടനാ ചട്ടക്കൂട് സംരക്ഷിക്കുന്നതിൽ വിട്ടുവീഴ്ചക്കിടമില്ലായിരുന്നു. കോർപ്പറേറ്റ് രാജിലേക്കുള്ള മുതലാളിത്ത വികാസഘട്ടത്തിൽ കോർപ്പറേറ്റുകൾക്കെതിരായി സൈദ്ധാന്തിക നിലപാടുകൾ അവതരിപ്പിക്കുകയും കോർപറേറ്റ് വികസന നയം നടപ്പാക്കുകയും ചെയ്തു. ഇതോടെ ബംഗാളിലെ 35 വർഷ സിപിഎം ഭരണത്തിനും ത്രിപുരയിലെ 25 വർഷഭരണത്തിനും അന്ത്യം കുറിച്ചു.

RSS ഉം BJP യും ഇന്ത്യൻ പരമാധികാരം കൈപ്പിടിയിലൊതുക്കിയ സന്ദർഭത്തിൽ ഫാസിസത്തിനെതിരായ ശാസ്ത്രീയ നിലപാട് സ്വീകരിക്കുന്നതിന് പകരം വർഗീയതയ്ക്കെതിരായ പ്രതിരോധമായി ചുരുക്കി. വികസന വിനാശ പദ്ധതിയായ കെ റെയിലിനും അദാനിയുടെ വിഴിഞ്ഞം പദ്ധതിക്കും എതിരായ സമരമുഖത്തിറങ്ങിയ ജനസമൂഹത്തെ പ്രതിരോധിക്കാൻ സ്റ്റേറ്റ് അതിന്റെ പ്രതിരോധ സേനയുടെ കായികബലം പ്രയോഗിച്ചു. ജനകീയ പ്രതിരോധമെന്നാൽ ജനങ്ങളുടെ അതിജീവന പോരാട്ടങ്ങളെ സ്റ്റേറ്റ് മർദ്ദനോപാധികളെ ഉപയോഗിച്ച് തകർക്കലാണെന്ന് പരസ്യ പ്രഖ്യാപനം നടത്തി. സ്വാശ്രയ വിദ്യാഭ്യാസത്തിനായി കേരളത്തിൽ നിന്ന് മറ്റ് സംസ്ഥാനങ്ങളിലേക്ക് ഒഴുകുന്ന മൂലധനം സംസ്ഥാനത്തു് പിടിച്ചു നിർത്താൻ സിപിഎം നേരിട്ട് സ്വാശ്രയ കോളേജ് മുതലാളി പട്ടം ഏറ്റെടുത്തു. കുടിയേറ്റം ലോക കോർപ്പറേറ്റ് വ്യവസ്ഥയുടെ അവിഭാജ്യഘടകമായ ഈ ഘട്ടത്തിൽ വിദേശ ഉപരിപഠനം മൂലധന ഒഴുക്കിന് വഴിയൊരുക്കുന്നതിനാൽ വിദേശ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംസ്ഥാനത്തു് സ്ഥാപിക്കേണ്ടതിന്റെ അടിയന്തിര കടമയെക്കുറിച്ച് ബോധവൽക്കരിക്കാനും അതിനെതിരായ ശബ്ദങ്ങളെ പ്രതിരോധിക്കാനും ജനകീയ പ്രതിരോധ ജാഥ ലക്ഷ്യം വയ്ക്കുന്നു.

അടുത്ത ഇരുപത്തഞ്ച് വർഷത്തേക്കുള്ള കോർപ്പറേറ്റ് വികസനപരിപ്രേഷ്യം അംഗീകരിച്ച സി.പിഎം പാർട്ടി കോൺഗ്രസ്സ് കേരളത്തിൽ നിറം കെടാത്ത ചെങ്കൊടിയെ കാവി മുക്കാനുള്ള ഒരുക്കത്തിലാണ്.

സിപിഐ, സിപിഎം പാർട്ടികളിലെ അംഗങ്ങൾ ഈ വലതുപക്ഷവൽക്കരണത്തിനെതിരായ ജനകീയ ബദൽ ആഗ്രഹിക്കുമ്പോൾ, ശരിയായ ഒരു ഇടതുബദൽ അവർക്ക് മുന്നിൽ സമൂഹ്യ യാഥാർത്ഥ്യമായി രൂപപ്പെടാത്തതിനാൽ ജനങ്ങളുടെ പ്രതീക്ഷകളെ തളച്ചിടുന്നതിനുള്ള പ്രതിരോധമായിത്തീരുന്നു ജനകീയ പ്രതിരോധ ജാഥ.

■



**കെ എൻ രാമചന്ദ്രൻ**

*ഹിറ്റ്‌ലറുടെ ഫാസിസകാലത്തേതിന് സമാനമായി, മുസ്ലിം വിരോധം സൃഷ്ടിച്ചെടുക്കുകയും വ്യവസ്ഥാപിതവും ആസൂത്രിതവുമായ രീതിയിൽ വംശഹത്യകൾക്ക് സാഹചര്യമൊരുക്കുകയും 2024 ലെ പൊതുതെരഞ്ഞെടുപ്പിന് മുന്നോടിയായി തീവ്ര വർഗീയ ധ്രുവീകരണത്തിന് കളമൊരുക്കുകയുംആർഎസ്എസിന്റെ ശതാബ്ദി ആഘോഷത്തോടനുബന്ധിച്ച് ഇന്ത്യയെ ഒരു ഹിന്ദുരാഷ്ട്രമായിപ്രഖ്യാപിക്കുക എന്ന ഹിന്ദുത്വ-ഫാസിസ്റ്റ് അജണ്ടയിലേക്ക് നീങ്ങുകയും ചെയ്യുന്നു.* **(സിപിഐ (എംഎൽ) റെഡ്സ്റ്റാർ 12-ാം കോൺഗ്രസിൽ അംഗീകരിച്ചരാഷ്ട്രീയപ്രമേയത്തിൽ നിന്ന്)**

# ചോദ്യോത്തര പംക്തി

ചോദ്യം : ആർ.എസ്.എസ്. നവ ഫാസിസ്റ്റ് ശക്തികൾ ഇന്ത്യൻ ഭരണകൂടത്തിന്റെ നിയന്ത്രണം കൈക്കലാക്കിയിരിക്കുന്നു. അവരെ തുരത്തണം. പൊതു ജനാധിപത്യ ശക്തികളുടെ ഒരു മുന്നണിയിലൂടെ മാത്രമെ അതിനു കഴിയുകയുള്ളു. പക്ഷെ ഈ മുന്നണി അമൂർത്തമായ ഒന്നല്ല. മൂർത്ത സ്വഭാവമുള്ള രാഷ്ട്രീയ പാർട്ടികളുടെയും ഗ്രൂപ്പുകളുടെയും ലക്ഷ്യാധിഷ്ഠിത ഐക്യത്തിലൂടെ മാത്രമെ ഇത് സാധ്യമാവുകയുള്ളു. എന്നു മാത്രമല്ല ആ മുന്നണിയിലെ പ്രബല പാർട്ടിയുടെ നേതൃത്വത്തിൽ മാത്രമെ അത് സാധ്യമാവുകയുള്ളു. ഈ യാഥാർത്ഥ്യം അംഗീകരിക്കുന്നതിനു പകരം ജനകീയ മുന്നേറ്റം, ജനകീയ ശക്തി, തുടങ്ങിയ അമൂർത്ത കൽപ്പനകൾ മുമ്പോട്ട് വെച്ചിട്ട് കാര്യമില്ല. (ജനകീയത, ജനാധിപത്യം എന്നീ പ്രതിഭാസങ്ങളൊക്കെ രാഷ്ട്രീയ മേഖലയിൽ പ്രത്യക്ഷമാവുന്നത് അമൂർത്തമായ രീതിയിലല്ല. രാഷ്ട്രീയശക്തികളുടെ രൂപത്തിലാണ്) ഫാസിസം ആധിപത്യം ചെയ്യുത്തുന്ന സന്ദർഭത്തിൽ അതിനെതിരെ കെട്ടിപ്പടുക്കേണ്ട രാഷ്ട്രീയ ഐക്യത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ, പാർട്ടികളുടെ സാമ്പത്തികനയ - വർഗ സ്വഭാവം മുഖ്യപരിഗണനയല്ല. അവർ പൊതുവായ ഫാസിസ്റ്റ് വിരുദ്ധ മുന്നണിയിൽ അണിചേരുമോ എന്നതാണ് പ്രശ്നം. (ചിലപ്പോൾ അടിച്ചമർത്തൽ നേരിടുന്ന ന്യൂനപക്ഷ മത ശക്തികൾക്കും, ജാതികൾക്കു പോലും ഇതിൽ സാഹചര്യത്തിനനുസരിച്ച് ഇടം കിട്ടിയേക്കാം.) പക്ഷെ ഇന്ത്യൻ കമ്യൂണിസ്റ്റുകൾ നിർണായക സന്ദർഭത്തിലെല്ലാം സാമ്പത്തീക നയം ചൂണ്ടിക്കാട്ടി ഫാസിസ്റ്റ് വിരുദ്ധ ഐക്യത്തെ ശിഥിലമാക്കുകയാണ് ചെയ്ത് വരുന്നത്. അതെ നിലപാട് തന്നെയാണ് കെ.എൻ. രാമചന്ദ്രന്റെ വീക്ഷണത്തിലും കാണാൻ കഴിയുന്നത്.

ഇന്നത്തെ ഇന്ത്യൻ സാഹചര്യത്തിൽ 22% വോട്ടുള്ള കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള ഒരു മുന്നണിക്കുമാത്രമെ ബിജെപിയെ അധികാരത്തിൽ നിന്നു തുരത്താൻ കഴിയൂ എന്നതാണ് മൂർത്ത യാഥാർത്ഥ്യം. അതിന് റെഡ് സ്റ്റാർ തയ്യാറാകുമോ? സിപിഐ+സിപിഎം ന് ഉള്ളത് 1.75% വോട്ടാണ്. എല്ലാ എം.എൽ. ഗ്രൂപ്പുകളും കൂടി ചേർന്നാൽ ഏതാണ്ട് ഇത്ര തന്നെ വരാം. (ജനകീയ മുന്നണി പോലുള്ള അമൂർത്ത സങ്കൽപ്പങ്ങളെക്കുറിച്ച് പറയുമ്പോൾ ശാക്തീകമായ മൂർത്ത യാഥാർത്ഥ്യം ഇതാണെന്ന് മനസിലാക്കണം) ഇവർ തമ്മിൽ ചേരാനും പോകുന്നില്ല. ഒന്നോ രണ്ടോ ശതമാനം വോട്ടുള്ള ഒരു ശക്തിക്ക് ഫാസിസ്റ്റ് വിരുദ്ധ ജനാധിപത്യ മുന്നണിയുടെ നേതൃത്വമാവാൻ കഴിയുമോ? ആരെങ്കിലും അവരുടെ പിന്നിൽ വരുമോ?

ജനകീയ ഐക്യം എന്നൊക്കെ പറയുമ്പോഴും റെഡ് സ്റ്റാറിന്റെ മനസിലുള്ളത് രഹസ്യാത്മകതയും, അണ്ടർ ഗ്രൗണ്ട് യുദ്ധവും, സായുധസമരവും, പാർട്ടീ ഭരണകൂടത്തിന്റെ സംസ്ഥാപനവും,മറ്റുമാണെന്ന് തോന്നുന്നു.

***– പവിത്രൻ കോയിലോത്ത്***

ഉത്തരം : സി.പി.ഐ (എം എൽ ) റെഡ് സ്റ്റാറിന്റെ പന്ത്രണ്ടാം പാർട്ടി കേൺഗ്രസ്സ് അംഗീകരിച്ച രാഷ്ട്രീയ പ്രമേയ (സഖാവ് മാസിക.ലക്കം ഫെബ്രുവരി 10.) ത്തിൽ , വർത്തമാന സാഹചര്യത്തിൽ അടിയന്തിരവും മുഖ്യവുമായി ആർ.എസ്സ് എസ്സ് ഫാസിസത്തിനെതിരെ പോരാടുന്നതെങ്ങിനെയെന്ന് വിശദമായി പ്രതിപാദിക്കുന്നുണ്ട്. പ്രഥമവും പ്രധാനവുമായ കടമയായി അതു ചൂണ്ടിക്കാട്ടുന്നത് എല്ലാ വരുംകാല തെരഞ്ഞെടുപ്പുകളിലും പ്രത്യേകിച്ച് . 2024 ലോകസഭ തെരഞ്ഞെടുപ്പലും

ആർ എസ് നയിക്കുന്ന ബിജെപിയെ തോൽപ്പിക്കുന്നതിനു വേണ്ടി കോൺഗ്രസ്സ് ഉൾപ്പെടെയുള്ള ഭരണവർഗ്ഗ പാർട്ടികളും പ്രാദേശിക പാർട്ടികളും പാർലിമന്ററി ഇടതു പക്ഷ പാർട്ടികളും ഉൾപ്പെടെ, ബിജപിയെ തോൽപ്പിക്കാൻ തയാറുള്ള എല്ല ശക്തികളും ചേർന്നുള്ള ഏറ്റവും വിശാലമായ മുന്നണിയോ പൊതു പ്ലാറ്റ്ഫോമോ (പൊതു വേദി) സാക്ഷത്കരിക്കുന്നതിന് സാധ്യമായ എല്ലാ പ്രവർത്തനങ്ങളും ഏറ്റെടുക്കാൻ വിപ്ലവ ഇടതുപക്ഷ ശക്തികൾ മുന്നിട്ടിറങ്ങണമെന്നാണ്.

ഈ അടിസ്ഥാനത്തിലാണ് 2022 മാർച്ചിലെ യു.പി. തെരഞ്ഞടുപ്പിൽ ബി.ജെപി. യെ പരാജയപ്പെടുത്തുക. ജനാധിപത്യം സംരക്ഷിക്കുക (DEFEAT BJP, SAVE DEMOCRACY) എന്ന മുദ്രാവാക്യത്തോടെ തങ്ങളാൽ കഴിയുന്ന ശക്തി കേന്ദ്രീകരിച്ച് കൊണ്ട് റെഡ് സ്റ്റാർ പ്രചരണം നടത്തിയത്. പക്ഷേ ഭരണവർഗ്ഗ പാർട്ടികളോ, മായാവതി നയിക്കുന്ന BSP പോലുള്ള പാർട്ടികളോ പാർലമെന്ററി ഇടത് പാർട്ടികളോ ഇതിന് തയാറാകാതിരുന്നതുകൊണ്ടാണ് ബിജെപി വീണ്ടും അധികാരത്തിൽ വന്നത്. ഇതുതന്നെയാണ് തൊട്ടു മുമ്പ് നടന്ന ത്യപുര നാഗാലാന്റ് തെരഞ്ഞെടുപ്പുകളിലും നടന്നത്.

അതുകൊണ്ടാണ് കോൺഗ്രസും CPM ഉം ഉൾപ്പെടെയുള്ള ഭരണം പങ്കിടുന്ന പാർട്ടികൾ പിന്തുടരുന്ന നവ ഉദാരീകരണ നയങ്ങളോട് ശക്തമായ എതിർപ്പുള്ളപ്പോൾ പോലും അവയെ ഉൾകൊള്ളുന്ന ഏറ്റവും വിശാലമായ ബി.ജെ.പി.വിരുദ്ധ മുന്നണി രൂപം കൊടുക്കാൻ പാർട്ടി വളരെ സമൂർത്തമായി തങ്ങളിൽ കഴിയാവുന്ന വിധം, പരമാവധി ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്നത് ഇതിന്റെ ഭാഗമായിട്ടാണ് മാർച്ച് 11. 12, തിയ്യതികളിൽ ഭാരത് ബചാവോ അന്തോളൻ എന്ന ബാനറിൽ ഡൽഹിയിൽ വിവിധ ബിജെപി വിരുദ്ധ ശക്തികളെ ഐക്യപ്പെടുത്തുവാൻ വിശലമായ കൺവൻഷൻ ഡൽഹിയിലെ സുജിത്ത് ഭവനിൽ സംഘടിപ്പിച്ചിരിക്കുന്നത്.

അതേ സമയം ഈ വിശാല മുന്നണി കെട്ടിപ്പെടുക്കാൻ ശ്രമിക്കുമ്പോൾ തന്നെ,അതിനെ ഒരു വിധത്തിലും ദുർബ്ബലപ്പെടുത്താതെ, എന്നാൽ അതേ സമയം എല്ല രംഗത്തും കമ്മ്യൂണിസ്റ്റ് മുൻകൈ ശക്തിപ്പെടുത്തുന്ന ദിശയിൽ,പരിപാടിയുടെ അടിസ്ഥാനത്തിൽ, ഐക്യപ്പെടുത്തി, വിപ്ലവ ബദൽ കെട്ടിപ്പെടക്കുന്ന പ്രവർത്തനം മുന്നോട്ട്കൊണ്ട് പോകണമെന്ന് പ്രമേയം ആഹ്വാനം ചെയ്യുന്നത്.

രണ്ടാ ലോക യുദ്ധകാലത്ത് ഫാസിസ്റ്റ് ശക്തികളുടെ പരാജയപ്പടുത്താൻ നേതൃത്വ പരമായ പങ്ക് വഹിച്ചിട്ട് പോലും, യുദ്ധാനന്തര കാലത്ത് കമ്യൂണിസ്റ്റ് മുൻ കൈ പ്രവർത്തനം മുന്നോട്ടു പോകാൻ കഴിയാതിരുന്നതു മൂലം നേരിടേണ്ടി വന്ന അതീവ ഗുരുതരമായ തിരിച്ചടികൾ വിലയിരുത്തി കൊണ്ടാണ് രാഷ്ട്രീയ പ്രമേയം ഈ നിലപാടുകൾ സ്വീകരിക്കുന്നത്.. ഈ രണ്ടു കടമകളും പരസ്പരപൂരകമാണ്.


■

# പി.രാജൻ രക്തസാക്ഷി അനുസ്മരണം

ഇന്ത്യയിലെ ബ്രാഹ്മണിക്കൽ ഹിന്ദുത്വ ഫാസിസത്തിനെതിരായ രാഷ്ട്രീയശക്തികളും ഫാസിസ്റ്റ് അനുകൂല പിന്തിരിപ്പൻ ശക്തികളും മുഖാമുഖം നിൽക്കുന്ന യുദ്ധമുഖമാണ് ഇന്ത്യയിൽ ഇനി രൂപപ്പെടാൻ പോകുന്നതെന്നും അതിനുള്ള രാഷ്ട്രീയമായ ആയുധമണിയലാണ് കമ്യൂണിസ്റ്റുകാർ ചെയ്യേണ്ടതെന്നും സി പി ഐ എം.എൽ റെഡ്സ്റ്റാർ കേന്ദ്രക്കമ്മറ്റി അംഗം എം.കെ ദാസൻ അഭിപ്രായപ്പെട്ടു.

കോർപ്പറേറ്റ് മൂലധനവുമായി സന്ധി ചെയ്ത ഇന്ത്യൻ ഭരണാധികാരി വർഗ്ഗങ്ങൾ സാധാരണക്കാരായ കോടിക്കണക്കിന് മനുഷ്യരെ തീരാ ദുരിതത്തിലേക്കാണ് തള്ളിവിട്ടു കൊണ്ടിരിക്കുന്നത്. ഒരു ഭാഗത്ത്യാതൊരു വിധ മാനദണ്ഡങ്ങളുമില്ലാതെ പെട്രോൾ ഡീസൽ വില കുത്തനെ വർദ്ധിപ്പിക്കുകയും , അരിയടക്കമുള്ള നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചുയരുകയുമാണ്. എക്കാലത്തേയും പോലെ ഞടട നേതൃത്യം നല്കുന്ന ഭരണകൂടം അതിന്റെ കോർപ്പറേറ്റ് സേവ തുടരുന്നു മറുഭാഗത്ത് കൊളോണിയൽമൂലധനത്തിന്റെ പിന്തുണയോടെ ഹിന്ദുത്വ അജണ്ട നടപ്പാക്കുകയും ചെയ്യുന്നു. അടിയന്തിരാവസ്ഥാ രക്തസാക്ഷി പി.രാജന്റെ അനുസ്മരണത്തിന്റെ ഭാഗമായി പേരാമ്പ്രയിൽ നടന്ന പൊതുയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. എ എം അഖിൽ കുമാർ അധ്യക്ഷത വഹിച്ചു. എം.പി കുഞ്ഞിക്കണാരൻ

കെ.ബാബുരാജ് ,വേണുഗോപാലൻ കുനിയിൽ . വി.എ ബാലകൃഷ്ണൻ എൻ.എം പ്രദീപൻ എന്നിവർ സംസാരിച്ചു.



ടി.നാരായണൻ വട്ടോളി

# STARS-സ്വകാര്യവൽക്കരണത്തിനുള്ള നവലിബറൽ രൂപരേഖ

കേരള സർക്കാർ വിദ്യാഭ്യാസ മേഖലയിൽ STARS (Strengthening Teaching-Learning And Results for States) എന്ന പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്താനുള്ള പുരോഗമനപദ്ധതി എന്നാണ് വിദ്യാഭ്യാസമന്ത്രി വി.ശിവൻകുട്ടി ഇതിനെ വിശേഷിപ്പിച്ചിരിക്കുന്നത്.

STARS പദ്ധതി നടപ്പാക്കാൻ ഇന്ത്യ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരിക്കുന്നത് ലോകബാങ്കാണ്. 2019 ഒക്ടോബർ മാസത്തിൽ ലോകബാങ്കും ഇന്ത്യ ഗവൺമെന്റും തമ്മിൽ ആരംഭിച്ച ചർച്ചകൾക്കൊടുവിൽ 2020 ജൂൺ 24 നാണ് പ്രോജക്റ്റ് ID -പി 166868 പ്രകാരം ഒരു വായ്പാകരാർ ഒപ്പിട്ടിരിക്കുന്നത്. ലോകബാങ്ക് വിദ്യാഭ്യാസ സ്പെഷലിസ്റ്റ് ശബ്നം സിൻഹ, ലോകബാങ്ക് ഹ്യൂമൺ ഡിവലപ്മെന്റ് നെറ്റ്‌വർക്ക് സീനിയർ വിദ്യാഭ്യാസ സ്പെഷലിസ്റ്റ് മാർഗരറ്റ് ക്ലാർക്ക് എന്നിവരാണ് ലോകബാങ്ക്സംഘത്തെ നയിച്ചത്. കോവിഡ് കാലത്ത് ഒപ്പിട്ട ഈ കരാറിനെക്കുറിച്ച് ആധികാരികവേദികളിലോ ജനങ്ങൾക്കിടയിലോ ഒന്നും യാതൊരു ചർച്ചയും കേന്ദ്ര ഗവണ്മെന്റ് നടത്തിയിട്ടില്ല.

പൈലറ്റ്പ്രോഗ്രാം എന്ന നിലയിൽ ആറ് സംസ്ഥാനങ്ങളിൽ മാത്രമാണ് ഒന്നാം ഘട്ടത്തിൽ STARS നടപ്പാക്കുന്നത്. കേരളത്തിനു പുറമെ പദ്ധതി നടപ്പാക്കുന്ന മറ്റു സംസ്ഥാനങ്ങൾ ഹിമാചൽപ്രദേശ്, മഹാരാഷ്ട്ര, ഒഡീഷ, രാജസ്ഥാൻ, മധ്യപ്രദേശ് എന്നിവയാണ്. 2025 ഡിസംബർ 31 നകം പൂർത്തിയാക്കാനുദ്ദേശിച്ചു കൊണ്ടുള്ള പദ്ധതിയാണിത്.

നവലിബറൽ കോർപറേറ്റ് ആശയങ്ങളിലധിഷ്ഠിതമായ ആഗോളവികസനത്തിനുള്ള വിദ്യാഭ്യാസപദ്ധതിയാണ് ലോക ബാങ്കിന്റെ ലക്ഷ്യം. ആ ലക്ഷ്യം മുൻനിർത്തിക്കൊണ്ട് ഇ.സി.സി.ഇ. (Early Childhood Care and Education) ഘട്ടം മുതൽ മൊത്തം സ്കൂൾവിദ്യാഭ്യാസ വ്യവസ്ഥയിലെ പാഠ്യപദ്ധതി ഉള്ളടക്കം, അധ്യാപനം, അധ്യയനം, പരിശീലനങ്ങൾ, ബോധനഫലം എന്നിവയെ നവലിബറൽ വിദ്യാഭ്യാസാശയങ്ങൾക്കുതകും വിധം സ്വാധീനിക്കുകയും ചൊൽപ്പടിയിൽ നിർത്തുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ മുഖ്യലക്ഷ്യം. ദേശീയ വിദ്യാഭ്യാസനയവും ഉന്നം വെക്കുന്നത് ഇതു തന്നെയാണ്.

പദ്ധതി ആവിഷ്കരിക്കുന്നത് ആഗോളകേന്ദ്രത്തിൽ നിന്നാണെങ്കിലും അത് നടപ്പിലാക്കാൻ പ്രാദേശികജനപങ്കാളിത്തം കൂടിയേ തീരൂ. അതിനാൽ വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർക്കും അധ്യാപകർക്കും മാത്രമല്ല രക്ഷിതാക്കൾക്കും ബോധവൽക്കരണ പരിശീലനപരിപാടികൾ സംഘടിപ്പിക്കാൻ പദ്ധതി ഉദ്ദേശിപ്പിക്കുന്നു. പങ്കാളിത്തവികസനം എന്നത് ലോകബാങ്കിന്റെ ഒരു പ്രഖ്യാപിത നയമാണല്ലോ.

ഡി.പി.ഇ.പി ക്കുശേഷം വന്ന സർവ ശിക്ഷാ അഭിയാൻ, സമഗ്രശിക്ഷാ അഭിയാനായും ഇപ്പോൾ സമഗ്രശിക്ഷ കേരളയായും പരിണമിച്ചിരിക്കുകയാണല്ലോ. സമഗ്ര ശിക്ഷ കേരളയുടെ ഭാഗമായി ത്തന്നെയാണ് STARS പദ്ധതിയും സംസ്ഥാനത്ത് നടപ്പാക്കപ്പെടുന്നത്.

### വിദ്യാഭ്യാസം ഗവൺമെന്റിതര നിക്ഷേപകരുടെ കൈകളിലേക്ക്

പ്രതിസന്ധി ഗ്രസ്തമായ ഇന്നത്തെ വിദ്യാഭ്യാസവ്യവസ്ഥയെ പരിഷ്കരിക്കുന്നതിന് സർക്കാരിൽ നിന്ന് വിദ്യാഭ്യാസത്തെ മുക്തമാക്കണം എന്നതാണ് STARS പദ്ധതി മുഖ്യമായും വിഭാവനം ചെയ്യുന്നത്. ഗവണ്മെന്റിതര സംഘടനകളിലൂടെയും സ്ഥാപനങ്ങളിലൂടെയും വ്യക്തികളിലൂടെയും (Non State Actors) ആയിരിക്കണം പദ്ധതി നടപ്പിലാക്കേണ്ടത്. സ്വകാര്യ കോർപറേറ്റ്നിക്ഷേപകർ, ഗവണ്മെന്റിതരസംഘടനകൾ, പൊതുജനങ്ങൾ, ചാരിറ്റബിൾ സൊസൈറ്റികൾ, മതസംഘടനകൾ, സാമൂഹ്യ സംഘടനകൾ, രക്ഷിതാക്കൾ, പ്രാദേശികതലവിദ്യാഭ്യാസ സമിതി



കൾ, പി.ടി.എ.കൾ, എസ്.എം.സി. കൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എല്ലാം ചേർന്ന് വേണം ഇനി വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകാനുള്ള ഫണ്ട് കണ്ടെത്തേണ്ടതും ഭരണം നിർവഹിക്കേണ്ടതും. രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുന്നത് ഈ സാഹചര്യം കണക്കിലെടുത്തുകൊണ്ടാണ്. വിദ്യാഭ്യാസത്തിന്റെ ഉത്തരവാദിത്തത്തിൽ നിന്ന് മെല്ലെ ഒഴിവാകാൻ കേന്ദ്ര ഗവണ്മെണ്ട് ആഗ്രഹിക്കുന്നു. വിദ്യാഭ്യാസ വിഷയത്തിൽ ജനങ്ങളെ കണക്ക് ബോധിപ്പിക്കാനുള്ള ബാധ്യതയൊന്നും ഇനി കേന്ദ്ര ഗവണ്മെന്റിനില്ല. വിദ്യാഭ്യാസത്തിന്റെ ഉടമസ്ഥൻമാർ ഇനി ജനങ്ങൾ തന്നെയായിരിക്കും. അധികാരം ജനങ്ങളിലേക്ക് എന്ന ജനകീയാസൂത്രണ മുദ്രാവാക്യത്തിന്റെ കോർപറേറ്റ് വിവക്ഷ എന്താണെന്ന് നമുക്ക് ഇതിലൂടെ വ്യക്തമാകും. STARS നടപ്പാക്കുന്ന സംസ്ഥാനങ്ങളും ഇതേ നയം പിന്തുടർന്നേ പറ്റൂ. 'ഞങ്ങൾ പണം കൈപ്പറ്റും,വ്യവസ്ഥയൊന്നും നടപ്പാക്കില്ല' എന്ന് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നവർ ആഗോള കരാറുകളെക്കുറിച്ച് അറിവില്ലാത്തവരല്ല. ബോധപൂർവം ജനങ്ങളെ കബളിപ്പിക്കുന്നവരാണ്. വിദ്യാഭ്യാസനടത്തിപ്പിന്റെ അധികഭാരം ജനങ്ങളുടെ തലയിലിട്ടാൽ പിന്നെ ഗവണ്മെണ്ടിന്റെ ജോലി എന്താണ്? പദ്ധതി കാര്യക്ഷമതയോടെ നടപ്പാക്കുന്നുണ്ട് എന്ന് നിരീക്ഷിക്കുകയും വിലയിരുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും മാത്രമാകും ഇനി സർക്കാരിന്റെ പ്രധാന ജോലി.

ഇതൊന്നും കേരളത്തിൽ നടപ്പില്ല എന്ന് ആശ്വസിക്കുന്നവരും അവകാശപ്പെടുന്നവരുമുണ്ട്. കുടിവെള്ളപദ്ധതി നടപ്പിലാക്കിയപ്പോൾ പബ്ലിക് ടാപ്പ് നിർത്തലാക്കണം, സൗജന്യ ജലവിതരണം നിർത്തണം എന്നീ ലോകബാങ്ക് വ്യവസ്ഥകൾ കേരളത്തിൽ അക്ഷരം പ്രതി നടപ്പിലാക്കിയിട്ടുണ്ട് എന്ന വസ്തുത ഈ അവകാശവാദക്കാർ വിസ്മരിക്കരുത്. പൊതുടാപ്പ് നിർത്തലാക്കിയവർക്ക് പൊതുവിദ്യാഭ്യാസവും നിർത്തലാക്കാൻ വിഷമമുണ്ടാവില്ല! ലോകബാങ്ക് പടിപടിയായാണ് അതിന്റെ അജണ്ട നടപ്പിലാക്കുന്നത്. അതിനിടയിൽ എല്ലാ ജനക്ഷേമപദ്ധതികളെയും നിരാകരിക്കുന്നതിനുള്ള ബോധവൽക്കരണമാണ് സർക്കാരുകളിലൂടെയും ഗവണ്മെണ്ടിതരസംഘടനകളിലൂടെയും ലോകബാങ്ക് നിർവഹിക്കുന്നത്.

വിദ്യാഭ്യാസത്തിന്റെ സാമൂഹ്യ ഉടമസ്ഥത (community ownership) എന്ന ആശയത്തിന് ഡി.പി.ഇ.പി മുതൽ ലോകബാങ്ക് ബീജാവാപം ചെയ്തിട്ടുണ്ട്. അതിന്റെ പൂർത്തീകരണമാണ് STARS ലൂടെ നിർവഹിക്കാൻ പോകുന്നത്. മാനവവിഭവശേഷിവകുപ്പ് 1997 ൽ പുറത്തിറക്കിയ' ഡി പി ഇ പി മാർഗരേഖ രേഖപ്പെടുത്തിയത് ഇങ്ങനെയാണ് :'ഡിപിഇപി ധനസഹായം മൂലം മുന്നോട്ടു പോകുന്ന പദ്ധതിയല്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധയിൽ വെക്കണം. മറിച്ച്, മുടക്കുന്ന മുതലിന് ഫലം ലഭിക്കുന്നതും നിരന്തരം പുന:സൃഷ്ടിക്കപ്പെടുന്നതും സ്വയം നിലനിന്നു പോകുന്നതുമായ സുസ്ഥിരസമ്പ്രദായങ്ങൾ സൃഷ്ടിച്ചെടുക്കാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്.' എന്താണിതിനർഥം? വിദ്യാഭ്യാസത്തിന് ഇനി സർക്കാർ മുതൽമുടക്ക് കുറഞ്ഞു വരും. മുടക്കുന്ന മുതലിന് പ്രതിഫലം ലഭിക്കണം. സൗജന്യ വിദ്യാഭ്യാസം എന്ന നയം ഇനി പ്രതീക്ഷിക്കേണ്ടതില്ല. ഇനിയങ്ങോട്ട് വിദ്യാഭ്യാസം സ്വയം നിലനിന്നു പോകാൻ ആവശ്യമായ തരത്തിലുള്ള ഘടനാക്രമീകരണങ്ങൾ നടത്തണം.

കേരളത്തിൽ വിദ്യാഭ്യാസ മേഖലയിൽ ഏറെ ഘടനാക്രമീകരണങ്ങൾ വന്നു കഴിഞ്ഞു. ക്ലസ്റ്റർ റിസോഴ്സ് സെന്റർ, ബ്ലോക് റിസോഴ്സ് സെന്റർ, ജില്ല പ്രോജക്റ്റ് ഓഫീസ് എല്ലാം അങ്ങനെ വന്നതാണ്. അസിസ്റ്റൻറ് എജുക്കേഷൻ ഓഫീസർ (എ.ഇ.ഒ) പഞ്ചായത്ത് എജുക്കേഷൻ ഓഫീസർ (പി.ഇ.ഒ) ആയും ഡിസ്ട്രിക്റ്റ് എജുക്കേഷൻ ഓഫീസർ (ഡി.ഇ.ഒ) സ്കൂൾ എജുക്കേഷൻ ഓഫീസർ (എസ്.ഇ.ഒ) ആയും മാറാൻ പോകുന്നു. വിദ്യാഭ്യാസം പഞ്ചായത്തുകളുടെ ഒരു പ്രോജക്റ്റ് മാത്രമായി മാറും.

സർക്കാറിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് വിദ്യാഭ്യാസത്തെ മോചിപ്പിച്ചു കഴിഞ്ഞാൽ വിദ്യാഭ്യാസത്തിന്റെ ഉടമസ്ഥത ആർക്കായിരിക്കും എന്ന കാര്യം വളരെ കൃത്യമായിത്തന്നെ തുടർന്നു വന്ന ലോകബാങ്ക് പദ്ധതിയായ സർവ

ശിക്ഷാ അഭിയാൻ അതിന്റെ SSA - Framework for Implementation എന്ന രേഖയിൽ വ്യക്തമാക്കുന്നുണ്ട്. എന്താണ് എസ്.എസ്.എ.യുടെ ലക്ഷ്യം? പ്രസ്തുത രേഖ പറയുന്നു: 'സ്കൂൾ വ്യവസ്ഥയുടെ സാമൂഹ്യ ഉടമസ്ഥതയിലൂടെ പ്രാഥമികവിദ്യാഭ്യാസം സാർവത്രികമാക്കുന്നതിനുള്ള പരിശ്രമമാണ് എസ്.എസ്.എ.' സർക്കാരിൽനിന്നും ധനസഹായം പ്രതീക്ഷിക്കരുത്. എന്നു മാത്രമല്ല പകരം പ്രാദേശിക ജനവിഭാഗത്തിന്റെ ഉടമസ്ഥതയിലേക്ക് വിദ്യാഭ്യാസ വ്യവസ്ഥയെ മാറ്റണം എന്ന് കൂടുതൽ വ്യക്തത വരുത്തുന്ന നിർദ്ദേശമാണ് എസ്.എസ്.എ മുന്നോട്ടുവെച്ചത്. ഡി.പി.ഇ.പി യും എസ്.എസ്.എയും ഒക്കെ കേവലം പാഠ്യപദ്ധതി പരിഷ്കരണ പദ്ധതികൾ മാത്രമായിരുന്നു എന്ന പ്രചാരണത്തിൽ വീണുപോയ ധാരാളം നിഷ്കളങ്കർ സ്കൂളുകളിലും നാട്ടിലും ഉണ്ട്. പാഠ്യപദ്ധതി പരിഷ്കരണത്തിൽ വലിയ കുഴപ്പമൊന്നുമില്ല എന്നു കരുതിയവരും ഉണ്ട്. രണ്ടും ശരിയല്ല. ഇതിന്റെ അടുത്ത ഘട്ടത്തിലുള്ള ലോക ബാങ്ക്പദ്ധതി എന്ന നിലയിലാണ് STARS വരുന്നത്. സാമൂഹ്യ ഉടമസ്ഥത എങ്ങനെ വേണം എന്ന കാര്യത്തെക്കുറിച്ച് വ്യക്തത വരുത്തിക്കൊണ്ടാണ് നോൺ സ്റ്റേറ്റ് ആക്റ്റേഴ്സിന്റെ പങ്കാളിത്തത്തെക്കുറിച്ചും ഉടമസ്ഥതയെക്കുറിച്ചും STARS പറയുന്നത്. ഇതിൽത്തന്നെ കോർപറേറ്റ് നിക്ഷേപകർക്കായിരിക്കും ഉടമസ്ഥതയിൽ പ്രാമുഖ്യം ലഭിക്കുക എന്ന കാര്യം വ്യക്തമാണല്ലോ. ടഠഅഞട വരുന്നതിനു വളരെ മുമ്പാണെങ്കിലും കോഴിക്കോട്ടെ നടക്കാവ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ പണപ്പിരിവിലൂടെ സ്കൂൾ 'അന്തർദേശീയ നിലവാരത്തിൽ പരിഷ്കരിച്ചതിന്റെ ' ഉദാഹരണം നമുക്ക് മുമ്പിലുണ്ട്. എം.എൽ.എ. ഫണ്ടും എം.പി. ഫണ്ടും മറ്റു വിധ വിഭവസമാഹരണവും എല്ലാം അവിടെ ഉണ്ടായിരുന്നെങ്കിലും 15 കോടി രൂപ സംഭാവന ചെയ്ത കോർപറേറ്റ് മാനേജർക്കുമാത്രമേ ആ സർക്കാർ സ്കൂളിനകത്ത് സ്വന്തം ഓഫീസ് തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടുള്ളൂ. എന്താണിതിനർഥമെന്ന് ആലോചിക്കുക. ക്രമത്തിൽ ഈ സ്കൂൾ ഈ ധനാഢ്യന്റെ സ്വകാര്യ സ്വത്തായി മാറുമോ? സംഭാവന നൽകിയതിന്റെ പേരിൽ ഇന്നുവരെ ആർക്കെങ്കിലും ഗവണ്മെൻറ് സ്ഥാപനത്തിൽ ഓഫീസ് തുറക്കാൻ അവകാശം നൽകിയിട്ടുണ്ടോ?പി.പി. പി.മാതൃകയുടെ ഉദാഹരണം കൂടിയാണ് പ്രിസം പദ്ധതി പ്രകാരം നിർമ്മിച്ച ഈ സ്കൂൾ മാത്രമല്ല STARS ന്റെ ആശയം ഭാഗികമായെങ്കിലും നടപ്പാക്കിയ മുൻഗാമിയും.

### പി.പി.പി. മാതൃക

വിദ്യാഭ്യാസമേഖലയിൽ പൊതു സ്വകാര്യ പങ്കാളിത്ത (പി.പി.പി.) മാതൃക നടപ്പാക്കണമെന്നാണ് STARS അനുശാസിക്കുന്നത്. 2009 ലെ വിദ്യാഭ്യാസ അവകാശനിയമം പി.പി.പി.പദ്ധതികൾക്ക് നിയമപരമായ സാധുത നൽകിയിട്ടുണ്ട്. സർക്കാർ സ്കൂളുകളിൽത്തന്നെ സ്വകാര്യ പങ്കാളിത്തമാകാം. സർക്കാർ സ്കൂളുകളെ മെച്ചപ്പെടുത്താൻ ഇത് സഹായിക്കുമത്രേ. വിദ്യാഭ്യാസ മേഖലയുടെ ആത്യന്തികമായ സ്വകാര്യവൽക്കരണത്തിലേക്കാണ് ഇത് നയിക്കുക. അത് തന്നെയാണ് പദ്ധതിയുടെ ലക്ഷ്യം. ദേശീയ വിദ്യാഭ്യാസ നയവും പി.പി.പി. മാതൃക മുന്നോട്ട് വെക്കുന്നുണ്ട്.

സേവന മേഖലയിലെ മുതൽമുടക്ക് സർക്കാർ കുറച്ചു കൊണ്ടുവരികയും സ്വകാര്യ പങ്കാളിത്തം കൂട്ടുകയും വേണം എന്നതാണ് നവലിബറൽ നയം.

സ്വകാര്യസംരംഭകർക്ക് മുതൽമുടക്കാം,അതിൽ കവിഞ്ഞ യാതൊരു റോളും കേരളത്തിൽ അവർക്കുണ്ടാവില്ല എന്നാണ് ഭരണപക്ഷത്തിന്റെ ചില വക്താക്കൾ അവകാശപ്പെടുന്നത്. മൊത്തം സ്വകാര്യവൽക്കരണത്തെ ലക്ഷ്യം വെച്ചുള്ള STARS പദ്ധതി നടപ്പാക്കുന്ന സർക്കാറിനെങ്ങനെ അതിലെ പ്രധാന ഇനങ്ങൾ നടപ്പാക്കാതിരിക്കാനാകും? ഗുണമേൻമ വർധിപ്പിക്കുന്നതിനു വേണ്ടി പൊതു വിദ്യാലയത്തെ സ്വകാര്യമേഖലയ്ക്ക് വിട്ടു കൊടുക്കണമെന്ന നിർദ്ദേശത്തിൽ കേരളത്തിലെ പദ്ധതിക്കു വേണ്ടി 2021 ജൂലായ് 15 ന് ചേർന്ന STARS പ്രോജക്റ്റ് അപ്രൂവൽ ബോർഡി (PAB) ന്റെ യോഗത്തിൽത്തന്നെ ആശങ്കയുയർന്നിട്ടുണ്ട്. അഞ്ച് വർഷത്തെ പ്രോജക്റ്റ് കാലാവധി കഴിയുമ്പോൾ ഈ സ്കൂളുകൾ തിരിച്ചേൽപിക്കപ്പെടുമോ എന്ന ആശങ്ക പ്രകടിപ്പിക്കപ്പെട്ടതായി കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയത്തിനു കീഴിലുള്ള ഡിപ്പാർട്ട്മെൻറ് ഓഫ് സ്കൂൾ എജുക്കേഷൻ & ലിറ്ററസി സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന വീഡിയോ കോൺഫറൻസിന്റെ മിനുട്സിൽ (2021 ആഗസ്ത് 27 ) രേഖപ്പെടുത്തിയിരിക്കുന്നു.

### വിദ്യാഭ്യാസ വൗച്ചർ (Education voucher) പദ്ധതി

പൊതുവിദ്യാലയങ്ങൾ അടച്ചുപൂട്ടി അവയെ സ്വകാര്യ വിദ്യാലയങ്ങളിൽ ലയിപ്പിക്കാനുള്ള നീക്കങ്ങളും പദ്ധതിയുടെ ഭാഗമായി ആലോചനയിലുണ്ട്. വിദ്യാഭ്യാസ വളച്ചർ പദ്ധതി ആരംഭിക്കണമെന്ന നിർദ്ദേശം അതിന്റെ ഭാഗമാണ്. ഫണ്ട് നൽകേണ്ടത് വിദ്യാർഥിക്കാണ്, സ്കൂളിനല്ല എന്നതാണ് ഈ നയത്തിന്റെ സാരാംശം. സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കാൻ ആഗ്രഹിക്കുന്ന ഓരോ വിദ്യാർഥിക്കും പൊതു വിദ്യാഭ്യാസ ഫണ്ടിൽ നിന്ന് ഒരു നിശ്ചിതതുക അനുവദിക്കും. അതുപയോഗിച്ച് വിദ്യാർഥിക്ക് ഇഷ്ടമുള്ള സ്കൂൾ തെരഞ്ഞെടുത്ത് പഠനം തുടരാം. വിദ്യാഭ്യാസമേഖലയിലെ സ്വകാര്യ സംരംഭകരെ ഇൻസെന്റീവ്നൽകി വളർത്തിയെടുക്കുകയാണ് ലക്ഷ്യം. ഇതു വഴി ക്രമേണ പൊതു വിദ്യാഭ്യാസ സമ്പ്രദായം അവസാനിപ്പിക്കാം.

### എൻ.സി.എൽ.ബി യും വിദ്യാഭ്യാസ അവകാശനിയമവും

2002 ൽ അമേരിക്കയിൽ നടപ്പാക്കിയ No Child Left Behind (NCLB) നിയമത്തിന്റെ തനിപ്പകർപ്പ് മാത്രമാണ് 2009 ൽ ഇന്ത്യയിൽ ആവിഷ്കരിച്ച വിദ്യാഭ്യാസ അവകാശ നിയമം. നൂറിലേറെ രാജ്യങ്ങളിൽ സമാനമായ നിയമം നടപ്പാക്കിയിട്ടുണ്ട്. കുട്ടികളുടെ പഠനനിലവാരം, പഠനനേട്ടം എന്നിവയ്ക്കെല്ലാം ഉത്തരവാദിത്തം വിദ്യാ

ലയങ്ങളിൽ അടിച്ചേൽപിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പുരോഗതി കാണിക്കാത്ത സ്കൂളുകൾക്കും, പിഴയും മറ്റു ശിക്ഷകളും നൽകുന്ന പദ്ധതി എന്ന നിലയിൽ അമേരിക്കയിൽ പ്രതിഷേധത്തിനിരയായ നിയമമാണിത്. പ്രാദേശിക ജനസമൂഹത്തിന് അധികാരവും രക്ഷിതാക്കൾക്ക് സ്കൂളുകൾ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും നൽകുന്നു എന്ന പ്രഖ്യാപനങ്ങൾ നടത്തിക്കൊണ്ടാണ് അമേരിക്കയിലും എൻ.സി.എൽ.ബി. നടപ്പാക്കിയത്. അമേരിക്കയിൽ പരാജയമടഞ്ഞ പദ്ധതിയുമായാണ് ലോക ബാങ്ക് STARS ലൂടെ ഇന്ത്യയിലെത്തുന്നത്. സ്വകാര്യവൽക്കരണത്തിന് അംഗീകാരം നൽകുന്ന വിദ്യാഭ്യാസ അവകാശനിയമവും ആഗോളാടിസ്ഥാനത്തിൽ ആവിഷ്കരിക്കപ്പെട്ട കോർപറേറ്റനുകൂലനയങ്ങളുടെ അടിത്തറയിൽ രൂപം കൊണ്ടതാണ്. ഇന്ത്യ കൂടി ഉൾപ്പെടുന്ന ലോക വ്യാപാരസംഘടനയുടെ അജണ്ടകളിൽ ഒന്നാണ് വിദ്യാഭ്യാസ പരിഷ്കരണം. അംഗരാജ്യങ്ങളിലെ ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർ പങ്കെടുക്കുന്ന മിനിസ്റ്റീരിയൽ കോൺഫറൻസുകൾ ഡബ്ല്യൂ.ടി.ഒ. കാലാകാലങ്ങളിൽ സംഘടിപ്പിക്കാറുണ്ട്.

**റീ ഇംബേഴ്സ്മെന്റ് പദ്ധതി**

പി.പി.പി.പദ്ധതി പ്രകാരം നിർമ്മിക്കപ്പെടുന്ന പൊതു-സ്വകാര്യ പങ്കാളിത്ത വിദ്യാലയങ്ങളിൽ 25 ശതമാനം സീറ്റുകൾ ദുർബല വിഭാഗങ്ങൾക്ക് സംവരണം ചെയ്യണം എന്ന വിദ്യാഭ്യാസ അവകാശനിയമത്തിലെ നിർദ്ദേശം പാർശ്വവൽകൃതജനവിഭാഗത്തോട് കാണിക്കുന്ന പരിഗണനയുടെ പ്രതിഫലനമാണെന്ന് വ്യാഖ്യാനിക്കുന്നവരുണ്ട്. എന്നാൽ ഇത് സ്വകാര്യവൽക്കരണ-വാണിജ്യവൽക്കരണ ശക്തികൾക്ക് ശക്തി പകരുന്നതിനുമാത്രമുള്ള സൂത്രവേലയാണെന്ന് പരിശോധിച്ചാൽ നമുക്ക് മനസ്സിലാകും. പൊതുവിദ്യാലയങ്ങളിൽ നിന്ന് കൂട്ടമായി ഒഴിഞ്ഞു പോകുന്ന വിദ്യാർഥികൾക്കുള്ള വിദ്യാഭ്യാസച്ചെലവ് റീഇംബേഴ്സ് ചെയ്തെടുക്കാൻ ഇത്തരം സ്കൂളുകൾക്ക് അധികാരം നൽകണമെന്നാണ് STARS ന്റെ നിർദ്ദേശം. വിദ്യാർഥികൾക്ക് ഒറ്റയായും കൂട്ടമായും സ്വകാര്യവിദ്യാലയങ്ങളിൽ ചേക്കേറാം. അതിനുള്ള ഫണ്ട് സർക്കാറിന്റെ പൊതു ഖജനാവിൽ നിന്ന് നൽകും. ജനങ്ങളുടെ നികുതിപ്പണംകൊണ്ട് സ്വകാര്യ സ്ഥാപനങ്ങളെ തടിപ്പിച്ചെടുക്കും. ഇത്തരം സ്വകാര്യ സ്ഥാപനങ്ങൾ റീ ഇംബേഴ്സ്മെന്റ് സൗകര്യമുള്ള വിദ്യാലയങ്ങൾ എന്ന് പരസ്യം നൽകി രക്ഷിതാക്കളേയും വിദ്യാർഥികളെയും ആകർഷിക്കും.

**ഹൈ സ്റ്റെയ്ക് ടെസ്റ്റ്**

High Stake Testകളിലൂടെ വിദ്യാർഥികളെയും അധ്യാപകരെയും പരിശീലകരെയും വിദ്യാലയങ്ങളെയും എല്ലാം പരിശോധനാവിധേയരാക്കാനാണ് STARS ലക്ഷ്യമിടുന്നത്. ഈ വിഭാഗങ്ങൾക്കെല്ലാം സമാധാനം ബോധിപ്പിക്കാനുള്ള ബാധ്യത (Accountability) ഉണ്ടായിരിക്കും. ആവശ്യമായ ശിക്ഷകൾ, പിഴകൾ, ഫണ്ട് വെട്ടിച്ചുരുക്കൽ, ഉപരോധങ്ങൾ എന്നിവ ഒരു വശത്തും ഗ്രേഡ് പ്രൊമോഷൻ, അവാർഡുകൾ, നഷ്ടപരിഹാരം നൽകൽ തുടങ്ങിയവ മറുവശത്തും നടക്കും. ഇതെല്ലാം ഹൈ സ്റ്റേക് ടെസ്റ്റുകളിൽ ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിലാണ് നിശ്ചയിക്കപ്പെടുക.

**സാമൂഹ്യ നീതി തുടച്ചു നീക്കപ്പെടുന്നു.**

അമേരിക്കയിൽ പ്രസിഡണ്ട് ജോർജ് ബുഷ് ആവിഷ്കരിച്ച NCLB ആക്റ്റിന്റെ അനുഭവം നമുക്ക് മുന്നിലുണ്ട്. ഇത് വിദ്യാഭ്യാസമേഖലയിൽ വലിയ ധ്രുവീകരണത്തിന് കാരണമായി. സാമൂഹ്യനീതിയ്ക്കും തുല്യതയ്ക്കുമുള്ള അവകാശങ്ങൾ പോലും ജനങ്ങൾക്ക് ലഭിക്കാത്ത നില വന്നു. വംശീയമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളുടെ കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങൾ ഹൈ സ്റ്റേക് ടെസ്റ്റുകളിൽ പരാജയപ്പെട്ടു. ഇന്ത്യയിലും ഇത് തന്നെ സംഭവിക്കും. പാർശ്വവൽകൃത ജനവിഭാഗങ്ങൾക്ക് ഭൂരിപക്ഷമുള്ള പിന്നാക്കമേഖലകളിൽ ഹൈ സ്റ്റേക് ടെസ്റ്റുകളിലൂടെ പിന്തള്ളപ്പെടുന്ന വിദ്യാലയങ്ങളുടെ വിശ്വാസ്യത നഷ്ടപ്പെടുമ്പോൾ രക്ഷിതാക്കൾ സ്വകാര്യ വിദ്യാലയങ്ങൾ തേടിപ്പോകുന്ന സ്ഥിതിവിശേഷം സംജാതമാകും. അതിൽ ഒരു ചെറുവിഭാഗത്തിന് റീ ഇംബേഴ്സ്മെൻറ് സ്കീമിലൂടെ സ്വകാര്യ വിദ്യാലയങ്ങളിൽ പൊതുഫണ്ടിന്റെ ആനുകൂല്യം ലഭിക്കും.

**അക്രഡിറ്റേഷൻ**

വിദ്യാഭ്യാസ സ്ഥാപനങ്ങളെ കർശനമായ അക്രഡിറ്റേഷൻ നടപടികൾക്ക് വിധേയമാക്കും എന്ന് STARS പറയുന്നു. ഇതിലൂടെ STARS മുന്നോട്ടുവെക്കുന്ന നയം എത്രമാത്രം കാര്യക്ഷമമായി വിദ്യാലയങ്ങൾ നടപ്പിലാക്കുന്നുണ്ട് എന്ന് വിലയിരുത്തപ്പെടും. അക്രഡിറ്റേഷൻ നടപടിയിലൂടെ വിദ്യാലയത്തിന്റെ വിശ്വാസ്യത അളന്നു തിട്ടപ്പെടുത്തുകയാണ് ലക്ഷ്യം. പദ്ധതി മുന്നോട്ട് വെച്ച ആശയങ്ങളിൽ എത്രമാത്രം പ്രൊഫഷണൽ നിലവാരം കൈവരിക്കാൻ മാനേജ്മെന്റിനും അധ്യാപകർക്കും വിദ്യാർഥികൾക്കും കഴിഞ്ഞു എന്നതായിരിക്കും അക്രഡിറ്റേഷനു മാനദണ്ഡമായി പരിഗണിക്കുക. സ്കൂളുകളെ തൊഴിൽ – വ്യവസായ ശാലകളുമായി ബന്ധിപ്പിക്കാൻ ദേശീയ വിദ്യാഭ്യാസ നയം ലക്ഷ്യമിടുന്നുണ്ട്. അതിനാൽ വ്യവസായ മേഖലയുമായി ബന്ധപ്പെട്ട വിദഗ്ധരും വിദ്യാഭ്യാസ അധികൃതരോടൊപ്പം അക്രഡിറ്റേഷൻ പരിശോധകസംഘത്തോടൊപ്പം ഉണ്ടാകും. അറിവല്ല തൊഴിൽ ശേഷിയാണ് ആർജിക്കേണ്ടത് എന്നത് അക്രഡിറ്റേഷന്റെ മാനദണ്ഡമായിരിക്കും. സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കുന്നതും അക്രഡിറ്റേഷന്റെ അടിസ്ഥാനത്തിലായിരിക്കും. പൊതുജനങ്ങളുടെ മനോഭാവ രൂപീകരണവും നടക്കുക അക്രഡിറ്റേഷന്റെ അടിസ്ഥാനത്തിലായിരിക്കും. അംഗീകാരമില്ലാത്ത സ്കൂളുകൾ നിലവാരം കുറഞ്ഞവയായി കണക്കാക്കപ്പെടുകയും രക്ഷിതാക്കൾ അത്തരം സ്കൂളുകളിൽ നിന്ന് തങ്ങളുടെ കുട്ടികളെ പിൻവലിക്കണമെന്ന പരോക്ഷസന്ദേശം അവർക്ക് ലഭിക്കുകയും ചെയ്യും. നിർത്തലാക്കപ്പെടുന്ന ഇത്തരം വിദ്യാഭ്യാസ

സ്ഥാപനങ്ങളുടെ സ്ഥാനത്ത് സ്വകാര്യ വിദ്യാഭ്യാസക്കച്ചവടസ്ഥാപനങ്ങൾ ഉയർന്നുവരികയും ചെയ്യും. വിദ്യാഭ്യാസ വഉച്ചർ, റീ ഇംബേഴ്സ്മെൻറ് സ്കീമുകളിലൂടെ കുട്ടികളെ ഇത്തരം വാണിജ്യ സ്ഥാപനങ്ങളിലേക്ക് പറഞ്ഞു വിടാനാകും. സ്വകാര്യവൽക്കരണത്തിനുള്ള വിവിധ തന്ത്രങ്ങളിൽ ഒന്നാണ് സ്കൂൾ അക്രഡിറ്റേഷൻ വ്യവസ്ഥയും എന്നർത്ഥം.

**തൊഴിൽശേഷി വികസന പദ്ധതി**

STARS ലക്ഷ്യം വെക്കുന്നത് നൈപുണി വികസന പരിശീലനമാണ്. ഡി.പി.ഇ.പി യിലൂടെയും എസ്.എസ്.എലൂടെയും ഏറെ പ്രചരിപ്പിക്കപ്പെട്ടതാണിത്. വിദ്യാഭ്യാസത്തിന്റെ ശാസ്ത്രീയ, ജനാധിപത്യ, സാംസ്കാരിക, വൈജ്ഞാനിക, ധാർമ്മിക ഉള്ളടക്കത്തിലൊന്നും ഈ പദ്ധതിക്ക് ഒട്ടും താൽപര്യമില്ല. തൊഴിൽ കമ്പോളത്തിൽ കോർപറേറ്റ് മൂലധനത്തെയും വ്യവസായങ്ങളെയും മറ്റു ഉൽപാദന മേഖലകളെയും സേവിക്കുന്നതിനാവശ്യമായ തൊഴിൽശേഷിയാർജിച്ച, അനുസരണശീലമുള്ള തൊഴിൽ സേനയെ ഉൽപാദിപ്പിക്കുക എന്നത് മാത്രമാണ് STARS ന്റെ ലക്ഷ്യം.

**നവോത്ഥാനമൂല്യങ്ങൾ കുഴിച്ചുമൂടപ്പെടുന്നു**

നമ്മുടെ നവോത്ഥാനനായകരുടെ വിദ്യാഭ്യാസ സിദ്ധാന്തങ്ങൾ തികച്ചും വ്യത്യസ്തമായിരുന്നു. വിദ്യാർഥികളിൽ ശാസ്ത്രീയ മനോഭാവവും സത്യാന്വേഷണത്വരയും വിമർശന ചന്തയും സാമൂഹ്യമായ അനീതികൾക്കെതിരെ ജാഗരൂകരായിരിക്കാനുള്ള ഉണർവുള്ള മനസ്സും വിവേചനങ്ങൾക്കെതിരെ നിലക്കൊള്ളാനുള്ള പോരാട്ട വീര്യവും ധാർമ്മിക മൂല്യങ്ങളാൽ ആത്മശിക്ഷണം നേടിയവരും സ്വഭാവമഹിമയുള്ളവരുമായ വ്യക്തിത്വമുള്ള വിദ്യാർഥി സമൂഹത്തെ സൃഷ്ടിക്കാനുതകുന്ന തരത്തിലുള്ള പാഠ്യപദ്ധതി ഉള്ളടക്കത്തിലായിരുന്നു ശാസ്ത്രീയ-മതേതര-ജനാധിപത്യ വിദ്യാഭ്യാസപദ്ധതിയുടെ ഊന്നൽ. എന്നാൽ കോർപറേറ്റ് ഉൽപാദനയന്ത്രസംവിധാനത്തിന്റെ അഭേദ്യമായ കണ്ണിയാക്കാൻ പറ്റിയ വിദഗ്ധജോലിക്കാരെ വാർത്തെടുക്കുക മാത്രമാണ് ടാഅങ്ങടെ ന്റെ ലക്ഷ്യം. ഇന്ത്യയിലെ ലോക ബാങ്ക് കൺട്രി ഡിറക്റ്ററായ ജുനൈദ് അഹമ്മദ് ഇക്കാര്യം മറവില്ലാതെ തുറന്നു പറഞ്ഞിട്ടുണ്ട്: 'ഭാവിഭാരതത്തിന്റെ വളർച്ചയെയും തൊഴിൽവിപണിയുടെ ആവശ്യകതയെയും പ്രോജ്ജ്വലിപ്പിക്കാനുള്ള വിദ്യാഭ്യാസഫലങ്ങൾ സൃഷ്ടിക്കുന്ന വ്യവസ്ഥയ്ക്ക് ജൻമം നൽകണമെന്ന ആവശ്യം നാം അംഗീകരിച്ചു കഴിഞ്ഞു. ഈ വെല്ലുവിളിയെ നേരിടുന്നതിനുള്ള ഇന്ത്യയുടെ അനുകൂല പ്രതികരണത്തിന് STARS സമ്പൂർണപിന്തുണ നൽകും. പ്രാദേശികതലത്തിൽ ഇതിന്റെ നടത്തിപ്പിനുവേണ്ടി ജനങ്ങളെ ശാക്തീകരിക്കും. അതിനുതകും വിധം അധ്യാപകരുടെ ശേഷി വികസിപ്പിക്കും. ഇതിലൂടെ ഏത് പശ്ചാത്തലത്തിൽ നിന്ന് വരുന്ന കുട്ടിക്കും വിദ്യാഭ്യാസാവകാശം ഉറപ്പാക്കും. വിദ്യാഭ്യാസത്തിന്റെ പ്രാരംഭ ഘട്ടത്തിൽത്തന്നെ ഭാവിയിലേക്കു വേണ്ട തൊഴിൽശേഷി ആർജിക്കാൻ കുഞ്ഞുങ്ങളെ പ്രാപ്തരാക്കും.'

**ദേശീയവിദ്യാഭ്യാസനയത്തിന്റെ അനുബന്ധം**

എസ്.എസ്.എ യുടെ തുടർച്ച എന്നതുപോലെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ അനുബന്ധം കൂടിയാണ് STARS. വരാനിരിക്കുന്ന ക്ലാസ് മുറികൾ തൊഴിൽ നൈപുണി വളർത്താൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്. സ്കൂളുകൾ തൊഴിൽ പരിശീലനകേന്ദ്രങ്ങളായി മാറും. വിദ്യ വേണ്ട, തൊഴിൽ മതി. വിദ്യാഭ്യാസമല്ല ലക്ഷ്യമെങ്കിൽ അക്ഷരപഠനവും ഭാഷാബോധവുമൊക്കെ അത്യാവശ്യത്തിന് മതി. ആശയാവതരണ രീതിയിലൂടെ കുട്ടികൾ അറിയാതെ അക്ഷര ബോധം ആർജിച്ചോളും. ആവശ്യമുള്ള അറിവുകൾ കുട്ടികൾതന്നെ സ്വയം നിർമ്മിച്ചോളും. അധ്യാപകർ മുൻകാലവിജ്ഞാന ദാതാക്കളാകേണ്ട കാര്യമില്ല. പൂർവനിശ്ചിതമായ ചില വിവരങ്ങൾ മാത്രം നൽകി നിർദ്ദിഷ്ടമായ അറിവുകൾ നിർമ്മിക്കുന്നതിൽ കുട്ടികൾക്ക് സഹായികളായി നിൽക്കുകയേ അധ്യാപകർ ചെയ്യേണ്ടതുള്ളൂ. അധ്യാപകനും വിദ്യാർഥിയ്ക്കുമിടയിലെ വൈവിധ്യമാർന്നതും സത്യാന്വേഷണപരവും സർഗാത്മകവും ദ്വന്ദ്വാത്മകവുമായ ആശയവിനിമയബന്ധമല്ല ഇനി വേണ്ടത് എന്നർഥം.

പഠനനിലവാരം അളക്കുന്നതിനായി നേഷണൽ അച്ചീവ്മെന്റ് സർവെ (NAS)നടത്തണം. പ്രോഗ്രാം ഫോർ ഇന്റർ നേഷണൽ അസസ്മെന്റിൽ (PSA) പങ്കെടുക്കാനുള്ള ഇന്ത്യയുടെ തീരുമാനം തന്ത്രപരമായി പ്രാധാന്യമുള്ളതും ചരിത്രപരവുമാണെന്ന് ലോകബാങ്ക് കണക്കാക്കുന്നു. ഈ സുപ്രധാന നടപടിയിൽ STARS ഇന്ത്യയ്ക്ക് ആവശ്യമായ സഹായം നൽകുമെന്നും ലോക ബാങ്ക് വ്യക്തമാക്കുന്നു. ലോക വ്യാപകമായി ഓർഗനൈസേഷൻ ഫോർ ഇക്കണോമിക്ക് കോ ഓപ്പറേഷൻ ആൻറ് ഡിവലപ്മെൻറ് എന്ന സംഘടനയുടെ നേതൃത്വത്തിൽ വിദ്യാർഥികളുടെ പഠനപുരോഗതി വിലയിരുത്തുന്നതിനുള്ള പരീക്ഷകളിൽ ഒന്നാണ് പിസ . ലോകമെമ്പാടുമുള്ള വിദ്യാഭ്യാസ നേട്ടങ്ങളെ താരതമ്യം ചെയ്യുകയാണ് പിസയുടെ ലക്ഷ്യം. ഇതിലൂടെ ആഗോള കോർപറേറ്റ് വികസനത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസത്തിന്റെ മാറ്റുരയ്ക്കപ്പെടും.

**ഔപചാരികവിദ്യാഭ്യാസത്തിന്റെ കാലം കഴിയുന്നു**

ദുരന്തകാലത്തെ താൽക്കാലിക സംവിധാനമെന്നതിലുപരി ഒരു ബദൽ വിദ്യാഭ്യാസപരിപാടി എന്ന നിലയിലാണ് STARS ഓൺലൈൻ കോഴ്സുകളെ വിഭാവനം ചെയ്യുന്നത്. സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ അഭ്യാസത്തിന് അത് അമിതപ്രാധാന്യം നൽകുന്നു. സ്കൂളിലേക്കുള്ള വിദ്യാർഥി പ്രവേശനത്തിലെ പരിമിതികൾ പരിഹരിക്കാൻ ഓൺലൈൻ ബോധന-പഠനമാർഗത്തിലൂടെ കഴിയുമെന്ന പ്രതീതി സൃഷ്ടിക്കാനാണ് അത് ശ്രമിക്കുന്നത്. അറിവ് ഡിജിറ്റൽ ഗുളികരൂപത്തിൽ നൽകിയാൽ മതി. ഓൺ

ലൈൻ പഠനത്തിന്റെ പരിമിതികളെ അത് പരിഗണിക്കുന്നില്ല. 5 മുതൽ 24 വയസ്സുവരെയുള്ള വിദ്യാർഥിസമൂഹത്തിന്റെ 8 ശതമാനത്തിനു മാത്രമേ പര്യാപ്തമായ ഡിജിറ്റൽ സൗകര്യവും ഇന്റർനെറ്റ് കണക്ഷനുമുള്ളൂ എന്ന യാഥാർഥ്യവും അത് പരിഗണിക്കുന്നില്ല. ഔപചാരികമായ ക്ലാസ് റൂം പഠനത്തിനുള്ള സഹായി എന്ന നിലയിലല്ലാതെ അതിനുള്ള ബദലായി ഓൺലൈൻപഠനത്തെ കാണുന്നത് ആപൽക്കരമാണ്. ഔപചാരികവിദ്യാഭ്യാസസമ്പ്രദായം തന്നെ ക്രമത്തിൽ ഇല്ലായ്മ ചെയ്യണമെന്നും അനൗപചാരികവിദ്യാഭ്യാസത്തിന് പ്രാമുഖ്യം നൽകണമെന്നുമാണ് ലോക ബാങ്കിന്റെ കാഴ്ചപ്പാട്. ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസ ധാരകൾക്ക് ജൻമം കൊടുക്കുന്നതിനു വേണ്ടി വിദ്യാർഥികളെക്കുറിച്ച് കൃത്യമായ വിവരങ്ങൾ ശേഖരിക്കുന്നതിന് Unified District Information System for Education Plus(UDISE Plus) എന്ന പേരിൽ ജില്ലാതലവിവരസംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കാനും ടാഅങ്ങടെ വ്യവസ്ഥ ചെയ്യുന്നുണ്ട്.

**അറിവും തൊഴിലും നിഷേധിക്കുന്ന വില കൂടിയ വിദ്യാഭ്യാസം**

തൊഴിലധിഷ്ഠിതവിദ്യാഭ്യാസം തൊഴിൽ നൽകും എന്നത് ഒരു വ്യാമോഹം മാത്രമാണ്. ഐ.ടി.ഐ, ബി.ടെക്, എം.ബി.ബി.എസ് സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കി തൊഴിലിനു വേണ്ടി പരക്കം പാഞ്ഞ് നിരാശപ്പെടുന്നവരുടെ നാടാണിത്. വിദ്യാഭ്യാസമല്ല തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത്. സാമ്പത്തിക-വ്യാവസായികനയങ്ങളുമായി ബന്ധപ്പെട്ടതാണ് തൊഴിലില്ലായ്മയുടെ പ്രശ്നം. അത് പരിഹരിക്കാതെ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടില്ല. തൊഴിലവസരങ്ങൾ ഇല്ലെങ്കിൽ പരിശീലനം നേടിയ തൊഴിൽരഹിതരുടെ എണ്ണം വർധിക്കുകയേ ഉള്ളൂ. ദേശീയവിദ്യാഭ്യാസനയവും സൃഷ്ടിക്കുക അറിവും തൊഴിലുമില്ലാത്ത ഒരു അടിമസമൂഹത്തെയാണ്.

**അധ്യാപക - വിദ്യാർഥി സമൂഹം ഉണരണം**

വിദ്യാഭ്യാസമേഖലയിൽ നടക്കുന്ന ആപൽക്കരമായ പരിണതികളെക്കുറിച്ചൊന്നും അധ്യാപകർക്കിടയിലും വിദ്യാർഥികൾക്കിടയിലും കാര്യമായ ഉൽക്കണ്ഠയൊന്നും കാണുന്നില്ല. കേന്ദ്ര ഗവണ്മെണ്ടിന്റെയും ലോക ബാങ്കിന്റെയും കോർപറേറ്റനുകൂല വിദ്യാഭ്യാസനയങ്ങൾ കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുമ്പോഴും അതിനെതിരെ ബോധവൽക്കരണം നടത്താൻ പോലും മുഖ്യധാരാ ഇടതുപക്ഷ അധ്യാപക-വിദ്യാർഥി സംഘടനകൾ പോലും മുന്നോട്ട് വരുന്നില്ല. തങ്ങളുടെ പദ്ധതികൾ ഏറ്റവും ഫലപ്രദമായും ഊർജസ്വലവുമായി നടപ്പിലാക്കുക എൽ.ഡി.എഫ് ഗവണ്മെന്റാണെന്ന ആത്മവിശ്വാസം ലോകബാങ്കിനും കേന്ദ്രഗവണ്മെണ്ടിനുമുണ്ട്. സ്വദേശ-വിദേശ സർവകലാശാലകൾ സ്ഥാപിക്കാനുള്ള യു.ഡി.എഫ് നീക്കത്തിനെതിരെയുള്ള പ്രതിഷേധത്തിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാനായിരുന്ന ടി.പി. ശ്രീനിവാസനെ കരണത്തടിച്ച് വീഴ്ത്തിയവർ ഇന്ന് സ്വകാര്യ സർവകലാശാലകൾ തുടങ്ങാനുള്ള സർക്കാർ നയം പ്രഖ്യാപിച്ചിട്ടും മൗനത്തിലാണ്. ഘടനാക്രമീകരണങ്ങളും പാഠ്യപദ്ധതിപരിഷ്കരണവും ഒന്നും തങ്ങളെ ബാധിക്കില്ലെന്ന് കരുതുന്ന അധ്യാപകസമൂഹം, പക്ഷേ, തങ്ങളുടെ ശമ്പളത്തിൽ കൈ വെക്കുന്നു എന്നറിഞ്ഞാൽ ഉണരാതിരിക്കില്ല. കേരളത്തിൽ ഡി.പി.ഇ.പി ആരംഭിച്ച 1994 ൽ തന്നെയാണ് മെക്സിക്കോയിൽ സെക്കന്റ് പ്രൈമറി എജുക്കേഷൻ പ്രോഗ്രാം (SPEP) എന്ന പേരിൽ ലോകബാങ്ക് വിദ്യാഭ്യാസപരിപാടി ആരംഭിച്ചത്. അധ്യാപകരുടെ ശമ്പളവ്യവസ്ഥ തന്നെ അട്ടിമറിക്കപ്പെടുന്ന അവസ്ഥയുണ്ടായപ്പോൾ അവിടെ ലക്ഷക്കണക്കിന് അധ്യാപകർ തെരുവിലിറങ്ങി പോരാടി. ഒട്ടേറെ അധ്യാപകർ പോലീസ് വെടിവെപ്പിൽ കൊല്ലപ്പെട്ടു. ഇവിടെയും അത്തരം സാധ്യതകൾ ആരും തള്ളിക്കളയേണ്ടതില്ല. വിദ്യാഭ്യാസത്തിന്റെ ഉടമസ്ഥതയിൽ വരുന്ന മാറ്റവും വിദ്യാഭ്യാസഘടനയുടെ വികേന്ദ്രീകരണവും വേതനരീതിയെയും ബാധിക്കും. ശമ്പളം പ്ലാൻ ഫണ്ടിലേക്ക് മാറ്റാനുള്ള നീക്കങ്ങളും നടക്കുന്നുണ്ട്. അത്തരമൊരു സ്ഥിതിവിശേഷം സംജാതമാകുമ്പോഴെങ്കിലും ഇവിടത്തെ അധ്യാപകസമൂഹം ഉറക്കം വിട്ടുണരും എന്ന് നമുക്ക് പ്രതീക്ഷിക്കാം.

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവും വിദ്യാഭ്യാസ വിധ്വംസകപരിപാടിയും ഒന്നിച്ച് !**

കേരളത്തിൽ ഇപ്പോഴും പൊതു വിദ്യാഭ്യാസസംരക്ഷണയജ്ഞം ഊർജിതമായി നടന്നുകൊണ്ടിരിക്കുന്നു എന്ന് ആരൊക്കെയോ അവകാശപ്പെടുന്നു. പൊതുവിദ്യാലയങ്ങൾ വിട്ടൊഴിഞ്ഞ ഇരുപത്തഞ്ച് ലക്ഷത്തോളം കുട്ടികളിൽ നാലഞ്ച് ലക്ഷം പേർ തിരിച്ചെത്തി എന്നതാണ് ഈ പ്രചാരണത്തിന് കാരണം. എന്നാൽ അത്തരമൊരു ക്രിയാത്മകപ്രചാരണം കേരളസമൂഹത്തിൽ നടക്കുന്നത് നാം കാണുന്നില്ല. പകരം നാം കാണുന്നത് കേന്ദ്ര ഗവണ്മെണ്ട് ആവിഷ്കരിച്ച ദേശീയവിദ്യാഭ്യാസ നയം നടപ്പിലാക്കാൻ സ്കൂൾ തലത്തിലും പഞ്ചായത്ത് തലത്തിലും ബോധവൽക്കരണചർച്ചകൾ സംഘടിപ്പിക്കുന്നതാണ്. സ്വകാര്യവൽക്കരണ-വാണിജ്യവൽക്കരണലക്ഷ്യത്തോടെയുള്ള STARS പദ്ധതി അതിന്റെ ആദ്യ ഘട്ടത്തിൽത്തന്നെ കേരളം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതാണ് നാം കാണുന്നത്. STARS പൊതു വിദ്യാഭ്യാസത്തെ വിപുലീകരിക്കുന്നതിനുള്ള പദ്ധതിയാണെന്ന് വിദ്യാഭ്യാസമന്ത്രി തന്നെ പറയുന്നതാണ് നാം കേൾക്കുന്നത്. വിജ്ഞാനാധിഷ്ഠിത പൊതു വിദ്യാഭ്യാസവ്യവസ്ഥയെ തകർക്കുന്നതിനുള്ള ലോകബാങ്ക് പദ്ധതികൾ ഒന്നൊന്നായി നടപ്പാക്കുകയും അതോടൊപ്പം പൊതു വിദ്യാഭ്യാസ സംരക്ഷണമുദ്രാവാക്യങ്ങൾ ഉയർത്തുകയും ചെയ്യുന്നത് അത്യന്തം അപഹാസ്യമായ കാപട്യമാണ്.

*(വിദ്യാഭ്യാസ അവകാശ സംരക്ഷണ സമിതി സംസ്ഥാന ജനറൽ കൺവീനറാണ് ലേഖകൻ)*

■



ഭാസ്ക്കരൻ പിള്ളേരിക്കണ്ടി

# വർത്തമാന ഇന്ത്യയും സാംസ്ക്കാരിക മേഖലയും

വർത്തമാന ഇന്ത്യയിൽ വളരെ ആഴത്തിൽ ചർച്ചചെയ്യപ്പെടേണ്ടതും പ്രയോഗിക്കപ്പെടേണ്ടതും, വർഗ്ഗ സമരത്തിന്റെ അതേ പ്രാധാന്യമുള്ളതുമായ ഘടകമാണ് സാംസ്കാരിക മേഖല. നിർഭാഗ്യവശാൽ കമ്മ്യൂണിസ്റ്റ് പാർട്ടികൾ സാംസ്കാരിക മേഖലക്ക് ആവശ്യമായ പ്രാധാന്യം കൊടുക്കുന്നില്ല. തെറ്റായ അടിത്തറ മേൽപ്പുര സിദ്ധാന്തവും, വസ്തുതയും സാമൂഹ്യ അസ്തിത്വവുമാണ് ബോധത്തെ നിർണയിക്കുന്നത് എന്നത് അതിന്റെ തനിമയിൽ വിലയിരുത്താത്തതും ഇതിനുകാരണമാണ് (സാന്ദർഭികമായി പറയട്ടെ ആശയവാദപരമായ പഞ്ചമഘട്ട സിദ്ധാന്തം മുറുകെ പിടിക്കുന്ന കമ്മ്യൂണിസ്റ്റുകാരും കുറവല്ല.) വസ്തുതയിൽനിന്ന് ഉടലെടുക്കുന്ന ബോധം തിരിച്ച് വസ്തുതയെ പരിപോഷിപ്പിക്കുന്നില്ലെങ്കിൽ വസ്തുത വികാസമില്ലാത്തതായിരിക്കും. മനുഷ്യന് ആന്തരീകവും ബാഹ്യവുമായ രണ്ടുലോകങ്ങൾ ഉണ്ടെന്നും ഇവയാണ് വസ്തുനിഷ്ഠലോകത്തെയും ആത്മനിഷ്ഠ ലോകത്തെയും പ്രതിനിധാനം ചെയ്യുന്ന തെന്നും വരുമ്പോൾ ഈ രണ്ടുലോകങ്ങളിലെയും (പ്രവർത്തനത്തിൽ ഒന്ന് മറ്റൊന്നിനേക്കാൾ കൂടിയതോ കുറഞ്ഞതോ ആവരുത്.

ഈ രണ്ടുലോകങ്ങളും നിരന്തരം കൊടുക്കൽ വാങ്ങൽ നടത്തുന്നുണ്ടെന്നും അതിലൂടെയാണ് സർവമാന വികാസങ്ങളും സാധ്യതമാവുന്നതെന്നതും ഒരു വസ്തുതയാണ്. പദാർത്ഥം – ബോധം, ബോധം– പദാർത്ഥം എന്ന പ്രക്രിയ പുതിയ വസ്തുതകളിലേക്കും പുതിയ ബോധത്തിലേക്കും നയിക്കുന്നു. ആവർത്തിക്കുന്നു. വിചാരങ്ങളും, വികാരങ്ങളും സങ്കൽപനങ്ങളും, കലകളും ആസ്വാദനവും ആവിഷ്കാര നിപുണതയും ആശയങ്ങളും മനുഷ്യന്റെ ആന്തരീക ലോകത്ത് വസ്തുതയുടെ അടിസ്ഥാനത്തിൽ രൂപപ്പെടുന്നു. (ചിലപ്പോൾ വസ്തുതയില്ലാതെ സങ്കൽപന ങ്ങളിലൂടെയും നേരിട്ടല്ലാത്ത അനുഭവത്തിലൂടെയും ആശയം ഉടലെടുക്കുന്നുണ്ട്) ഇവ തിരിച്ച് ഭാതിക ലോകത്ത് പ്രയോഗിക്കപ്പെടു മ്പോഴാണ് സമൂഹം മുന്നോട്ട് നയിക്കപ്പെടുന്നത്.

ഇന്ത്യയിലെ കോർപ്പറേറ്റ് മനുവാദഫാസിസ്റ്റ് "ശക്തികൾ" അവരുടെ അജണ്ട നടപ്പിൽ വരുത്താൻ പ്രധാനമായും ആശ്രയിക്കുന്നത്, ഉപയോഗിക്കുന്നത് സാംസ്കാരിക മേഖലയെ അഥവാ മനുഷ്യന്റെ ആന്തരീകലോകത്തിൽ വിഷം കലക്കിയിട്ടാണ് കുലവും, ഗോത്രവും പശുവും ദൈവാന്ധവിശ്വാസവും ആചാരങ്ങളും അനുഷ്ഠാനങ്ങളും ആരാധനയും, ഭക്ഷണവും വസ്ത്രവും, മിത്തുകളും വൈകൃത ചരിത്രവും കപട ശാസ്ത്രവും അധികാരവും ശക്തിയും കള്ള പ്രചാരണവും ഒക്കെ ഇതിനായി ഉപയോഗിക്കപ്പെടുന്നുണ്ട്. ഇന്ത്യൻ ജനതയെ വംശവർഗീയ വാദികളും ഫാസിസ്റ്റ് ജനദ്രോഹ നടപടികളെ അംഗീകരിക്കുന്നവരും സ്തുതിപാഠകരുമായി മാറ്റിക്കഴിഞ്ഞു. ഇരകൾ വേട്ടക്കാരുടെ വിധേയരാണ്. തകർന്ന ഫ്യൂഡലിസത്തിന്റെ ജീർണ സംസ്ക്കാരം ആഴത്തിലും പരപ്പിലും ജനങ്ങൾ അംഗീകരിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കയാണ്.

സാംസ്ക്കാരിക പ്രയോഗത്തിലൂടെ മനുഷ്യരെ ഏതവസ്ഥയിലേക്കും എത്തിക്കാം എന്നതിന്റെ പ്രധാന ഉദാഹരണമാണ് "ബ്ലൂവേയിൽ ഗയിം". വർണവും താളവും നൃത്ത ശബ്ദ ആവിഷ്കാരങ്ങളും (ഉദാ.കരിസ്മാറ്റിക്ക് ധ്യാനം, പ്രാർത്ഥനാ ചികിൽസ, തിറ, പൂക്കലശം, കോമരം, ഭക്തിഗാനം....കൊണ്ട് മനുഷ്യരെ അവരുടെ അടിസ്ഥാന പ്രശ്നങ്ങളിൽനിന്നും മാറ്റിനിർത്തുകയാണ്. ഇതിനുപുറമെയാണ് മതങ്ങളുടെയും മനുഷ്യദൈവങ്ങളുടെയും പ്രയോഗങ്ങൾ.

സിപിഐ, സിപിഎം പോലുള്ള പാർട്ടികൾ മാർക്സിയൻ പ്രാപഞ്ചിക വീക്ഷണത്തിനു പകരം ഇന്ത്യൻ പുരാണങ്ങളും (ബ്രാഹ്മണവിശ്വാസവുമാണ് പ്രചരിപ്പിക്കുന്നതും അംഗീകരിക്കുന്നതും. ആചാര സംരക്ഷണത്തിലൂ



ടെ തുറന്ന കോർപ്പറേറ്റ് മതവാദ ഫാസിസത്തിന് അവർ കളമൊരുക്കിക്കൊണ്ടിരിക്കയാണ്. അവരുടെ അണികൾ ന്യായീകരണ തൊഴിലാളികളും ജനകീയ സമരങ്ങളെ കടന്നാക്രമിക്കുന്ന ഗുണ്ടകളുമായി മാറ്റി എടുത്തുകഴിഞ്ഞു. സംഘടിത തൊഴിലാളിവർഗ്ഗം കോർപ്പറേറ്റുകളുടെ കയ്യിലെ കോടാലി കൈകൾമാത്രമാണിന്ന്. യുവത്വം വിധിവാദത്തിലും മയക്കുമരുന്നുകളിലും അഭിരമിക്കുകയാണ്.

ലോകത്ത് നടന്ന ഏതൊരു പുരോഗമന വികാസപക്രിയയുടെ പിന്നിലും സാംസ്ക്കാരിക പ്രവർത്തനത്തിൻറെ സജീവ സാന്നിധ്യം കാണും. 1957 കേരളത്തിൽ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിൽ വന്നതുമായി ബന്ധപ്പെട്ടു CIA യുടെയും മറ്റും നേതൃത്വത്തിൽ നൂറുകണക്കിന് പഠനങ്ങൾ നടന്നതിൽ അവർ കണ്ടെത്തിയത് KPAC യുടെയും നാടൻ കലാസമിതികളുടെയും പ്രവർത്തനം നിർണായക പങ്കുവഹിച്ചു എന്നതായിരുന്നു. പിൽകാലത്ത് നാടൻ കലാസമിതികൾ പിൻതിരിപ്പൻ കലകൾ അവതരിപ്പിക്കുന്ന ഫണ്ടിങ് ഏജൻസികളായി മാറ്റപ്പെടുകയുമാണുണ്ടായത്. ദൂരദർശൻ സംപ്രേക്ഷണം ചെയ്ത മഹാഭാരത സീരിയലും, കേരളത്തിലെ സ്വാമി അയ്യപ്പൻ സിനിമയും ജനങ്ങളെ അന്ധവിശ്വാസത്തിൽ തള്ളിവിടുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. ഇന്ന് റുപ്പർമാർഡേക്കും മറ്റും ദൃശ്യ ശ്രാവ്യത; മാധ്യമങ്ങളും പിൻതിരിപ്പൻ സീരിയലുകളുമുപയോഗിച്ച് ഇതേ പ്രയോഗമാണ് നടത്തിവരുന്നത്. ഉണർത്തുപാട്ടും ജനകീയ പുരോഗമന കലയും എവിടെയും കാണാനില്ല. മണി പ്രവാളസാഹിത്യത്തിലൂടെ മലയാളത്തിൽ സംസ്കൃതം കടത്തിവിട്ടതും, ബംഗാളി ബാബുമാരിലൂടെ ഇംഗ്ലീഷിന് മാന്യത വരുത്തിയതുപോലെ സംസ്കൃത വ്യാപനത്തിലൂടെ RSS ആശയം ജനങ്ങളിൽ പ്രചരിപ്പിച്ചുകൊണ്ടിരിക്കയാണ്. മാവോയുടെ അഭിപ്രായത്തിൽ "ചില പ്രത്യേക കാലഘട്ടങ്ങളിൽ മാനസികം ഭൗതികത്തിനു മുകളിൽ ആധിപത്യംനേടും" എന്നത് ഇന്ന് ഇന്ത്യയിൽ ഫലത്തിൽ വന്നിരിക്കയാണോ എന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്. മുഖ്യ വൈരുദ്ധ്യത്തെയും പ്രധാന വൈരുദ്ധ്യങ്ങളെയും കണ്ടെത്തുന്ന വസ്തുത – വിചിന്തന മാർഗ്ഗം അതിനായി ഉപയോഗിക്കണം. ഇന്ന് കോർപ്പറേറ്റ് മനുവാദഫാസിസ്റ്റ് സംസ്കാരവും ജനകീയ പൂരോഗമന സംസ്കാരവും തമ്മിലുള്ള വൈരുദ്ധ്യം ഒരു പ്രധാന വൈരുദ്ധ്യമായി മാറിക്കഴിഞ്ഞു എന്നത് ഒരു വസ്തുതയാണ്. സാംസ്കാരിക മേഖലയിലെ പ്രവർത്തനത്തിന് ശക്തി ലഭിക്കണമെങ്കിൽ ഈ വൈരുദ്ധ്യത്തെ പ്രധാന വൈരുദ്ധ്യമായി അംഗീകരിക്കേണ്ടതുണ്ട്. കൂടെ പരിശോധിക്കപ്പെടേണ്ട കാര്യങ്ങളാണ് ശാസ്ത്ര സാങ്കേതിക മേഖലകളിൽ കുറച്ചുകാലമായി ആവിഷ്ക്കരിക്കപ്പെട്ട് പുത്തൻ ശാസ്ത്രീയ രീതികൾ, ടിഷ്യൂ കൾചർ, ക്ലോണിങ്, അന്തകവിത്ത്, ബ്രോയിലർ കോഴി തുടങ്ങിയ ഒട്ടനവധി മേഖലകളിൽ ശാസ്ത്രം പരമ്പരാഗത രീതിവിട്ട് പദാർത്ഥത്തിന്റെ – വസ്തുക്കളുടെ ആന്തരിക ശ്രോതസ്സിൽ ആണ് പ്രയോഗം നടത്തുന്നത്. എങ്കിൽ എന്തുകൊണ്ട് സമൂഹത്തിൽ വിപ്ലവത്തിനുവേണ്ടി ഈ രീതി അവലംഭിച്ചുകൂടാ. പഠനവിഷയമാക്കേണ്ടതായി കരുതുകയാണ്. ഈ കുറിപ്പ് ചർച്ചകൾക്കായി സഖാക്കളുടെ മുൻപിൽ സമർപ്പിക്കുന്നു.

■

# അബ്ദുൽ നാസർ മഅദനിയുടെ ജീവൻ രക്ഷിക്കാൻ കേരള സർക്കാർ അടിയന്തിരമായി ഇടപെടുക

രണ്ട് പതിറ്റാണ്ടിലധികമായി ഭരണകൂടങ്ങൾ കള്ളക്കേസിൽ കുരുക്കി വേട്ടയാടുന്ന ഇസ്ലാമിക പണ്ഡിതനും രാഷ്ട്രീയ സാമൂഹിക നേതാവുമായ അബ്ദുൽ നാസർ മഅദനിയുടെ ആരോഗ്യ സ്ഥിതി നിലവിൽ ആശങ്കാജനകം ആണെന്നാണ് അദ്ദേഹത്തെ പരിശോധിച്ച ഡോക്ടർമാർ പറയുന്നത്. നീണ്ട ജയിൽ വാസത്തിന്റെ ഭാഗമായി കൃത്യമായ ചികിത്സ കിട്ടാത്തത് കൊണ്ട് നിരവധി രോഗങ്ങൾ ആദ്യമേ അലട്ടുന്ന മഅദനി നിലവിൽ സ്ട്രോക്കിന്റെ ലക്ഷണങ്ങൾ കൂടി കാണിക്കുന്നു എന്നാണ് വിശദ പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളത്. ഒരു അടിയന്തിര ശസ്ത്രക്രിയ വേണമെന്നാണ് ഡോക്ടർമാരുടെ നിർദ്ദേശം, അല്ലാത്ത പക്ഷം ശരീരം തീർത്തും നിശ്ചലമായി പോവുമെന്ന മുന്നറിയിപ്പ് കൂടി പരിശോധിച്ച ഒന്നിലധികം ഡോക്ടർമാർ ചൂണ്ടിക്കാണിക്കുന്നതായി അദ്ദേഹത്തിന്റെ ബന്ധുക്കൾ പറയുന്നു. കടുത്ത പ്രമേഹവും വൃക്ക സംബന്ധമായ ബുദ്ധിമുട്ടുകളും ഉള്ളത് കൊണ്ട് സർജറിക്ക് വിധേയമാകണമെങ്കിൽ വിവിധ മേഖലകളിലുള്ള ഉന്നത മെഡിക്കൽ സംഘത്തിന്റെ നിരീക്ഷണം അനിവാര്യമാണ്. ബാംഗ്ലൂരിൽ അനുകൂല സാഹചര്യങ്ങളല്ല നിലവിലുള്ളതെന്നും സുരക്ഷാ വിഷയങ്ങൾ ഉയർത്തി പലപ്പോഴും ലഭിക്കേണ്ട ചികിത്സ പോലും നിഷേധിക്കുന്ന സാഹചര്യങ്ങൾ ഉണ്ടെന്നും സഹപ്രവർത്തകർ ആരോപിക്കുന്നു. പക്ഷാഘാതത്തിന്റെ ആദ്യ ലക്ഷണങ്ങൾ ഒരു വർഷം മുൻപ് പ്രകടമായപ്പോൾ ചികിത്സ തുടർച്ചയായി ലഭിക്കാത്തത് കൊണ്ടാണ് ഇപ്പോൾ അസുഖം ഗുരുതരാവസ്ഥയിലെത്തിയത്.

ഈ അവസ്ഥയിൽ മാനുഷിക പരിഗണനകൾ അടിസ്ഥാനമാക്കി മദനിക്ക് ബംഗ്ലൂർ നഗരപരിധിയിൽ നിന്ന് പുറത്ത് വരാനുള്ള ജാമ്യം അനുവദിക്കണമെന്നും വിദഗ്ധ ചികിത്സ ലഭ്യമാക്കണമെന്നും അദ്ദേഹത്തിന്റെ ജീവൻ രക്ഷിക്കാൻ കേരള സർക്കാർ ഇടപെടണമെന്നും ആവശ്യപ്പെട്ട് കുടുംബവും മനുഷ്യാവകാശപ്രവർത്തകരും മുഖ്യമന്ത്രിക്ക് നിവേദനം നൽകുകയും ചെയ്തു. കടുത്ത ജാമ്യ ഉപാധികൾ കാരണം ബാംഗ്ലൂരിൽ വിദഗ്ദ്ധ ചികിത്സ ലഭ്യമാകുന്നില്ല. കേരള സർക്കാർ സുപ്രീം കോടതിയിൽ കക്ഷി ചേരുകയും കേരളത്തിലെത്തിച്ച് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കാൻ അടിയന്തിര ഇടപെടൽ നടത്തുകയും ചെയ്യണമെന്നാണ് ആവശ്യം. മഅ്ദനിയെ പ്രതിചേർത്തിട്ടുള്ള കേസിന്റെ വിചാരണ പ്രത്യേക കോടതിയിൽ ഒച്ചിഴയുന്ന വേഗതയിലാണ് നീങ്ങുന്നത്. നിരപരാധിയെന്ന് അന്വേഷണ ഏജൻസികൾക്ക് ബോധ്യമുള്ള കേസിൽ കേസ് നടപടികൾ വൈകിപ്പിച്ചും ചികിത്സ നിഷേധിച്ചും മഅ്ദനിയുടെ ജീവൻ നഷ്ടപ്പെടുത്താനാണ് കർണാടക സർക്കാരും അന്വേഷണ ഏജൻസികളും ശ്രമിച്ചുകൊണ്ടിരിക്കുന്നതെന്നാണ് ആരോപണം.

2008ൽ ബംഗളുരുവിൽ നടന്ന ഏഴ് സ്ഫോടനങ്ങളിൽ രണ്ട് പേർ മരിച്ചു. ഇതിന്റെ കുറ്റപത്രം സമർപ്പിക്കുമ്പോൾ ആദ്യ രണ്ട് തവണയും മഅദനിയുടെ പേരില്ലായിരുന്നു. മൂന്നാമത്തെ കുറ്റപത്രത്തിൽ പക്ഷെ അത് ഇടം പിടിച്ചു. കുടകിൽ പോയി സ്ഫോടനത്തിനായി മദനി ക്യാമ്പ് നടത്തിയത്രെ. അക്കാലയളവിലെല്ലാം മദനി 24 മണിക്കൂറും പോലീസ് വലയത്തിലായിരുന്നു എന്നതുപോലും സൗകര്യപൂർവ്വം വിസ്മരിച്ചാണ് ഈ പ്രതി ചേർക്കൽ നടന്നത്.

നീതിനിഷേധത്തിന്റെ, ഭരണകൂട ഭീകരതയുടെ, ഭീകരവാദത്തിന്റെ പേരിൽ പീഡനമനുഭവിക്കപ്പെടുന്ന നിരപരാധികളായ നൂറു കണക്കിനാളുകളുടെ പ്രതീകമാണ് ഇന്ന് മദനി. മോദി സർക്കാർ അധികാരത്തിൽ വന്ന ശേഷം അത്തരത്തിലുള്ളവരുടെ എണ്ണം ഒരുപാട് വർദ്ധിച്ചു. ഗുജറാത്ത്, മുബൈ, മുസാഫർ നഗർ, കാണ്ടമാൽ പോലുള്ളയിടങ്ങളിൽ നടന്ന ഭയാനകമായ വംശീയകൊലകൾക്കു കാരണക്കാരെന്നു തെളിഞ്ഞവർ പോലും അനുഭവിക്കാത്ത ശിക്ഷയാണ് മദനി അനുഭവിക്കുന്നത്.

നേരത്തെ മദനിയുടെ കേസിന്റെ വിചാരണ നീളുന്നതിൽ സുപ്രീംകോടതി ആശങ്ക പ്രകടിപ്പിച്ചിരുന്നു. എന്നാൽ പിന്നീട് അതേ കുറിച്ചൊന്നും കേട്ടില്ല. കേസ് പതിവുപോലെ ഇഴയുകയാണ്. കോയമ്പത്തൂരിലുണ്ടായപോലെ അവസാനം നിരപരാധിയെന്നു കണ്ട് വിട്ടയക്കുമായിരിക്കും.

കോയമ്പത്തൂർ സ്ഫോടനക്കേസുകളിൽ കുറ്റാരോപിതനായി വർഷങ്ങളോളം ജയിലിൽ കിടന്ന മദനി കേരളത്തിലെത്തിയശേഷം തന്റെ മുൻകാല പ്രസംഗങ്ങളിൽ സമൂഹത്തോട് ക്ഷമ ചോദിച്ചിരുന്നു. പഴയ ഒരു പ്രസംഗത്തിന്റെ പേരിൽ മദനിയെ കുടുക്കി തമിഴ് നാട് പോലീസിനു കൈമാറുകും അത് ഭരണനേട്ടമായി ആഘോഷിക്കുകയും ചെയ്ത നായനാരുടെ നടപടിയും മറക്കാൻ പാ

ടില്ലാത്തതാണ്.

2019ൽ ഒരു പ്രസ്താവനയിലൂടെ മദനി താൻ നേരിടുന്ന ദുരവസ്ഥ ലോകത്തെ അറിയിച്ചിരുന്നു. എന്തായാലും മഅ്ദനിയുടെ ആരോഗ്യാവസ്ഥ ബോധ്യപ്പെടാൻ കേരള സർക്കാരിന്റെ ഔദ്യോഗിക മെഡിക്കൽ സംഘത്തെ അയക്കണമെന്നും കേരളത്തിലെത്തിച്ച് ചികിത്സ ഉറപ്പാക്കണമെന്നും ആവശ്യപ്പെട്ട് പ്രക്ഷോഭങ്ങൾ ആരംഭിക്കാനാണ് മനുഷ്യാവകാശപ്രവർത്തകരുടെ തീരുമാനം. അതിൽ സഹകരിക്കേണ്ടത് ഓരോ ജനാധിപത്യ മതതരവാദികളുടേയും രാഷ്ട്രീയ കടമയാണ്.

വയോധികനായ സ്റ്റാൻ സാമിക്ക് ഭരണകൂടം ജയിലറക്കുള്ളിൽ ദയാവധം നൽകുംപോലെ ചികിത്സ നിഷേധിച്ച്, ജീവജലമിറക്കാൻ പോലും അനുവദിക്കാതെ കൊല ചെയ്തതുപോലെ മദനിയെ ദയാവധത്തിന് വിധേയമാക്കാതെ ജീവൻ രക്ഷിക്കാൻ അടിയന്തിര ഇടപെടൽ നടത്തണമെന്നാവശ്യപ്പെടുന്നു.



# നീതി നിഷേധിക്കപ്പെട്ട വാല്മീകി പെൺകുട്ടി

2020 സെപ്റ്റംബർ 14ന് സന്ദിപ്, രാമു, ലവകുശ, രവി എന്നീ നാല് സമ്പന്ന സവർണ ഹിന്ദു യുവാക്കൾ 19 വയസ്സുള്ള വാല്മീകി സമുദായത്തിൽ പെട്ട ദളിത് പെൺകുട്ടിയെ ക്രൂരമായ ബലാൽസംഗത്തിന് ഇരയാക്കി എന്നാണ് കുപ്രസിദ്ധമായ ഹത്രസ് കേസ്. വളർത്തു മൃഗങ്ങൾക്കുള്ള തീറ്റ ശേഖരിക്കാൻ പോയ സമയത്താണ് കുട്ടിയെ മൃഗീയമായി പീഡിപ്പിച്ചത്. ബലാൽസംഗത്തിന് ഇരയായ പെൺകുട്ടിയുടെ നട്ടെല്ല് പ്രതികൾ കല്ല് കൊണ്ട് ഇടിച്ചു തകർക്കുകയും നാവ് മുറിച്ചെടുക്കുകയും ചെയ്യുന്നു. പരിസരത്ത് ഉണ്ടായിരുന്ന കേൾവിക്കുറവുള്ള അമ്മക്ക് മകളുടെ കരച്ചിൽ കേൾക്കാനും സാധിച്ചില്ല.

ദരിദ്ര ദളിത് കുടുംബമായ കുട്ടിയുടെ കുടുംബാംഗങ്ങൾ ഹിന്ദുത്വവാദികളുടെ ഭീഷണി വക വെക്കാതെ പോലീസിൽ അറിയിച്ചെങ്കിലും കേസെടുക്കാൻ അവർ തയ്യാറായില്ല. പിന്നീട്, ക്രൂരത സമൂഹം അറിയുകയും അവർ ഏറ്റെടുക്കുകയും ചെയ്ത ശേഷം അഥവാ ആറു ദിവസങ്ങൾക്ക് ശേഷം 2020 സെപ്റ്റംബർ 20നാണ് പോലീസ് കേസെടുക്കുന്നത്. പിന്നെയും രണ്ടു ദിവസങ്ങൾക്ക് ശേഷം, സെപ്റ്റംബർ 22 നാണ് കുട്ടിയുടെ മൊഴി എടുക്കുന്നത്.

കേസെടുത്ത സംഘപരിവാർ പോലീസ് അന്വേഷണത്തിന് പകരം തെളിവ് നശിപ്പിക്കാനാണ് ശ്രമിച്ചത്. പീഡനം നടന്നതിനുള്ള ബീജ പരിശോധന സമയം വൈകിച്ചു തെളിവുകൾ പൂർണമായും നശിപ്പിച്ച് പെൺകുട്ടിയെ മരണത്തിന് വിട്ടുകൊടുത്തു. കുടുംബത്തെ പൂട്ടിയിട്ട പോലീസ് ജഢശരീരം പോലും മാതാപിതാക്കളെ കാണിക്കാതെ അർദ്ധരാത്രിയിൽ പെട്രോളൊഴിച്ചു കത്തിച്ച് തെളിവുകൾ ചാരമാക്കി വാല്മീകി സമുദായത്തിൽ പെട്ട പെൺകുട്ടിയുടെ ബലാത്സംഗ കൊലയ്ക്കെതിരെ രാജ്യവ്യാപക പ്രതിഷേധം ഉയർന്നതിനെ തുടർന്ന് കേസെടുക്കാൻ സവർണ്ണ സർക്കാർ നിർബന്ധിതമായി. എന്നാലിപ്പോൾ കൊലയാളികളെ വെറുതെവിട്ടുകൊണ്ട് നീതിപീഠം മനുസ്മൃതിക്കുമേൽ തപസ്സനുഷ്ഠിക്കുന്നു. സ്ത്രീത്വത്തെ അംഗീകരിക്കാത്ത മനുശാസനങ്ങൾക്കെതിരെ ജനാധിപത്യവിശ്വാസികൾ നീതിക്കു വേണ്ടി തെരുവിലിറങ്ങണം

# വർഗീസ് രക്തസാക്ഷി അനുസ്മരണം മാനന്തവാടിയിൽ നടന്നു

മാനന്തവാടി: മനുവാദത്തിലധിഷ്ഠിതമായ ഭരണക്രമം ഉണ്ടാക്കാൻ നീതിന്യായ സംവിധാനങ്ങളെ മാറ്റി തീർക്കുകയാണ് മോദി സർക്കാരെന്ന് സി.പി.ഐ (എംഎൽ) റെഡ്സ്റ്റാർ ജനറൽ സെക്രട്ടറി ഡോ: പി.ജെ.ജെയിംസ് അഭിപ്രായപ്പെട്ടു. ഫാസിസമാണ് ഇന്ന് അധികാരം പിടിച്ചിരിക്കുന്നത്. സി.പി.എം - സി.പി.ഐ പാർട്ടികൾ ഇന്ത്യയിൽ ഫാസിസം വന്നിട്ടില്ലെന്നാണ് പറയുന്നത്. അവരുടെ കഴിഞ്ഞ പാർട്ടി കോൺഗ്രസ് രേഖകൾ ഇന്ത്യൻ യാഥാർത്ഥ്യങ്ങളെ അവഗണിക്കുന്ന ഒന്നാണ്. ഫാസിസത്തിന്നെതിരെ ശക്തമായ ജനകീയ ജനാധിപത്യ നിരയെ ഉയർത്തി കൊണ്ടു വരണം. മോദിയുടെ സാമ്പത്തിക, സൈനിക നയങ്ങളാണ് പിണറായി സർക്കാർ നടപ്പാക്കുന്നത്. കേരളത്തിൽ യു.എ.പി.എ നടപ്പാക്കിക്കൊണ്ട്

പിണറായി സർക്കാർ ചെറുപ്പക്കാരെ വേട്ടയാടുകയാണ്, ജെയിംസ് വിശദമാക്കി. സവർണ്ണ സംവരണ ബിൽ പാസാക്കിയ ഒരു സർക്കാറിന്റെ കാലത്ത് ഇവിടെ മധുമാരും വിശ്വനാഥന്മാരും സൃഷ്ടിക്കപ്പെട്ടു കൊണ്ടിരിക്കുന്നതിൽ അത്ഭുതമില്ല എന്ന് സ: പി.ജെ ജയിംസ് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

സ: വർഗ്ഗീസിന്റെ രക്തസാക്ഷിത്വത്തിന്റെ 53-ാമത് വാർഷികം ആചരിക്കുന്നതിന്റെ ഭാഗമായി മാനന്തവാടിയിൽ നടന്ന അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പൊതുയോഗത്തിൽ ജില്ലാ സെക്രട്ടറി കെ.വി. പ്രകാശ് അദ്ധ്യക്ഷത വഹിച്ചു. കൾച്ചറൽ ഫോറം അഖിലേന്ത്യാ ജോ. സെക്രട്ടറി സ: വേണുഗോപാൽ കുനിയിൽ, സഖാക്കൾ വി.എ. ബാലകൃഷ്ണൻ, എം.കെ.ഷിബു, കെ.ജി. മനോഹരൻ, ബിജി ലാലിച്ചൻ തുടങ്ങിയവർ സംസാരിച്ചു. സ: കെ.ആർ. അശോകൻ സ്വാഗതമാശംസിച്ചു. മാനന്തവാടി ടൗണിൽ പ്രവർത്തകർ പ്രകടനം നടത്തി. സഖാക്കൾ കെ. നസീറുദ്ധീൻ, ബിജി ലാലിച്ചൻ , കെ ജി.മനോഹരൻ , പി.എം. ജോർജ്ജ്, പി.ടി. പ്രേമാനന്ദ്, ബാബു കുറ്റിക്കൈത, തുടങ്ങിയവർ നേതൃത്വം നൽകി.

---

# ഫാസിസത്തിനെതിരെ ജനാധിപത്യ ശക്തികളുടെ ഐക്യം അനിവാര്യം: കെ.എൻ. രാമചന്ദ്രൻ

ആർ.എസ്.എസ്. നേതൃത്വത്തിൽ രാജ്യത്ത് ശക്തിപ്പെടുന്ന നവ ഫാസിസത്തിനെതിരെ പുരോഗമന - ജനാധിപത്യ ശക്തികളുടെ ഐക്യം അനിവാര്യമാണെന്നും വരാനിരിക്കുന്ന സംസ്ഥാന നിയമസഭ തെരഞ്ഞെടുപ്പുകളിലും 2024ലെ ലോകസഭാ തെരഞ്ഞെടുപ്പിലും ബി.ജെ.പി.യെ അധികാരത്തിൽ നിന്നും പുറംന്തള്ളാൻ ജനകീയ ശക്തിയെ ഒന്നിപ്പിക്കാനുള്ള ഉത്തരവാദിത്വം ജനാധിപത്യ ശക്തികൾക്ക് ഉണ്ടന്നും അദ്ദേഹം പറഞ്ഞു .

അടിയന്തിരാവസ്ഥ രക്തസാക്ഷി വർക്കല വിജയൻ അനുസ്മരണ ദിനത്തിൽ ആർ.എസ്സ്.എസ്സ് നവ ഫാസിസത്തിനെതിരായ സമരത്തിന്റെ വർത്തമാന പ്രസക്തി, എന്ന വിഷയത്തെ അധികരിച്ച് തിരുവനന്തപുരം പ്രസ്സ് ക്ലബ്ബ് ഹാളിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

മനുഷ്യരെയും പ്രകൃതി വിഭവങ്ങളെയും കൊള്ള ചെയ്യാൻ കോർപ്പറേറ്റ് കൾക്ക് എല്ലാ അധികാരങ്ങളും നൽകുന്ന മോഡി സർക്കാർ രാജ്യത്ത അപകടത്തിലേക്കാണ് നയിക്കുന്നത്.. ന്യൂനപക്ഷ മത വിഭാഗങ്ങൾക്കും സ്ത്രീകൾക്കും ,ദലിത് - ആദിവാസി ജനവിഭാഗങ്ങൾക്കും ഫാസിസ്റ്റ് ശക്തികളിൽ നിന്ന് ശക്തമായ അടിച്ചമർത്തലുകളെയാണ് നേരിടേണ്ടിവരുന്നത്. ജനകീയ പ്രതിരോധം വികസിപ്പിച്ചു കൊണ്ടു മാത്രമെ ഈ ജവിരുദ്ധ ശക്തികളിൽ നിന്നും ജനങ്ങളെ മോചനം സാദ്ധ്യമാകു . അദ്ദേഹം തുടർന്നു പറഞ്ഞു.

സി.പി ഐ (എം എൽ )റെഡ് സ്റ്റാർ നേതൃത്വത്തിൽ വർക്കല രക്തസാക്ഷി നഗറിൽ രക്തസാക്ഷി അനുസ്മരണവും പതാക ഉയർത്തലും നടന്നു.

പ്രസ്സ് ക്ലബ് ഹാളിൽ നടന്ന യോഗത്തിൽ സ. അഖിൽ തിരുവനന്തപുരം സ്വാഗതം പറഞ്ഞു എം.പി. കുഞ്ഞിക്കണാരൻ അദ്ധ്യക്ഷനായി. സിപിഐ(എംഎൽ) റെഡ്സ്റ്റാർ സംസ്ഥാന കSസിക്യൂട്ടീവ് അംഗം സഖാവ് രാജേഷ് അപ്പാട്ട്, സദാശിവൻ മാസ്റ്റർ, സുനിൽ മാസ്റ്റർ , എ കെ ഗോപാലൻ തുടങ്ങിയവർ സംസാരിച്ചു.